"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5:14 – 16)

## സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

### പാലാ രൂപതാ ബുള്ളറ്റിൻ

Vol. LX | JANUARY 2010 | No. 1




## ഉൾത്താളുകളിൽ...


| | |
|---|---|
| ദേവാലയഘടനയും... | 5 |
| വിയാനി ചിന്തകൾ | 19 |
| സർക്കുലർ | 22 |
| സഭൈക്യവാരാചരണം | 23 |
| കെ.സി.ബി.സി. നിർദ്ദേശം | 24 |
| അറിയിപ്പ് | 27 |
| കാർഷികദിനം | 28 |
| മദ്യവിരുദ്ധഞായർ | 32 |
| മിഷൻ ഞായർ | 37 |
| പൗരോഹിത്യ ചിന്തകൾ | 38 |
| വൈദികരുടെ ശ്രദ്ധയ്ക്ക് | 43 |
| എഞ്ചിനീയറിംഗ് സ്കോളർഷിപ്പ് | 44 |
| കളക്ഷൻ ലിസ്റ്റ് | 46 |
| വാർത്തകൾ | 53 |
| പാവനസ്മരണ | 69 |
| നിര്യാതയായി | 71 |
| Diary | 73 |
| Prayer day | 80 |
| Bishop’s Engagements | 81 |

# ദൈവാലയത്തിൻ ഘടനയും വി. കുർബാനയുടെ അർത്ഥവും

*ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്*

## ഒരുക്കശുശ്രൂഷ

വിശുദ്ധ കുർബാനയിൽ വചനശുശ്രൂഷയ്ക്കും അനാഫൊറായ്ക്കും ഇടയ്ക്കുള്ള ഭാഗമാണിത്. ബലിവസ്തുക്കൾ സജ്ജീകരിച്ചിരിക്കുന്നതും കുർബാനയ്ക്കുശേഷം തിരുപ്പാത്രങ്ങൾ വെടിപ്പാക്കുന്നതും ബേസ്ഗസ്സാ (House of Treasures) കളിലാണ്. ബലിപീഠം ബലിക്കു മാത്രമുള്ള സ്ഥലമാണ്. അവിടെ വച്ച് ബലിവസ്തുക്കൾ ഒരുക്കരുത്. ബലിവസ്തുക്കൾ ബലിപീഠത്തിലേക്ക് സംവഹിക്കുന്ന പ്രദക്ഷിണത്തിന്റെ പ്രതീകാത്മക അർത്ഥം, ബലിപീഠത്തിൽ വച്ച് ബലിവസ്തുക്കൾ ഒരുക്കിയാൽ, നഷ്ടമാകും. വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമായ അനാഫൊറായുടെ അടുത്ത ഒരുക്കമാണിത്. ദ്രവ്യപരമായ ഒരുക്കം, ആത്മീയമായ ഒരുക്കം എന്നീ രണ്ടു ഘടകങ്ങൾ ഈ ഭാഗത്തുണ്ട്.

**ദ്രവ്യപരമായ ഒരുക്കം**

1) കാസായും പീലാസായും ഒരുക്കുന്നത്.
2) അൾത്താരയിലേക്ക് സംവഹിക്കുന്നത്.
3) അൾത്താരയിൽ സ്ഥാപിക്കുന്നത്.
4) ശോശപ്പകൊണ്ട് മൂടുന്നത്.

**ആത്മീയമായ ഒരുക്കം**

1) കൈ കഴുകൽ
2) ദിവ്യരഹസ്യഗീതം
3) വിശ്വാസപ്രമാണം
4) ശുശ്രൂഷിയുടെ കാറോസൂസ
5) സമാധാനാശംസ

### 1. കാസായും പീലാസായും ഒരുക്കുന്നത്

കാസായും പീലാസായും ധൂപിച്ച് പരിശുദ്ധത്രിത്വത്തിന് സമർപ്പിക്കുന്നു. നാം എന്തെങ്കിലും ദൈവത്തിന് സമർപ്പിക്കുമ്പോൾ അത്

അവിടുത്തെ ഉപയോഗത്തിനായി മാറ്റിവയ്ക്കുകയാണ്. ദൈവീകമണ്ഡ ലത്തിൽ അത് സ്ഥാപിക്കപ്പെടുന്നു. ദൈവത്തിന്റേതായിത്തീർന്നു കൊണ്ട് അത് അവിടുത്തെ പരിശുദ്ധിയിൽ പങ്കുപറ്റി പരിശുദ്ധമാകുന്നു.

കാസായിലെ തിരുരക്തവും പീലാസായിലെ അപ്പവും ഈശോ യെയാണ് പ്രതീകവത്കരിക്കുന്നത്. ഭൂതം, വർത്തമാനം, ഭാവി തുട ങ്ങിയ ഭൗതികാശയങ്ങളുടെ വെളിച്ചത്തിൽ കുർബാനയെ വിലയിരു ത്താൻ സാധിക്കുകയില്ല. നമ്മുടെ കർത്താവീശോമിശിഹായുടെ കാസാ യിൽ അവിടുത്തെ അമൂല്യമായ രക്തം ഒഴിക്കപ്പെടുന്നു. "വീഞ്ഞ് കർത്താവിന്റെ രക്തവും വെള്ളം ദൈവജനവുമാകുന്നു. വീഞ്ഞും വെള്ളവും ഒത്തുചേരുന്നതുപോലെ മിശിഹായും ദൈവജനവും ഒന്നു ചേരുന്നു" (വി. സിപ്രിയാൻ). മിശിഹായുടെ പീഡാനുഭവവും മരണവും വഴി മനുഷ്യകുലത്തിന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളുടെയും കൃപ യുടെയും പ്രതീകമായിട്ടാണ് അവിടുത്തെ പാർശ്വത്തിൽ നിന്നു ചൊരിഞ്ഞ രക്തത്തെയും ജലത്തെയും പിതാക്കന്മാർ കണ്ടത്. ബലി വസ്തുക്കൾ മിശിഹായെയും ആരാധനാസമൂഹത്തെയും പ്രതീകവ ത്കരിക്കുന്നു.

പീലാസാ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം കൊണ്ട് റൂശ്മ ചെയ്യപ്പെടുന്നു. പുരോഹിതൻ ആദ്യജാതനെ എടുത്ത് പീലാസായിൽ വയ്ക്കുന്നു. ഇത് ഈശോ പീഡാസഹനത്തിന് ഏൽപ്പി ക്കപ്പെടുന്നതിന്റെ പ്രതീകമാണ് (ലൂക്കാ 2:6, 7; റോമാ. 8:29).

നമ്മൾ ആഘോഷിക്കുന്ന സ്വർഗ്ഗീയയാഥാർത്ഥ്യങ്ങൾ സമയ ത്തിനും കാലത്തിനും അതീതമാണ്. സ്വർഗ്ഗീയയാഥാർത്ഥ്യങ്ങൾ എപ്പോഴും വർത്തമാനകാലത്തിലാണ്.

കാറോസൂസ പ്രാർത്ഥനയ്ക്ക് ഇടയ്ക്കാണ് കാസായും പീലാ സായും ഒരുക്കുന്നത്. കാറോസൂസാ പ്രാർത്ഥനയ്ക്കുശേഷം പുരോ ഹിതൻ ബേമ്മായിൽ കൈവിരിച്ചുപിടിച്ച് പ്രാർത്ഥിക്കുന്നു. ഇത് കുരി ശിൽ കിടന്നുപ്രാർത്ഥിക്കുന്ന ഈശോയെ പ്രതീകവത്കരിക്കുന്നു. ആദം കൈനീട്ടി വിലക്കപ്പെട്ട പഴം പറിച്ചു. രണ്ടാം ആദമായ ഈശോ കുരിശിൽ കൈകൾ വിരിച്ച് പാപത്തിന് പരിഹാരം ചെയ്തു.

വിശ്വാസികളുടെ കുർബാനയ്ക്കുമുമ്പ് മാമ്മോദീസാ സ്വീകരി ക്കാത്തവരെ ആശീർവ്വാദം കൊടുത്ത് പറഞ്ഞയച്ചിരുന്നു. ജ്ഞാനസ്നാ

നാർത്ഥികൾ ഇല്ലാതെ വന്നതോടുകൂടി ആരാധനാസമൂഹത്തിന്റെ മേലുള്ള ആശീർവ്വാദമായി ഇതു മാറി. ഈ ആശീർവ്വാദപ്രാർത്ഥന നമ്മുടെ കർത്താവ് യഹൂദന്മാരാൽ പിടിക്കപ്പെടുന്നതിനുമുമ്പ് ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിച്ചതിനെ പ്രതീകവത്കരിക്കുന്നു. ആരാധനാസമൂഹം ഏകശരീരമായി സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ത്രിത്വൈകദൈവത്തിന് അർപ്പിക്കുന്നതോടുകൂടി കൈവയ്പ് പ്രാർത്ഥന അവസാനിക്കുന്നു.

## 2. കാസായും പീലാസായും അൾത്താരയിലേക്ക് സംവഹിക്കുന്നു

അൾത്താര ഗാഗുൽത്തായുടെയും, കർത്താവിന്റെ കബറിടത്തിന്റെയും, തിരുവുത്ഥാനത്തിന്റെ സ്ഥലത്തിന്റെ, ഉത്ഥിതനായ ഈശോയുടെയും, ദൈവത്തിന്റെ സിംഹാസനത്തിന്റെ, അന്ത്യഅത്താഴമേശയുടെയും, കത്തുന്ന മുൾപ്പടർപ്പിന്റെ, ബലിപീഠത്തിന്റെയുമെല്ലാം പ്രതീകമാണ്. കാസായും പീലാസായും ബേസ്ഗസ്സാകളിൽനിന്ന് അൾത്താരയിലേക്ക് സംവഹിക്കപ്പെടുന്നതിന് പല അർത്ഥങ്ങളുണ്ട്. പ്രധാനമായും ഈശോയുടെ പീഡാനുഭവയാത്രയെയും മൃതസംസ്കാരയാത്രയെയും പ്രതീകവത്കരിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി ഈശോ ബലിയർപ്പിക്കുവാൻ കാൽവരിയിലേക്കു പോകുന്ന ആ പീഡാനുഭവയാത്ര അനുഷ്ഠിക്കുമ്പോൾ ദൈവജനം ഭക്തിയോടുകൂടി നിന്നുകൊണ്ട് പങ്കെടുക്കുന്നു. ഈ പ്രദക്ഷിണത്തെ നർസൈ (Narsai) ഇപ്രകാരം വ്യാഖ്യാനിക്കുന്നു: "നമുക്കുവേണ്ടി മരണത്തിലേക്ക് നയിക്കപ്പെട്ട ഈശോയെ കാണുവാൻ ഈ സമയത്ത് പകയും കോപവും കളഞ്ഞ് നടന്നടുക്കാം. ഡീക്കൻ സംവഹിക്കുന്ന കാസയിലും പീലാസയിലുമായി ഈശോ ഇതാ സഹിക്കുവാൻ പോകുന്നു. അപ്പവും വീഞ്ഞും അവിടുത്തെ മരണത്തിന്റെ പ്രതീകമാണ്." തിയഡോർ പറയുന്നു: "ഒരിക്കൽ പീഡാനുഭവത്തിനായി വലിച്ചിഴക്കപ്പെടുകയും പിന്നീട് നമുക്കുവേണ്ടി അൾത്താരയിൽ ബലിയർപ്പിക്കപ്പെടുകയും ചെയ്ത മിശിഹായെ നമുക്ക് അനുസ്മരിക്കാം. അൾത്താരയിൽ വയ്ക്കപ്പെടുവാൻ പോകുന്ന അർപ്പിതവസ്തുക്കൾ കാസായിലും പീലാസായിലും സജ്ജമാക്കപ്പെടുമ്പോൾ നമ്മുടെ കർത്താവായ മിശിഹാ തന്റെ പീഡാനുഭവത്തിനായി ആനയിക്കപ്പെടുന്നത് നമുക്ക് അനുസ്മരിക്കാം."

ചുരുക്കത്തിൽ അപ്പവും വീഞ്ഞും അൾത്താരയിലേക്ക് കൊണ്ടുപോകുന്നതല്ല ഇവിടുത്തെ ധ്യാനവിഷയം. മിശിഹായുടെ പീഡാനുഭവയാത്രയാണ് അപ്പവും വീഞ്ഞും അൾത്താരയിലേക്ക് സംവഹിക്കുന്നതിലൂടെ ആഘോഷിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നത്. ഈ സന്ദർഭം മുതൽ ദൈവാലയം മിശിഹായുടെ ശവസംസ്കാരത്തിന്റെ രംഗമായി രൂപാന്തരപ്പെടുകയാണ്.

## 3. ബലിവസ്തുക്കൾ അൾത്താരയിൽ സ്ഥാപിക്കപ്പെടുന്നു

ഇരുകരങ്ങളിലായി കുരിശാകൃതിയിൽ കാസായും പീലാസായും ഉയർത്തിപ്പിടിക്കുന്നത് മിശിഹായുടെ കുരിശിലെ ബലിയെ സന്നിഹിതമാക്കുന്നു. അത് ത്രിത്വൈകദൈവത്തിനുള്ള ഏറ്റവും വലിയ സ്തുതിപ്പാണ്, നന്ദിപ്രകാശനമാണ്. ബലിവസ്തുക്കൾ മിശിഹായെയും മിശിഹായുടെ ബലിയെയും മിശിഹായിലൂടെ ലഭിച്ച രക്ഷയെയും മിശിഹായുടെ രക്ഷയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടവരെയും പ്രതീകവത്കരിക്കുന്നു. ബലിവസ്തുവും ബലിവേദിയും ബലി അർപ്പകനും ബലി സ്വീകരിക്കുന്നവനും ഈശോ തന്നെയാണ്. ഈശോയോടു ചേരുന്ന ആരാധനാസമൂഹം ബലിവസ്തുവും ബലിഅർപ്പകരും ബലിവേദിയും ആണ്. വചനമാകുന്ന ഈശോ പൂർത്തിയാക്കിയ രക്ഷാകരപദ്ധതി - മനുഷ്യരക്ഷ - ലോകത്തിന്റെ അവസാനംവരെ എല്ലാവർക്കും ലഭ്യമാക്കുന്നതിന് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചു. വിശുദ്ധ കുർബാനയർപ്പണം കർത്താവിന്റെ രണ്ടാം വരവുവരെയാണ്.

കാഴ്ചസമർപ്പണസമയത്ത് കാർമ്മികൻ പീലാസാകൊണ്ട് മൂന്നു തവണ കാസായിൽ മുട്ടുന്നതിന്റെ പശ്ചാത്തലം യഹൂദജനം പാപപ്പരിഹാരദിനം (യോംകിപ്പൂർ) പ്രായശ്ചിത്തവും ഉപവാസവും അനുഷ്ഠിച്ചുകൊണ്ട് മനംനൊന്തു പ്രാർത്ഥിക്കുന്നതുവഴിയായി സ്വർഗ്ഗകവാടം തുറക്കുവാനായി മുട്ടിവിളിക്കുന്നു എന്നതാണ് സഭ മിശിഹായുടെ ബലി പിതാവിന്റെ സ്മൃതിപഥത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെ കുറവുകൾ ക്ഷമിച്ച് അനുഗ്രഹിക്കണമേ എന്ന് അപേക്ഷിക്കാനാണ്.

## 4. ബലിവസ്തുക്കൾ ശോശപ്പകൊണ്ട് മൂടപ്പെടുന്നു

മിശിഹായുടെ തിരുശരീരം തിരുക്കല്ലറയിൽവെച്ച് മൂടുന്നതിനെ പ്രതീകവത്കരിക്കുന്നു.

ബലിവസ്തുക്കൾ സമർപ്പിക്കപ്പെടുമ്പോൾ രക്ഷാകരസംഭവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന ദിവ്യരഹസ്യങ്ങളുടെ ഗീതം വിശുദ്ധ മാലാഖമാരും നീതിമാന്മാരുടെ ആത്മാക്കളും ചേർന്ന് നമ്മുടെ കർത്താവിനർപ്പിച്ച അവർണ്ണനീയമായ സ്തോത്രഗീതത്തിന്റെ അനുസ്മരണമാണെന്ന് ഗബ്രിയേൽ ഖത്രായ പഠിപ്പിക്കുന്നു.

റാസ കുർബാനയിൽ അനാഫൊറയ്ക്ക് ഒരുക്കമായി കാർമ്മികൻ മുട്ടുകുത്തി ദൈവാലയത്തിൽ വിരിച്ചിരിക്കുന്ന ശോശപ്പയിൽ പന്ത്രണ്ടു പ്രാവശ്യം ചുംബിക്കുന്നു. ഈശോ തന്റെ ബലിയർപ്പണത്തിനു മുമ്പ് അന്ത്യഅത്താഴസമയത്ത് (യോഹ. 13:1-2). ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിചുംബിച്ചതിനെ പ്രതീകവത്കരിക്കുന്നു. പുരോഹിതനു ലഭിച്ചിരിക്കുന്ന ഉന്നതമായ പദവിയും അധികാരവും ത്രിയൈകദൈവത്തിൽനിന്നാണെന്ന് അനുസ്മരിച്ചുകൊണ്ട് അദ്ദേഹം ദൈവത്തിന്റെയും ആരാധനാസമൂഹത്തിന്റെയും മുമ്പിൽ തന്നെത്തന്നെ എളിമപ്പെടുത്തുന്നു. അനാഫൊറയിൽ സംഭവിക്കുന്ന കാര്യങ്ങളും ഈശോ തന്റെ അന്തിമപ്രഭാഷണത്തിൽ നടത്തിയ വാഗ്ദാനവും ഗാനത്തിലൂടെ അനുസ്മരിക്കപ്പെടുന്നു. ഗത്സമെൻ തോട്ടത്തിൽ തന്റെ പീഡാസഹനത്തിന്റെ വേളയിൽ ഈശോയെ ശക്തിപ്പെടുത്തുവാൻ പ്രത്യക്ഷപ്പെട്ട മാലാഖായെപ്പോലെ ഡീക്കന്മാർ മദ്ബഹായിൽനിന്ന് പടിപടിയായി ഇറങ്ങിവരുന്നു. നമ്മെ ശക്തിപ്പെടുത്തുവാൻ മിശിഹാ ലോകാവസാനംവരെ നമ്മോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനവും ഇവിടെ അനുസ്മരിക്കുന്നു.

## ആത്മീയഒരുക്കം

പരിശുദ്ധ കുർബാന യോഗ്യതയോടെ അർപ്പിക്കുവാൻ കാർമ്മികനെയും ദൈവജനത്തെയും ആത്മീയമായി ഒരുക്കുകയാണ് ഈ ഭാഗങ്ങളിലൂടെ.

### a) കൈ കഴുകൽ

ഓനീസാ ദ്റാസേ ആരംഭിക്കുമ്പോഴാണ് കാർമ്മികൻ ബേമ്മയിൽ വച്ച് കൈകഴുകുന്നത്. ആദ്ധ്യാത്മിക ഒരുക്കമെന്ന നിലയിൽ പ്രധാനകാർമ്മികനാണ് കൈകൾ കഴുകേണ്ടത്. പാപമോചനത്തിന്റെ ബാഹ്യമായ അടയാളമാണ് കാർമ്മികന്റെ കൈ കഴുകൽ. ഇത് കാർമ്മികന്റെ മാത്രമല്ല സമൂഹത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിന്റെ

അടയാളമാണ്. തന്റെയും സമൂഹത്തിന്റെയും കടങ്ങളുടെയും പാപ ങ്ങളുടെയും മാലിന്യവും, കറയും ദൈവകാരുണ്യത്തിന്റെ സോപ്പാ കൊണ്ട് ദിവ്യകാരുണ്യത്തിന്റെ സമുദ്രത്തിൽ കഴുകി ഹൃദയത്തെ വിശു ദ്ധീകരിക്കണമേ എന്ന് പുരോഹിതൻ യാചിക്കുന്നു. “പുരോഹിതനും ഈ രഹസ്യങ്ങളെ സമീപിക്കുന്ന എല്ലാവരും തങ്ങളുടെ ഹൃദയത്തിൽ നിന്ന് അവയെക്കുറിച്ചുള്ള സംശയങ്ങളാകുന്ന കറകൾ കഴുകിക്കളയ ണമെന്നും അവർ എല്ലാവരും തിന്മയിൽനിന്നും അസൂയയിൽനിന്നും വിമുക്തരായിരിക്കണമെന്നും ഇത് കാണിക്കുന്നു” (തിമോത്തി II).

**b) വിശ്വാസപ്രമാണം**

വിശ്വാസത്തിന്റെ പ്രഘോഷണവും ആഘോഷവുമാണ് പരിശുദ്ധ കുർബാന. അതുകൊണ്ട് അനാഫൊറയ്ക്കുമുമ്പ് വിശ്വാസപ്രമാണം ചൊല്ലുന്നു. രക്ഷാകരരഹസ്യമാണ് ഇതിന്റെ ഉള്ളടക്കം. ത്രിതൈ്വക ദൈവത്തിലും, സഭയിലും, കൂദാശകളിലും, നിത്യജീവിതത്തിലുമുള്ള വിശ്വാസം ഏറ്റുപറയുന്നു. മനസ്സും ഹൃദയവും അധരങ്ങളും പവിത്രീ കരിക്കുകയാണ് വിശ്വാസപ്രമാണം ചൊല്ലുന്നതിന്റെ ഫലം എന്ന് മോസസ് ബാർകേഫാ പഠിപ്പിക്കുന്നു.

**c) മദ്ബഹാ പ്രവേശനം**

സ്വർഗ്ഗത്തിൽ നിത്യപിതാവിന്റെ വലതുവശത്ത് പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാനായി പ്രവേശിച്ച ബലിവസ്തുവും ബലിയർപ്പകനും ബലി സ്വീകരിക്കുന്നവനുമായ മിശിഹായുടെ പ്രതീകമാണ് പുരോ ഹിതൻ. അദ്ദേഹത്തിന്റെ ഉത്തരവാദിത്വം വലുതാണ്. അതേസമയം തന്നെ അയാൾ സഭാസമൂഹത്തിന്റെ പ്രതിനിധിയും ബലഹീനനും പാപിയുമായ ഒരു മനുഷ്യവ്യക്തിയുമാണ്. അതുകൊണ്ട് പ്രാർത്ഥിച്ചു കൊണ്ട് വിനീതനായി മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരം ചെയ്തു കൊണ്ടാണ് കാർമ്മികൻ മദ്ബഹായിലെ ബലിപീഠത്തെ സമീപിക്കു ന്നത്. ബലിയർപ്പണം കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോച നത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവന്റെയും അനു രഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കും വേണ്ടിയാണ് എന്ന് പുരോഹിതന്റെ പ്രാർത്ഥന നമ്മെ ഓർമ്മിപ്പി ക്കുന്നു. ത്രിതൈ്വകദൈവത്തെ അനുസ്മരിച്ചുകൊണ്ടും അവിടുത്തോ

ടുള്ള സ്തുതിയും സ്നേഹവും നന്ദിയും പ്രകാശിപ്പിച്ചുകൊണ്ടും പുരോഹിതൻ ബലിപീഠത്തെ മൂന്നു പ്രാവശ്യം ചുംബിക്കുന്നു.

**d) ശുശ്രൂഷിയുടെ കാറോസൂസ**

സഭയിലെ ശുശ്രൂഷയുടെ ക്രമത്തിൽ മരിച്ചുപോയവരെ അനുസ്മരിച്ച് പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നത് ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടിയാണ്. ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും സമർപ്പിക്കപ്പെടുന്ന വസ്തുക്കളും, ആളുകളും വിശുദ്ധീകരിക്കപ്പെടുന്നു. ബലിയുടെ ഫലം രക്ഷയും നിത്യജീവനുമാണ്.

**e) സമാധാനാശംസ**

ഉത്ഥാനംചെയ്ത കർത്താവിന്റെ സമാധാനാശംസയുടെ പ്രതിധ്വനി പുരോഹിതനിലൂടെ ആരാധനാസമൂഹം കേൾക്കുന്നു. സമാധാനം നിങ്ങളോടുകൂടെ എന്നുപറഞ്ഞാൽ ഉത്ഥാനം ചെയ്ത ഈശോ നിങ്ങളോടുകൂടെ എന്നത്രെ. ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യവും സമാധാനവും കുരിശിലെ ബലിയുടെ ഫലമാണ്. പുരോഹിതൻ നൽകുന്നത് കുരിശടയാളത്തിൽ, സമൂഹം സമാധാനം സ്വീകരിക്കുന്നതും കുരിശടയാളത്തിൽ. ഈശോ സമാധാനത്തിലേക്ക് നമ്മെ നയിച്ചുകൊണ്ട് സ്വർഗ്ഗീയാനുഭവത്തിന്റെ മുന്നാസ്വാദനം പ്രദാനം ചെയ്യുന്നു. പുരോഹിതരുടെ കരത്താലും ശുശ്രൂഷയാലും ഉത്ഥിതനായ കർത്താവ് ജനങ്ങളിൽ എത്തുന്നു.

## 4. അനാഫൊറ

ഈ ഗ്രീക്കുപദത്തിന്റെ അർത്ഥം ഉയർത്തൽ, സമർപ്പിക്കൽ, കൃതജ്ഞതാസ്തോത്ര പ്രാർത്ഥന എന്നൊക്കെയാണ്. "കൂദാശ" എന്നും ഇത് അറിയപ്പെടുന്നു. കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിശുദ്ധീകരിക്കുന്നത് എന്നാണല്ലോ. അപ്പത്തെയും വീഞ്ഞിനെയും ഈശോയുടെ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുത്തുന്ന പ്രാർത്ഥനകളുടെ സമാഹാരമായതുകൊണ്ട് ഇതിനെ കൂദാശ എന്നുവിളിക്കുന്നു. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ മൂന്ന് അനാഫൊറകളുണ്ട് - ശ്ലീഹന്മാരുടെ അനാഫൊറ, തെയഡോറിന്റെ അനാഫൊറ, നെസ്തോറിയസിന്റെ അനാഫൊറ. തെയഡോറിന്റെ അനാഫൊറ മംഗ

ളവാർത്തക്കാലം മുതൽ ഓശാനഞായർ വരെയും ശ്ലീഹന്മാരുടെ അനാഫൊറ ഉയിർപ്പുമുതൽ മംഗളവാർത്തക്കാലം വരെയുമാണ് ഉപയോഗിക്കുന്നത്. നെസ്തോറിയസിന്റെ അനാഫൊറ അഞ്ചു ദിവസങ്ങളിൽ മാത്രം - ദനഹാത്തിരുനാൾ, യോഹന്നാൻ മാംമ്ദാനയുടെ തിരുനാൾ, ഗ്രീക്ക് പിതാക്കന്മാരുടെ ഓർമ്മ, മൂന്നു നോമ്പിന്റെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച.

ഇപ്പോൾ നമ്മുടെ കുർബാനയിൽ ഉപയോഗിക്കുന്ന അനാഫൊറ അതിപുരാതനമായ ഒരു പ്രാർത്ഥനാവലയമാണ്. ഇത് "ശ്ലീഹന്മാരുടെ അനാഫൊറ" എന്നു വിളിക്കപ്പെടുന്നു. ശ്ലീഹന്മാരുടെ അനാഫൊറ നാലു പ്രണാമജപവൃത്തങ്ങളായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ പ്രണാമജപവൃത്തത്തിലും കാർമ്മികൻ രഹസ്യത്തിൽ ചൊല്ലുന്ന ഒരു സ്വകാര്യപ്രാർത്ഥനയും (കൂശാപ്പ) കാർമ്മികൻ സമൂഹത്തോടു നടത്തുന്ന ഒരു പ്രാർത്ഥനാഭ്യർത്ഥനയുമുണ്ട്. കൂടാതെ കുനിഞ്ഞുനിന്ന് ചൊല്ലുന്ന പ്രണാമജപം (ഗ്ഹാന്ത), അതിന്റെ സമാപനസ്തുതിപ്പ് (കാനോന) ഇവയുമുണ്ട്.

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സ്വർഗ്ഗവാസികളും ഭൂവാസികളും ചേർന്ന് പിതാവായ ദൈവത്തിന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുകയാണ് അനാഫൊറയിലൂടെ. സഭയുടെ പ്രാർത്ഥനയും പ്രവൃത്തിയും മിശിഹാ തന്റെ അർപ്പണത്തോടു ചേർത്ത് പിതാവായ ദൈവത്തിന് സമർപ്പിക്കുന്നു. ദിവ്യരഹസ്യത്തിന്റെ യോഗാത്മക (മിസ്റ്റിക്കൽ) കവിതയായിട്ടാണ് അനാഫൊറ കണക്കാക്കപ്പെടുന്നത്.

**ഒന്നാം പ്രണാമജപം**

ദൈവം മനുഷ്യരിൽ വർഷിച്ച കൃപാവരങ്ങൾക്കുള്ള പൊതുവായ നന്ദിയും ദിവ്യരഹസ്യങ്ങൾ തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യാനുള്ള ശക്തിക്കായുള്ള പ്രാർത്ഥനയമാണ് ഇത്. ദൈവികദാനങ്ങളിൽ ഏറ്റവും വിശിഷ്ടമായത് മിശിഹായുടെ തിരുശരീരരക്തങ്ങളുടെ ദിവ്യരഹസ്യമാണെന്നും അത് അനുഷ്ഠിക്കുവാൻ ദൈവംതന്നെ നമ്മെ ശക്തരാക്കണമെന്നും യാചിക്കുകയും ചെയ്യുന്നു.

**അനുസ്മരണാപ്രാർത്ഥന**

സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള എല്ലാവരും (ജീവന്റെ പുസ്തകം) ഈശോയിൽ അനുസ്മരിക്കപ്പെടുന്നു. എല്ലാവരെയും മിശിഹായിൽ ഒന്നിപ്പിക്കുവാൻ സമൂഹം സ്വീകരിക്കേണ്ട മനോഭാവം (അനുതാപം, വിശുദ്ധി, നന്ദി, ആദരം, നിശബ്ദത, ഏകാഗ്രത, ഭക്തി, വിളിച്ചപേക്ഷിക്കുക, സൂക്ഷിച്ചുവീക്ഷിക്കുക, കണ്ണുകൾ താഴ്ത്തുക, ഹൃദയം ദൈവത്തിൽ ഊന്നുക, ഹൃദയത്തിൽ പ്രാർത്ഥിക്കുക) ശുശ്രൂഷി തന്റെ പ്രാർത്ഥനയിലൂടെ സഭാസമൂഹത്തെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ കുർബാനയിലെ സജീവപങ്കാളിത്തം പ്രധാനമായും ആന്തരികമായ പങ്കാളിത്തമാണ്.

**കൂശാപ്പ**

ജീവനുള്ള സജീവബലി ത്രിത്വത്തിന്റെ ബഹുമാനത്തിനും സഭാശരീരം മുഴുവന്റെയും നന്മയ്ക്കുമായിട്ടാണ്. പുരോഹിതനെ ഈ ബലി അർപ്പിക്കാനായി യോഗ്യനാക്കണമെന്ന് പ്രാർത്ഥിക്കുന്നു.

**ശോശപ്പ രഹസ്യങ്ങളുടെ ചുറ്റും വയ്ക്കുന്നു**

ഇത് കർത്താവിന്റെ തിരുശരീരം പട്ടുവസ്ത്രംകൊണ്ട് പൊതിഞ്ഞതിനെ പ്രതീകവത്കരിക്കുന്നു.

**ധൂപം**

പരിമളതൈലംകൊണ്ട് ഈശോയുടെ തിരുശരീരം പൊതിഞ്ഞതിനെ പ്രതീകവത്കരിക്കുന്നു. ദൈവപ്രസാദത്തിനും ദൈവജനത്തിന്റെ പാപങ്ങളുടെ മോചനത്തിനുമായി ധൂപം അർപ്പിക്കുന്നു.

## രണ്ടാം പ്രണാമജപം

സമാധാനാശംസ മുതൽ ഓശാനഗീതം വരെയുള്ള ഭാഗമാണ് ഈ പ്രണാമജപവൃത്തത്തിലുള്ളത്. പൗലോസ് ശ്ലീഹാ കൊറിന്തോസിലെ സഭാംഗങ്ങൾക്കു നൽകിയ അഭിവാദനത്തിന്റെ (2 Cori. 13:14). പ്രതിദ്ധ്വനി പുരോഹിതൻ ബലിവസ്തുക്കൾ ആശീർവ്വദിക്കുമ്പോൾ നമ്മൾ കേൾക്കുന്നു. നിങ്ങളുടെ വിചാരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയരട്ടെ എന്ന പുരോഹിതന്റെ ആഹ്വാനത്തോടെയാണ് അനാഫൊറ അതിന്റെ പാരമ്യത്തിൽ എത്തുന്നത്. അബ്രാഹത്തിന്റെയും ഇസഹാ

ക്കിന്റെയും യാക്കോബിന്റെയും ദൈവം, എല്ലാവരുടെയും ദൈവം; ആ ദൈവത്തിന്റെ സന്നിധിയിൽ നാം എല്ലാവരും ഒന്നുചേരുന്നു. അബ്രാഹത്തിൽ ആരംഭിച്ച രക്ഷാചരിത്രം സ്വർഗ്ഗത്തിൽ പൂർത്തീകരിക്കപ്പെടുന്നു. ഭൗമികദൈവാലയത്തിലെ ബലിയർപ്പണത്തിൽ അനുസ്മരിക്കുന്ന മിശിഹാരഹസ്യങ്ങൾ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നത് സ്വർഗ്ഗത്തിലാണ്.

**കൂശാപ്പ**

പുരോഹിതന്റെയും ആരാധനാസമൂഹത്തിന്റെയും മനസ്സിനെ ശുദ്ധീകരിക്കണം എന്ന് പുരോഹിതൻ പ്രാർത്ഥിക്കുന്നു. സർവ്വമനുഷ്യരെയും സ്നേഹിക്കാൻ സാധിക്കുന്നവനാണ് സാക്ഷാൽ മിശിഹാശിഷ്യൻ. ദൈവം പ്രസാദിച്ചാലേ, കാരുണ്യം കാണിച്ചാലേ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ മനുഷ്യനു സാധിക്കുകയുള്ളു.

കൂശാപ്പ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പി രണ്ടാം പ്രണാമജപം ചൊല്ലുന്നു. ദൈവത്തിന്റെ അതുല്യപ്രവൃത്തികളായ സൃഷ്ടികർമ്മവും മനുഷ്യരക്ഷയും അനുസ്മരിച്ച് ദൈവം എല്ലാ സമയവും സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യണമെന്ന് പുരോഹിതൻ പ്രാർത്ഥിക്കുന്നു. കുർബാനയെ തിരുനാമകീർത്തനം എന്നു വിശേഷിപ്പിക്കാം. ഈ പ്രണാമജപത്തിലൂടെ പ്രപഞ്ചവും ആരാധനാഗണവും ദൈവത്തിലേക്ക് ആനയിക്കപ്പെടുന്നു. ദിവ്യാനുഭൂതി പകരുന്ന അന്തരീക്ഷം വർണ്ണിക്കുവാൻ മനുഷ്യഭാഷ അപര്യാപ്തമാണ്. അതിനാൽ ആരാധനാസമൂഹം സ്വർഗ്ഗീയഗണങ്ങളോടു ചേർന്ന് ദൈവാരാധനയിൽ പങ്കുചേർന്ന് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ദൈവത്തെ പ്രകീർത്തിക്കുന്നു (ഏശ. 6:2; വെളി. 4:8; മത്താ. 21:9). ദൈവത്വം യഥാർത്ഥമായി പരിശുദ്ധവും വ്യതിയാനരഹിതവുമാണ്. എന്നാൽ സൃഷ്ടികൾ അസ്തിത്വത്തിലെത്തുന്നതും വിശുദ്ധി പ്രാപിക്കുന്നതും ദൈവത്തിൽ നിന്നുള്ള കൃപകൊണ്ടു മാത്രമാണ്. ഓരോ വിശുദ്ധ കുർബാനയിലും സംഭവിക്കുന്നത് കർത്താവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിന്റെ മുന്നാസ്വാദനമാണ്.

സ്വർഗ്ഗീയഗണവും ഭൗമികഗണവും ഒന്നായി ഉച്ചസ്വരത്തിൽ മഹത്വപൂർണ്ണനായി ഉപവിഷ്ടനായിരിക്കുന്ന പ്രവാചകനും, പുരോ

ഹിതനും, രാജാവുമായ ഈശോയുടെ മുൻപിൽ അവിടുത്തെ പരിശുദ്ധിയെ പ്രഘോഷിക്കുമ്പോൾ കാർമ്മികൻ തന്റെ അയോഗ്യത ഏറ്റു പറഞ്ഞുകൊണ്ട് കൂശാപ്പ പ്രാർത്ഥന ചൊല്ലുന്നു.

**കൂശാപ്പ**

ത്രിത്വൈകദൈവത്തിന്റെ രക്ഷാചെയ്തികളുടെ ഏറ്റുപറച്ചിലാണിത്. പരിശുദ്ധ പരമത്രിത്വത്തിന്റെ സന്നിധിയിൽ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ നിയോഗിതനാകുമ്പോൾ മനുഷ്യന് തന്റെ പാപാവസ്ഥയെക്കുറിച്ച് അവബോധം ഉണ്ടാകും. ഏശയ്യായുടെയും യാക്കോബിന്റെയും ദൈവികപരിശുദ്ധിയെക്കുറിച്ചുള്ള ഭീതിയുടെ അനുഭൂതി കാർമ്മികനെ ഗ്രസിക്കുന്നു. സ്വർഗ്ഗവാസികളോട് ഭൂവാസികളെ ഒന്നിപ്പിക്കുന്നു. മാലാഖാമാരെപ്പോലെ ദൈവകീർത്തനം ആലപിക്കുന്നവർ ആകുവാനുള്ള മനുഷ്യരുടെ ദൈവവിളി സാക്ഷാത്കരിക്കുന്നു.

**മൂന്നാം പ്രണാമജപം**

കർത്താവിന്റെ പരിശുദ്ധസാന്നിദ്ധ്യത്തിൽ അവിടുത്തെ ആശീർവ്വാദവും സഹോദരരുടെ പ്രാർത്ഥനകളും യാചിച്ചശേഷം പുരോഹിതൻ മൂന്നാം പ്രണാമജപം ചൊല്ലുന്നു. എല്ലാവരെയും പിതാവിന്റെ സന്നിധിയിലെത്തിച്ച വചനമായ ഈശോമിശിഹായെയും അവിടുത്തെ ശൂന്യവത്കരണത്തെയും കുരിശുമരണത്തെയും പാതാളത്തിലേക്കുള്ള താഴ്ചയേയും ഉത്ഥാനത്തെയും അനുസ്മരിക്കുകയും രക്ഷാകരമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുകയും ചെയ്യുന്നു.

**സ്ഥാപനവാക്യങ്ങൾ**

അന്ത്യഅത്താഴസമയത്ത് ഈശോ അരുളിച്ചെയ്ത വാക്കുകളും അനുഷ്ഠിച്ച കർമ്മങ്ങളും സഭാപാരമ്പര്യത്തിൽനിന്നു സമാഹരിച്ചാണ് വിശുദ്ധ കുർബാനയുടെ സ്ഥാപനം അനുസ്മരിക്കുന്നത്. ഇവിടെ ഈശോയുടെ മരണമാണ് മുഖ്യമായും ഓർമ്മിക്കുന്നത്. പുതിയ ആദമായ ഈശോ പാപികളുടെ പ്രതിനിധിയായി പിതാവിന്റെ സന്നിധിയിലേക്ക് കണ്ണുകൾ ഉയർത്തുന്നു. ഈശോയിൽ കേന്ദ്രീതമായ രക്ഷാകരപദ്ധതിയെ മുഴുവൻ സംഗ്രഹിക്കുന്നതാണ് “എന്റെ ഓർമ്മയ്ക്കായി” എന്നത്. രക്ഷാകരപദ്ധതി മുഴുവൻ ഒറ്റവാക്കിൽ സംഗ്രഹിച്ചതാണ് ഈ ഓർമ്മ.

തുടർന്ന് ചൊല്ലുന്നത് മൂന്നാം പ്രണാമജപത്തിന്റെ രണ്ടാം ഭാഗമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം ഓർമ്മിച്ചുകൊണ്ട് അത് മറികടക്കാൻ ദൈവം ചെയ്ത മഹത്തായ കൃത്യങ്ങൾ ഓരോന്നായി എടുത്തുപറഞ്ഞ് നന്ദി പറയുകയാണ്, ഇവിടെ. ഈശോ മനുഷ്യസ്വഭാവം സ്വീകരിച്ചു, അധഃപതിച്ച നമ്മളെ സമുദ്ധരിച്ചു, മൃതരായ നമ്മളെ ജീവിപ്പിച്ചു, കടങ്ങൾ ക്ഷമിച്ചു, നമ്മെ വിശുദ്ധീകരിച്ചു, ബുദ്ധിയെ പ്രകാശിപ്പിച്ചു, ശത്രുക്കളെ തോൽപ്പിച്ചു, നമ്മുടെ ബലഹീനപ്രകൃതിയെ മഹത്വപ്പെടുത്തി.

ദൈവം ഈശോമിശിഹായിലൂടെ നമ്മുടെമേൽ ചൊരിഞ്ഞ അതിശയകരമായ അനുഗ്രഹങ്ങൾക്ക് "സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും" സമർപ്പിച്ചുകൊണ്ട് മൂന്നാം പ്രണാമജപം അവസാനിക്കുന്നു. ദൈവകാരുണ്യത്തിനുള്ള ഒരു പ്രകീർത്തനമാണ് ഈ പ്രണാമജപം.

തുടർന്ന് ശുശ്രൂഷി വിശുദ്ധരഹസ്യങ്ങളുടെ യോഗ്യത പൂർണ്ണമായ അനുഷ്ഠാനത്തിന് ആരാധനാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. ഭൂവാസികളെ സ്വർഗ്ഗീയരോട് ഒന്നിപ്പിക്കുന്ന പ്രതിഭാസമാണ് കുർബാനയെന്ന് ഇവിടെയും വ്യക്തമാക്കിയിരിക്കുന്നു.

**കാർമ്മികൻ കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്നു**

വിശുദ്ധ കുർബാന മനുഷ്യവർഗ്ഗം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി അർപ്പിക്കപ്പെടുന്നു. ആർക്കെല്ലാംവേണ്ടി ഈ ബലി സ്വീകരിക്കപ്പെടണം എന്നുള്ള അപേക്ഷയാണ് വൈദികൻ നടത്തുന്നത്. ഈ പ്രാർത്ഥന വിശുദ്ധ കുർബാനയുടെ സാർവ്വത്രികമാനം വെളിപ്പെടുത്തുന്നു. വൈദികൻ തന്റെ അയോഗ്യാവസ്ഥയെപ്രതി കാരുണ്യത്തിനായി പ്രാർത്ഥിക്കുന്ന ഒരു തുടർഭാഗവും ഈ പ്രാർത്ഥനയ്ക്കുണ്ട്.

## നാലാം പ്രണാമജപം

എല്ലാ റീത്തിലുമുള്ള കുർബാനക്രമങ്ങളുടെ പ്രധാനഘടകമായ അനുസ്മരണം ഇവിടെ ആചരിക്കുന്നു. രക്ഷാകരചരിത്രത്തിലെ ഏറ്റവും വലിയ സംഭവമായ പെസഹാരഹസ്യം നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും

സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം-അനുസ്മരിപ്പെടുകയും, സ്തുതിക്കപ്പെടുകയും, അനുഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

ഈ പ്രണാമജപം ദീർഘമായ ഒരു പ്രാർത്ഥനയാണ്. ഇത് രണ്ടു ഭാഗമായി തിരിക്കാവുന്നതാണ്. ആദ്യഭാഗത്ത് അർത്ഥനകളാണ്.

1) പരിശുദ്ധ കന്യകാമറിയത്തിന്റെയും പിതാക്കന്മാരുടെയും ഓർമ്മ അൾത്താരയിൽ ഉളവാക്കണമേ.

2) ജീവിതകാലം മുഴുവൻ ശാന്തിയും സമാധാനവും നൽകണമേ.

3) പിതാവിനെയും പുത്രനെയും ഏവരും അറിയട്ടെ.

4) മിശിഹാ തന്റെ സുവിശേഷംവഴി രക്ഷാമാർഗ്ഗം പഠിപ്പിച്ചെന്ന് ഏവരും അറിയട്ടെ.

രണ്ടാം ഭാഗത്ത് ആരാധനാസമൂഹത്തെയും ഈ സമൂഹം എന്തു ചെയ്യുന്നു എന്നതിനെയും അനുസ്മരിക്കുന്നു. ആരാധനാസമൂഹം ഈശോയുടെ നാമത്തിൽ ഈശോയുടെ സന്നിധിയിൽ നിൽക്കുന്നു.

**റൂഹാക്ഷണപ്രാർത്ഥന**

വിശുദ്ധ കുർബാനയിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഭാഗമാണിത്. ഈശോയുടെ ഉത്ഥാനത്തെ ഈ ഭാഗം പ്രതീകവത്കരിക്കുന്നു. പരിശുദ്ധ റൂഹായാലാണ് ഈശോ ഉയിർപ്പിക്കപ്പെട്ടത്. ഈശോയുടെ ഉയിർപ്പുമുതൽ പ്രത്യാഗമനം വരെ രക്ഷാകര പദ്ധതി തുടരുന്നത് പരിശുദ്ധ റൂഹായിലാണ്. സഭ ഒരു അനുസ്യൂത റൂഹാക്ഷണമാണ്. ഈ റൂഹാക്ഷണപ്രാർത്ഥന സഭയുടെ നിലനിൽപ്പിന്റെ നെടുവീർപ്പാണ്. നിരന്തരമായ റൂഹാക്ഷണത്തിന്റെ ശക്തിയിലാണ് സഭ മിശിഹായെ പ്രഘോഷിക്കുന്നതും ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി നിലകൊള്ളുന്നതും. റൂഹാക്ഷണപ്രാർത്ഥനയിൽ കേന്ദ്രീകരിച്ചുള്ളതാണ് നമ്മുടെ ആരാധനക്രമം. പരിശുദ്ധ റൂഹാ നടത്തുന്ന പവിത്രീകരണ കർമ്മമാണ് വിശുദ്ധ കുർബാനയുടെ അന്തർധാരയായി വർത്തിക്കുന്നത്. പരിശുദ്ധാത്മാവ് (ഈശോയുടെ ആത്മാവ്) പവിത്രീകരിക്കുന്ന ആത്മാവാണ്. പരിശുദ്ധിയിലേക്കുള്ള രൂപാന്തരമാണത്. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ കടങ്ങളുടെ പൊറു

തിയും പാപങ്ങളുടെ മോചനവും മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുന്നു.

കൂദാശാകർമ്മം പൂർത്തിയാകുന്നത് റൂഹാക്ഷണത്തിലൂടെയാണ്. നിയമത്തിലും പ്രവാചകരിലും പ്രവർത്തിച്ച അരൂപി ജോർദ്ദാനിൽ പ്രാവിന്റെ രൂപത്തിലും ശ്ലീഹന്മാരിൽ അഗ്നിനാവായും കടന്നുവന്നു വെങ്കിൽ വി. കുർബാനയിൽ അവിടുന്ന് അപ്പത്തെ മിശിഹായുടെ ശരീരമായും കാസായെ അവിടുത്തെ രക്തമായും സഭാസമൂഹത്തെ മിശിഹായുടെ ശരീരമായും രൂപപ്പെടുത്തുന്നു. അരൂപിയാണ് ജീവൻ നൽകുന്നത്. അതുകൊണ്ട് ജീവൻ നൽകുന്നിടത്തെല്ലാം അരൂപിയുടെ പ്രവർത്തനം അവശ്യം ആവശ്യമാണ്.

റൂഹാക്ഷണപ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ ഹൃദയാവർജ്ജകമായ ഒരു കൃതജ്ഞതാപ്രകരണം ചൊല്ലി ബലിപീഠം ചുംബിക്കുന്നു.

**പ്രകീർത്തനഗാനം**

ഒരു കൃതജ്ഞതാപ്രകീർത്തനത്തോടെ അനാഫൊറ പ്രാർത്ഥന സമാപിക്കുന്നു. ദൈവത്തിനുള്ള, ദൈവനാമത്തിനുള്ള മനുഷ്യാത്മാവിന്റെ സമ്പൂർണ്ണാരാധനയുടെ പ്രകരണമാണ് ഈ ഗീതം. വി. കുർബാന വഴി ദൈവമനുഷ്യ ഐക്യം സ്ഥാപിച്ച ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് അനാഫൊറ സമാപിക്കുന്നു.



# വിയാനി ചിന്തകൾ - 6



1. എന്റെ കുഞ്ഞുങ്ങളെ, നമുക്ക് തന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിന്റെ സഹായത്തോടെ നമുക്ക് എല്ലാം ചെയ്യാൻ കഴിയും.
2. ഒരു ദിവസം നമ്മുടെ കർത്താവ് സീയന്നായിലെ വി. കാതറൈനോട് പറഞ്ഞു: "നീ നിന്റെ ഹൃദയത്തിൽ ഒരു ധ്യാനം നടത്തണമെന്നും അവിടെ നീ തനിച്ച് എന്നോടൊപ്പം വരണമെന്നും എന്നോടൊത്ത് സഹവസിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു." നമുക്കും അതു തന്നെ ചെയ്യാം.
3. നന്നായിട്ട് മരിക്കുവാൻ പഠിക്കുവാനായിട്ടാണ് നമുക്ക് ജീവിതം നല്കപ്പെടുന്നത്. എന്നാൽ നമ്മൾ ഒരിക്കൽപ്പോലും ഇതിനെക്കുറിച്ച് ചിന്തിക്കാറില്ല. നന്നായിട്ട് മരിക്കുവാൻ നന്നായിട്ട് ജീവിക്കണം.
4. "ദൈവം എന്നെ കാണുന്നു" എന്ന ചിന്തയുണ്ടെങ്കിൽ നമ്മൾ ഒരിക്കലും പാപം ചെയ്യുകയില്ല.
5. ഓ എന്റെ ദൈവമേ, എല്ലാ മാലാഖമാരും വിശുദ്ധരും ഒന്നിച്ച് ചേർന്നാൽ സ്നേഹിക്കുന്നതിലും കൂടുതൽ അങ്ങയെ സ്നേഹിക്കാൻ ഞാൻ അഭിലഷിക്കുന്നു. അവരോട് ചേർന്ന് ഞാൻ നിന്നെ ആരാധിക്കുന്നു. പരിശുദ്ധ അമ്മ ഭൂമിയിൽ ആയിരുന്നപ്പോൾ നിന്നോടുണ്ടായിരുന്ന സ്നേഹത്തോട് എന്റെ സ്നേഹത്തെ കൂട്ടിചേർക്കുന്നു.
6. തന്റെ നാമം വൃഥാ ഉപയോഗിക്കുന്ന നമ്മോട് ക്ഷമിക്കുവാനായി ഒരു ദൈവകൃപയ്ക്ക് രൂപം നൽകാൻ ദൈവം കടപ്പെട്ടിരിക്കുന്നു എന്നുള്ളതിൽ നമ്മൾ ഒത്തിരി വിസ്മയിക്കും.
7. സാന്ത്വനങ്ങൾ യാതൊന്നും ഇല്ലാത്തപ്പോഴും ഒരാൾ ദൈവത്തെ ശ്രവിക്കുന്നത് ദൈവത്തിനുവേണ്ടി മാത്രമായിരിക്കും; എന്നാൽ എപ്പോഴാണോ ഒരാൾക്ക് സാന്ത്വനങ്ങൾ ഉള്ളത് അയാൾ തന്നോടുള്ള സ്നേഹത്തെപ്രതി ദൈവത്തെ സേവിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

8. നിന്റെ പ്രാർത്ഥനകൾ കേൾക്കാൻ തയ്യാറായി ദൈവം എല്ലായിടത്തും ഉണ്ട്.
9. ഈശോമിശിഹാ ഒരേസമയം സ്വർഗ്ഗാരോഹണം ചെയ്യുവാനും അതോടൊപ്പം ഭൂമിയിൽ തുടരുന്നതിനും ഉള്ള മാർഗ്ഗം കണ്ടുപിടിച്ചു. ഈശോ ആരാധ്യമായ വി. കുർബാന എന്ന കൂദാശ സ്ഥാപിച്ചു. ആയതിനാൽ അവന് നമ്മോടൊത്ത് വസിക്കുവാൻ സാധിക്കും. അതുപോലെ നമ്മുടെ ആത്മാവിന് ആഹാരം നല്കുവാൻ സാധിക്കും. അതുപോലെ അവനു നമ്മെ ആശ്വസിപ്പിക്കാനും നമ്മുടെ കൂട്ടുകാരൻ ആകാനും സാധിക്കും.
10. ഹൃദയം ശുദ്ധമായിരിക്കുമ്പോൾ അതിന് സ്നേഹിക്കാതിരിക്കാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം തന്നേയായ സ്നേഹത്തിന്റെ ഉറവിടത്തെ അത് കണ്ടെത്തിയിരിക്കുന്നു.
11. നമ്മൾ പരിശുദ്ധ റൂഹായാൽ നയിക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെ പ്രയത്നം വൃഥാവിലാണ്. അവിടെ യാതൊരു സത്തയുമുണ്ടാകില്ല. നമ്മൾ ചെയ്യുന്ന യാതൊന്നിലും ആസ്വാദ്യത ഉണ്ടാകില്ല.
12. എളിമയുള്ള ഒരാളുടെ അഭിപ്രായം ചോദിക്കുകയാണെങ്കിൽ അവൻ പൂർണ്ണ ലാളിത്യത്തിൽ അത് നല്കുന്നു. അതുപോലെ മറ്റുള്ളവർക്ക് അവരുടെ അഭിപ്രായങ്ങൾ നല്കാൻ അവസരം നൽകുന്നു. അത് ശരിയാണെങ്കിലും തെറ്റാണെങ്കിലും അവൻ കൂടുതലായി ഒന്നും പറയുന്നില്ല.
13. ഹാ കഷ്ടം! ഓ എന്റെ ദൈവമേ കുരിശുവരയ്ക്കാൻ വളരെ കുറച്ചുപേരെ ഉള്ളൂവെങ്കിൽ നിത്യതയിൽ നിന്നെ ആരാധിക്കുവാനും വളരെ കുറച്ചു പേരെ ഉണ്ടാവുകയുള്ളൂ.
14. നമ്മോട് കൈയഴിച്ച് ചിലവിടുന്നവനായി തന്നെത്തന്നെ കാണിച്ച ഒരു ദൈവത്തോട് അറുപിശുക്കരായി, ലുബ്ധരായി നമ്മളെത്തന്നെ കാണിക്കുക എന്നുള്ളത് എത്ര നന്ദി കെട്ടതാണ്.
15. എല്ലാ ദിവസവും ജോലിക്കു മുമ്പും പിമ്പും ദൈവാലയത്തിൽ പ്രവേശിക്കുന്ന പ്രായം ചെന്ന കൃഷിക്കാരനോട് ജോൺ മരിയ വിയാനി ചോദിച്ചു: നിന്റെ സന്ദർശനങ്ങളിൽ നമ്മുടെ കർത്താവിനോട് നീ എന്തു പറയുന്നു? അദ്ദേഹം മറുപടി പറഞ്ഞു: ഞാൻ അവനോട് ഒന്നും പറയുന്നില്ല. ഞാൻ അവനെ നോക്കുന്നു. അവൻ എന്നെ നോക്കുന്നു.

16. വി. കുർബാന സ്വീകരിക്കുമ്പോൾ ഈശോ നമ്മുടെ കൈകളി ലേക്ക് മാത്രമല്ല നമ്മുടെ ഹൃദയങ്ങളിലേക്കും വരുന്നു.
17. ദൈവത്തെ പ്രസാദിപ്പിക്കുകയും തന്റെ ആത്മാവിനെ രക്ഷിക്കു കയും മാത്രം ചെയ്യുന്ന ഒരാളുടെ ആവശ്യങ്ങൾ ഒരിക്കലും ലഭി ക്കാതിരിക്കുകയില്ല.
18. ഏത് ആത്മാവിലാണോ പരിശുദ്ധാത്മാവ് വസിക്കുന്നത് ആ ആത്മാവ് പൂക്കളുള്ള മുന്തിരിവള്ളി വമിക്കുന്നതുപോലെ സുര ഭിലമായ സുഗന്ധം പുറപ്പെടുവിക്കുന്നു.
19. നിന്റെ സാന്നിധ്യത്തിൽ കാരുണ്യമില്ലാത്ത ഏതെങ്കിലും കാര്യം പറയപ്പെടുന്നു എങ്കിൽ സന്നിഹിതനല്ലാത്ത ആളിനനുകൂലമായി ഒന്നുകിൽ സംസാരിക്കുക അല്ലെങ്കിൽ പിൻവാങ്ങുക അതുമല്ലെ ങ്കിൽ സാധിക്കുമെങ്കിൽ സംഭാഷണം നിർത്താതിരിക്കുക.
20. വിശുദ്ധരുടെ ഹൃദയം സമുദ്രമധ്യത്തിലെ പാറപോലെ ഉറച്ചതാണ്.
21. ആഴ്ചയിലെ എല്ലാ ദിവസങ്ങളും ദൈവം സൃഷ്ടിച്ചു. അവനു വേണമെങ്കിൽ എല്ലാ ദിവസവും തനിക്കായിട്ട് സൂക്ഷിക്കാമായി രുന്നു. എന്നാൽ അവൻ നിങ്ങൾക്കായി ആറ് ദിവസങ്ങൾ നൽകി. 7-ാം ദിവസം മാത്രം തനിക്കായി മാറ്റിവച്ചു.
22. ദൈവത്തോട് പ്രാർത്ഥിക്കുന്നതിലും എളുപ്പമായി ഒന്നുമില്ല. അതു പോലെ അത്രയും സുഖം തരുന്ന മറ്റൊന്നുമില്ല.
23. ആ! ഒരാൾ ലോകത്തിനുവേണ്ടി ചെയ്യുന്ന അത്രേം ദൈവത്തി നുവേണ്ടി ചെയ്യാൻ കഴിഞ്ഞിരുന്നുവെങ്കിൽ!
24. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർക്ക് ശുദ്ധമായ ആശ യങ്ങൾ ഉണ്ട്; പരിശുദ്ധാത്മാവ് പ്രകാശവും ശക്തിയുമാണ്. പ്രകാശത്തിന്റെയും ശക്തിയുടെയും ദൈവത്താൽ നമ്മൾ നയി ക്കപ്പെടുമ്പോൾ നമുക്ക് വഴിതെറ്റിപ്പോവുകയില്ല.
25. നമ്മൾ തെരുവീഥികളിലൂടെ നടക്കുമ്പോൾ നമ്മുടെ കണ്ണുകൾ നമ്മുടെ മുമ്പിൽ കുരിശുവഹിക്കുന്ന നമ്മുടെ കർത്താവിൽ നമ്മളെ സൂക്ഷിച്ചുവീക്ഷിക്കുന്ന പരിശുദ്ധ കന്യകയിൽ; നമ്മുടെ പക്ഷത്തുള്ള കാവൽമാലാഖയിൽ ഉറപ്പിക്കാം.
26. ആരും പ്രവേശിക്കാതിരിക്കാനായി വാതിലുകളും ജനലുകളും അടയ്ക്കുന്ന ഒരാളെപ്പോലെ അഹങ്കാരത്തിനും ഭോഗേച്ഛയ്ക്കും എല്ലാ വികാരങ്ങൾക്കും എതിരായി നിങ്ങളുടെ ഹൃദയം തീർച്ച യായും അടയ്ക്കണം.

★

# ഇടവകയിൽ 'Synodal News'

പ്രിയ ബഹു. അച്ചന്മാരേ,

സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ ഔദ്യോഗിക ബുള്ളറ്റിനാണ് 'Synodal News'. ആണ്ടുവട്ടത്തിൽ ആഗസ്റ്റ്, ജനുവരി മാസങ്ങളിൽ നടക്കുന്ന സീറോ മലബാർ സഭയുടെ സിനഡിനു ശേഷം പ്രസിദ്ധീകരിക്കുന്നതാണിത്. സിനഡൽ ചർച്ചകളും തീരുമാനങ്ങളും ഔദ്യോഗിക അറിയിപ്പുകളും ഈ ബുള്ളറ്റിനിലൂടെ നല്കപ്പെടുന്നു. മേജർ ആർച്ചുബിഷപ്പിന്റെ ഔദ്യോഗിക പ്രബോധനങ്ങളും നിർദ്ദേശങ്ങളും സഭയുടെ പൊതുവായ നിയമങ്ങളും എല്ലാം ഇതിലൂടെയാണ് ഔദ്യോഗികമായി നല്കപ്പെടുക. 'Synodal News' ന്റെ 16 വാല്യങ്ങൾ ഒന്നോ രണ്ടോ നമ്പരുകളിലായി ഇതിനോടകം ഇറങ്ങി കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ നടന്ന സിനഡിൽ, സഭയുടെ ഈ ഔദ്യോഗിക ബുള്ളറ്റിൻ നമ്മുടെ എല്ലാ ഇടവകകളിലും വരുത്തുന്നതും ബൈൻഡ് ചെയ്ത് പ്രത്യേകം സൂക്ഷിക്കുന്നതും നല്ലതാണെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടിരുന്നു. അതനുസരിച്ച് 2009 നവംബർ (Vol.17) ലക്കം മുതൽ 'Synodal News' നമ്മുടെ എല്ലാ ഇടവകകളിലും വരുത്തുവാൻ ഒരു സംവിധാനം ചെയ്യുകയാണ്. രൂപതാകേന്ദ്രത്തിൽനിന്നും നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളുടേയും അഡ്രസ്സ് കാക്കനാട് സഭാകേന്ദ്രത്തിലുള്ള 'Synodal News' ന്റെ ഓഫീസിലേയ്ക്ക് നല്കിയിട്ടുണ്ട്. മേല്പറഞ്ഞ ലക്കം മുതൽ എല്ലാ ഇടവകകളിലേയ്ക്കും 'Synodal News' അയച്ചു തരുന്നതാണ്. ഇതിന്റെ വാർഷിക വരിസംഖ്യയായ 50 രൂപാ ആണ്ടുതിരട്ടിനോടൊപ്പം രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും അവിടെനിന്ന് ആ തുക സഭാ കേന്ദ്രത്തിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നതുമാണ്.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 'Synodal News' ന്റെ വരിക്കാരാകുവാൻ കഴിയുന്നതാണ്. അങ്ങനെ താല്പര്യമുള്ളവർ കാക്ക

നാട്ടുള്ള സഭാ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. ബന്ധപ്പെടാനുള്ള മേൽവിലാസം: Editor, Synodal News, P.B.No.3110, Kakkanadu P.O. 682 030.

അതിനാൽ 2009 നവംബർ ലക്കം മുതൽ Synodal News നമ്മുടെ എല്ലാ ഇടവകയിലും കൃത്യമായി ബൈൻഡു ചെയ്ത് സൂക്ഷിക്കേണ്ട താണ്. ഇടയനടുത്ത സന്ദർശനത്തിന് വരുമ്പോൾ മറ്റെല്ലാ രജിസ്റ്ററു കളോടുമൊപ്പം Synodal News കൂടി കാണിക്കേണ്ടതാണ് എന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്സ് ഹൗസ്**
**പാലാ, 27-12-09**

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതയുടെ മെത്രാൻ**

# സഭൈക്യവാരാചരണം

ജനുവരി 18 മുതൽ 25 വരെയുള്ള തീയതികളിൽ ആഗോളസഭ സഭൈക്യവാരമായി ആചരിക്കുകയാണ്. സഭകൾ തമ്മിലുള്ള ഐക്യവും യോജിപ്പും വർദ്ധിച്ച് ഏക തൊഴുത്തും ഏക ഇടയനു മായിത്തീരുന്നതിനായിട്ടാണല്ലോ സഭൈക്യവാരം നാം ആചരിക്കുന്നത്.

മിശിഹാ സ്ഥാപിച്ച ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹി കവുമായ സത്യസഭയിൽനിന്ന് ചരിത്രത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് പലപ്പോഴായി അനേക സഭാവിഭാഗങ്ങൾ വേർതിരിഞ്ഞ് പോയിട്ടുണ്ട്.

കർത്താവായ മിശിഹായിൽ വിശ്വസിക്കുന്ന ഏകസമൂഹമായി സാക്ഷ്യം വഹിക്കുവാൻ സാധിക്കുക എന്ന ഏകലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള സഭൈക്യപ്രവർത്തനങ്ങൾ ഏറെക്കാലമായി സജീ വമായി നടന്നുവരുന്നുണ്ട്. സഭൈക്യസംഭാഷണങ്ങളും ഏറെ പുരോ ഗമിച്ചിട്ടുണ്ട്. പരസ്പരമുള്ള സ്നേഹവും ബഹുമാനവും വർദ്ധിപ്പിക്കു കയാണ് സഭൈക്യത്തിനുള്ള ആദ്യപടി. അങ്ങനെ പരസ്പരം മനസ്സി ലാക്കിയും പങ്കുവച്ചും ക്രൈസ്തവോചിതമായ ഐക്യത്തിലേക്ക് കൂടുതൽ വളരുവാൻ നമുക്ക് കഴിയും. സർവ്വോപരി "അവർ ഒന്നാകേണ്ടതിന്" (യോഹ. 17:11) പിതാവിനോട് പ്രാർത്ഥിക്കുന്ന രക്ഷ കനായ മിശിഹായോട് ഈ സഭൈക്യവാരത്തിൽ നമുക്കും കൂടുതലായി പ്രാർത്ഥിക്കാം.

**കേരളത്തിലെ കത്തോലിക്കാസഭയിൽ വിവാഹാശീർവാദത്തെയും വിവാഹാഘോഷത്തെയും സംബന്ധിച്ച നടപടികളിൽ ഐക്യമുണ്ടാകാൻ കെ.സി.ബി.സി. നല്കുന്ന നിർദ്ദേശങ്ങൾ**

**1) അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം:** 1.1. ആറു മാസത്തിലേറെക്കാലം ഇടവകയ്ക്ക് വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. 1.2. താമസിച്ച സ്ഥലത്ത് വൈദികരില്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം മതിയാകും.

**2) വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്:** 2.1. നമ്മുടെ ഏതെങ്കിലും രൂപതയോ വിവാഹാർത്ഥി അംഗമായിട്ടുള്ളതും കത്തോലിക്കാസഭയുമായി ധാരണയിലുള്ളതുമായ സഭകൾ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്ന വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ പങ്കെടുത്ത് വിവാഹത്തിനൊരുങ്ങിയിട്ടുണ്ടെന്ന സാക്ഷ്യപത്രം വിവാഹാർത്ഥികൾ ഹാജരാക്കേണ്ടതാണ്. 2.2. കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന വിവാഹകോഴ്സുകളിൽ കെ.സി.ബി.സി. അംഗീകരിച്ച സിലബസ് ഇല്ലാത്തവയും കോഴ്സ് ദിവസങ്ങൾ കുറവായവയുമായ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാൻ പാടുള്ളതല്ല.

**3) വിവാഹവാഗ്ദാനം:** 3.1. നമ്മുടെ സഭയിലെ ഒരു പ്രാചീന പതിവെന്ന നിലയിൽ വിവാഹവാഗ്ദാനച്ചടങ്ങ് പ്രോത്സാഹിപ്പിക്കപ്പെടണം. 3.2. വിവാഹാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നല്കുന്നുണ്ട്. 3.3. വിവാഹവാഗ്ദാനം പല കുടുംബങ്ങൾക്കും സാമ്പത്തികഭാരമായി തീരുന്നതുകൊണ്ടു കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. 3.4. സ്വയാധികാര സഭകളുടെ *(Sui iuris Churches)* നിയമങ്ങൾക്കനുസൃതമായി പ്രത്യേക സാഹചര്യങ്ങളിൽ വിവാഹ വാഗ്ദാനം കൂടാതെ വിവാഹം നടത്താൻ അനുവദിക്കാവുന്നതാണ്.

**4) വിളിച്ചുചൊല്ലൽ:** 4.1. നമ്മുടെ സഭയിൽ വിവാഹകാര്യം പരസ്യപ്പെടുത്താനുള്ള പരമ്പരാഗത മാർഗമാണ് വിളിച്ചുചൊല്ലൽ. ഇത് വിവാഹവാഗ്ദാനത്തോട് സാരാംശപരമായി ബന്ധപ്പെട്ട കാര്യമല്ല.

4.2. വിവാഹം കഴിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനും വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അവ സഭാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനുമാണ് വിവാഹം വിളിച്ച് ചെല്ലുന്നത്. 4.3. അതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലൽ ഉറപ്പാക്കുന്നതിനുവേണ്ടി വിവാഹവാഗ്ദാനത്തിനു മുൻപേ വിളിച്ചുചൊല്ലൽ തുടങ്ങാവുന്നതാണ്. 4.4. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്തുന്നതിന് വിവാഹാർത്ഥികൾ ഇരുവരും അവരിൽ ഒരാളുടെ ഫൊറോനാ വികാരിക്ക് അവരുടെ മാതാപിതാക്കളുടെയും വികാരിയുടെയും ശിപാർശയോടെ രേഖാമൂലം അപേക്ഷിക്കണം. 4.5. ഫൊറോനാ വികാരിയാണ് വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താൻ അനുവാദം നല്കേണ്ടത്. 4.6. ഫൊറോന വികാരി നല്കുന്ന തീരുമാനത്തിന്റെ പകർപ്പ് വധുവിന്റെയും വരന്റെയും വികാരിമാർക്ക് നല്കേണ്ടതും കക്ഷികളിൽ ഒരാളുടെ ഫൊറോന വികാരി കൈക്കൊള്ളുന്ന തീരുമാനം ആദരിക്കപ്പെടേണ്ടതുമാണ്. 4.7. വിവാഹവാഗ്ദാനത്തിന് മുമ്പ് വിവാഹം വിളിച്ചു ചൊല്ലാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ചമുമ്പെങ്കിലും വിവാഹവാഗ്ദാനം നടത്തിയിരിക്കണം. 4.8. വിവാഹം വിളിച്ചുചൊല്ലുന്ന അന്നു തന്നെ വിവാഹം ആശീർവദിക്കപ്പെടാൻ പാടുള്ളതല്ല. 4.9. വിവാഹം ഇടവകയിൽ വിളിച്ചുചൊല്ലുമ്പോൾ വിവാഹാർത്ഥികൾക്കായി പ്രാർത്ഥിക്കാൻ ഇടവകാംഗങ്ങളോട് അഭ്യർത്ഥിക്കണം.

**5) വിളിച്ചുചൊല്ലൽ കുറവു ചെയ്യൽ:** 5.1. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താമെന്നതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലലിന്റെ സംഖ്യ കുറയ്ക്കാൻ ഇടവരരുത്. 5.2. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ, ഓരോ രൂപതയിലെയും നിലനിൽക്കുന്ന നിയമമനുസരിച്ച്, ഫൊറോനാ വികാരിക്കോ വികാരിക്കോ ഒരു വിളിച്ചുചൊല്ലൽ കുറയ്ക്കാവുന്നതാണ്. 5.3. ഒരു വിളിച്ചുചൊല്ലൽ മാത്രം നടത്തി വിവാഹം ആശീർവദിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ രൂപതാ കാര്യാലയം വഴിയേ പാടുള്ളൂ. 5.4. അതിലേയ്ക്കായി അതാതുരൂപതകൾ നിശ്ചയിച്ചിരിക്കുന്ന കീഴ്വഴക്കങ്ങൾ പാലിക്കുകയും വേണം.

**6) ഞായറാഴ്ചകളിലെ വിവാഹാശീർവാദം:** 6.1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടണം. മതബോധനക്ലാസ്സുകൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. 6.2. ഞായറാഴ്ചകളിലെ വിവാഹാശീർവാദം വിശ്വാസപരിശീലനത്തിന് തടസ്സം സൃഷ്ടിക്കാത്ത വിധത്തിലായിരിക്കണം. 6.3. ഞായറാഴ്ചയുള്ള വിവാഹ

ആശീർവാദം, വിവാഹം നടക്കുന്ന കുടുംബത്തിലെയും അവരുടെ അടുത്ത ബന്ധുക്കളായ കുട്ടികളുടെയും വിശ്വാസപരിശീലനത്തിന് തടസ്സമാകാൻ സാധ്യതയുള്ളതുകൊണ്ട് ഞായറാഴ്ചയുള്ള വിവാഹാശീർവാദം കഴിയുന്നതും പ്രോത്സാഹിപ്പിക്കരുത്.

**7) ആഗമനകാലത്തെ വിവാഹാശീർവാദം:** 7.1. ആഗമനകാലത്തിന്റെ ചൈതന്യം സൂക്ഷിച്ചുകൊണ്ട് വ്യക്തിഗതസഭകളുടെ നിയമങ്ങൾക്കനുസൃതമായി വിവാഹം ആശീർവദിക്കാം. 7.2. ആഗമനകാലത്തെ വിവാഹ ആശീർവാദത്തിന് സ്വയാധികാരസഭകളുടെ നിയമങ്ങൾ പാലിക്കപ്പെടണം.

**8) വലിയ നോമ്പുകാലത്തെ വിവാഹാശീർവാദം:** 8.1. വലിയ നോമ്പുകാലത്ത് വിവാഹാശീർവാദം നടത്താതിരിക്കുന്നതാണ് ഉത്തമം. 8.2. അത്യാവശ്യസാഹചര്യങ്ങളിൽ വിവാഹാശീർവാദത്തിന് അനുവാദം നല്കാൻ രൂപതാ കാര്യാലയത്തിന് അധികാരമുണ്ടായിരിക്കും. 8.3. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടായിരിക്കണം വലിയ നോയമ്പുകാലത്തെ വിവാഹ ആശീർവാദം നടത്തേണ്ടത്.

**9) ആചാരങ്ങളുടെ വ്യത്യസ്തത:** 9.1. വിവാഹാർത്ഥിയുടെയും വിവാഹാർത്ഥിനിയുടെയും രൂപതകളിൽ വ്യത്യസ്ത ആചാരങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണന നല്കണം.

**10) വിവാഹ ആശീർവാദത്തിലെ ലാളിത്യം:** 10.1. വിവാഹത്തോടനുബന്ധിച്ച് വൻതോതിലുള്ള ആഡംബരവും ധൂർത്തും, മദ്യപാനം പോലും, ഉണ്ടാകുന്നത് ക്രിസ്തീയവിശ്വാസത്തിനു ചേർന്നതല്ല. 10.2. വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിലേയ്ക്കായി ജനങ്ങളെ ബോധവത്കരിക്കണം. 10.3. കടം വാങ്ങിച്ചുപോലും വിവാഹം ആഘോഷിച്ച് പാപ്പരാകുന്നവർ സമൂഹത്തിൽ കൂടിവരുന്നു. വിവാഹം ആഘോഷമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാണ്. 10.4. സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാകണം. 10.5. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരതത്തിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. 10.6. മനസ്സമ്മതം വിവാഹം പോലെ വൻതോതിൽ ആഘോഷിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

**11) വിവാഹരജിസ്ട്രേഷൻ:** 11.1. വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

**12) വിവാഹനിർദ്ദേശങ്ങളിൽ തീർപ്പുകൽപ്പിക്കൽ:** 12.1. ഓരോ സ്വയാധികാരസഭയിലെയും നിയമങ്ങളും ചട്ടങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആദരിക്കപ്പെടേണ്ടതാണ്. 11.2. പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ രൂപതാ കാര്യാലയങ്ങൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
**സെക്രട്ടറി ജനറൽ, കെ.സി.ബി.സി.**

---

ഈ സർക്കുലറിന്റെ പ്രസക്തമായ കാര്യങ്ങൾ ദൈവാലയത്തിൽ വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുക.

---

## അറിയിപ്പ്

പാലാ രൂപതയിൽ നിന്നും 2009 ജനുവരിക്കും 2010 ജനുവരിക്കും ഇടയ്ക്ക് പൗരോഹിത്യം സ്വീകരിച്ച പാലാ രൂപതാ വൈദികരല്ലാത്തവരുടെ മാമ്മോദീസാ പേര്, വീട്ടുപേര്, ഇടവക, ജനനത്തീയതി, മാമ്മോദീസാ തീയതി, രൂപതാ/സന്യാസി, പട്ടം നല്കിയ പിതാവിന്റെ പേര്, പട്ടം സ്വീകരിച്ച ദിവസം, പട്ടം സ്വീകരിച്ച സ്ഥലം എന്നീ വിവരങ്ങൾ ബിഷപ്സ് ഹൗസ് ഓഫീസിൽ ഏല്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

# 2010 ജനുവരി 15 കാർഷികദിനം

## ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

എല്ലാവർഷവും ജനുവരി മാസം 15-ാം തീയതി കർഷകദിനമായി ആചരിക്കാൻ കേരളത്തിലെ കാത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ച വിവരം നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷ മുണ്ട്. അക്ഷരാർത്ഥത്തിൽ നെറ്റിയിലെ വിയർപ്പുകൊണ്ട് തനിക്കും ഭൂഗോളം മുഴുവനുമുള്ള തന്റെ സഹോദരങ്ങൾക്കുമായി അപ്പം ഒരുക്കുന്ന കർഷകനെ നന്ദിയോടെ ഓർമ്മിക്കാനും നിരന്തരം അവഗണിക്കപ്പെടുന്ന കർഷകന്റെ അവകാശങ്ങൾ നേടിയെടു ക്കാനുള്ള സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്വം ഓർമ്മിക്കാനുമുള്ള അവസരമായിട്ടാണ് സഭ കാർഷിക ദിനം ആചരിക്കുന്നത്.

ദൈവം മനുഷ്യനു നൽകിയ ഉത്തരവാദിത്വങ്ങളിൽ പ്രഥമഗണനീയമായത് ഭൂമിയിൽ അധ്വാനിച്ച് ധാന്യം വിളയുന്ന ചെടികളും ഭക്ഷണത്തിനായി പഴങ്ങൾ കായ്ക്കുന്ന ചെടികളും ഉൽപാദിപ്പിക്കാനാണ്. ജീവശ്വാസമുള്ള സകലതിനും ആഹാരമായി ഹരിതസസ്യങ്ങൾ വളർത്തേണ്ടതും മനുഷ്യന്റെ ഉത്തരവാദിത്വ മായിരുന്നു എന്ന് ഉൽപത്തി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (1:29 -30). ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ മനുഷ്യനെ ദൈവം ഭരമേൽപിച്ച പ്രഥമവും പ്രധാനവുമായ ജോലി കാർഷിക വൃത്തിയായിരുന്നു എന്നു കരുതാവുന്നതാണ്. കാർഷികവൃത്തി കൂടാതെ പ്രപഞ്ചത്തിൽ ജീവൻ പരിരക്ഷിക്കപ്പെടില്ല എന്ന സത്യമാണ് ഇതിലൂടെ ദൈവം വെളിപ്പെടുത്തുന്നത്.

ഈ പ്രപഞ്ചത്തിൽ ജീവന്റെ മുകുളങ്ങളൊരുക്കിയ ദൈവമാണ് ഭൂമിയിലെ ആദ്യത്തെ കർഷകൻ. രൂപരഹിതവും ശൂന്യവുമായിരുന്ന ഈ ഭൂമിയെ തന്റെ കരവേലയാൽ പറുദീസയാക്കിമാറ്റിയ ദൈവമെന്ന ആദികർഷകനിൽ വിശ്വസിക്കുന്നവരാണ് ക്രൈസ്തവരായ നാം. മനുഷ്യകുലമൊന്നാകെ ദൈവം ആരംഭിച്ച പ്രവൃത്തി തുടരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കൃഷിഭൂമിയിലെ മനുഷ്യന്റെ അധ്വാനത്തെ അനുഗ്രഹിച്ചുകൊണ്ട് ആദികർഷകനായ ദൈവം കർഷകനോടൊത്ത്

സദാ വ്യാപരിക്കുന്നതായി വി. ഗ്രന്ഥം സക്ഷ്യപ്പെടുത്തുന്നു. ദൈവത്തെ കർഷകനായി അവതരിപ്പിക്കുന്ന 65-ാം സങ്കീർത്തനം ശ്രദ്ധേയമാണ്. സങ്കീർത്തകന്റെ ഭാഷയിൽ, ഭൂമിയെ നനച്ചു ഫലഭൂയിഷ്ഠമാക്കുന്നതും ഉഴവുചാലുകളിലെ കട്ടയുടച്ചു നീക്കി കുതിർക്കുന്നതും വിത്തിൽനിന്ന് മുകുളങ്ങൾ ഉയർത്തുന്നതും മരുപ്രദേശത്ത് സമൃദ്ധിയുടെ വിളവുനൽകുന്നതും താഴ്‌വരകളെ ധാന്യം കൊണ്ടു മൂടുന്നതും ദൈവമാണ്. ഇപ്രകാരം ഏറ്റുപറയുന്നതിലൂടെ കർഷകന്റെ കരങ്ങളിലൂടെ അധ്വാനിക്കുന്നത് ദൈവം തന്നെയാണെന്ന സത്യമാണ് സങ്കീർത്തകൻ ഏറ്റുപറയുന്നത്.

മനുഷ്യന്റെ പാപം മൂലം കൃഷിഭൂമി ഊഷരമാകുമെന്നും (ഉൽപ.4:12) ഭൂമിയുടെ മേലുള്ള അവകാശം നഷ്ടമാകുമെന്നും തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആദവും ഹവ്വായും തെറ്റു ചെയ്തപ്പോൾ ദൈവം നട്ടുനനച്ചു വളർത്തിയ സമൃദ്ധിയുടെ ഏദേൻ തോട്ടത്തിൽ നിന്നും പുറത്തുപോകേണ്ടിവന്നു. ഇസ്രായേൽ ജനം തിന്മ പ്രവർത്തിച്ച് ദൈവത്തിൽ നിന്ന് അകന്നപ്പോൾ അവർക്ക് തേനും പാലും ഒഴുകുന്ന ദൈവത്തിന്റെ വാഗ്ദത്തനാട് നഷ്ടപ്പെട്ട് ബാബിലോണിലേക്ക് വിപ്രവാസികളായി പോകേണ്ടി വന്നു. മനുഷ്യന്റെ ആദ്ധ്യാത്മികതയും അവന്റെ കൃഷി ഭൂമിയും തമ്മിലുള്ള അഭേദ്യബന്ധമാണ് വി. ഗ്രന്ഥം ഇവിടെ എടുത്തു കാണിക്കുന്നത്.

ദൈവദത്തവും പരിപാവനവുമായ കാർഷികവൃത്തിയിലൂടെ ലോകത്തിനു മുഴുവൻ അന്നം നൽകുന്ന കർഷകന് അർഹമായ പരിഗണന നൽകാൻ സർക്കാരും സമൂഹവും പലപ്പോഴും തയ്യാറാകുന്നില്ല എന്നത് സത്യമാണ്. ഇതരമേഖലയിലെ തൊഴിലാളികളുടെ സംഘടിത ശക്തിക്കുമുന്നിൽ ക്രിയാത്മകമായി പ്രതികരിക്കുന്ന സർക്കാർ സംവിധാനങ്ങൾ അസംഘടിതമായ കർഷകരുടെ ന്യായമായ അവകാശങ്ങൾപോലും അവഗണിക്കുന്നു എന്നത് ദുഃഖകരമാണ്. സംഘടിത തൊഴിലാളികൾ ജീവിതചെലവ് കൂടുന്നതനുസരിച്ച് ശമ്പളവർദ്ധന നേടുമ്പോൾ, കാർഷിക ചെലവും കർഷകന്റെ ജീവിതചെലവും പലമടങ്ങ് വർദ്ധിക്കുകയും പല കാർഷികോല്പന്നങ്ങളുടേയും വില നേർപകുതിയായി കുറയുകയും ചെയ്തിട്ടും കർഷകനെ സഹായിക്കുന്നതിൽ ഭരണകൂടങ്ങൾ ഉദാസീനത കാണിക്കുന്നു.

കാർഷിക മേഖലയിൽ വർദ്ധമാനമാകുന്ന പ്രതിസന്ധിയെ നേരിടാനും കർഷകരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണുന്നതിനും കക്ഷി രാഷ്ട്രീയ ജാതിമതഭേദമെന്യേ നാം ആരംഭിച്ച കർഷക പ്രസ്ഥാനമാണ് ഇൻഫാം – ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ്. 2001 ജൂലൈ 8-ാം തീയതി കേരളത്തിലെ കത്തോലിക്കാ വൈദീകമേലദ്ധ്യക്ഷ ന്മാർക്കു വേണ്ടി അന്നത്തെ KCBC ചെയർമാൻ മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പുറപ്പെടുവിച്ച ഇടയലേഖന ത്തിലൂടെയാണ് കേരളത്തിൽ ഇൻഫാം രൂപം കൊണ്ടത്. എളിയ തോതിൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന് കാർഷിക മേഖലയിൽ ശ്രദ്ധേയമായ പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. നിരന്തരം അവഗണിക്കപ്പെടുന്ന കർഷകരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരും രാഷ്ട്രീയ കക്ഷികളും സത്വര ശ്രദ്ധ പതിക്കാൻ ഇൻഫാമിന്റെ പ്രവർത്തനം കാരണമായി. ഇൻഫാമിന്റെ കീഴിൽ ആരംഭിച്ച സ്വാശ്രയ സംഘങ്ങളിലൂടെ (SHG) മത-രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി കർഷകരെ ഒരു കുടക്കീഴിൽ അണിനിരത്താൻ ഇൻഫാമിന് കഴിഞ്ഞു.

രാജ്യത്തെ ഭൂരിപക്ഷം വരുന്ന കർഷകരുടെ സ്ഥാനവും കാർഷിക വൃത്തിയുടെ മഹത്വവും ഉയർത്തിക്കാട്ടുവാൻ ഇൻഫാമിനു കഴിഞ്ഞു. ജനാധിപത്യത്തിൽ സംഘടിത ശക്തിയിലൂടെ മാത്രമേ കാര്യങ്ങൾ നേടിയെടുക്കുവാൻ കഴിയൂ. രാഷ്ട്രീയത്തിന്റേയും വർഗ്ഗീയതയുടേയും പേരിൽ വിഭജിക്കപ്പെട്ട കർഷക സമൂഹത്തിന്റെ അവകാശങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയായിരുന്നു പതിവ്. എന്നാൽ സ്വതന്ത്ര കർഷക സംഘടനയായ ഇൻഫാമിന്റെ ആവിർഭാവത്തോടെ ഈ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം സംഭവിച്ചു. എന്നാൽ കർഷകന്റെയും കാർഷിക മേഖലയുടെയും സുപ്രധാനമായ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ ഇനിയും അവശേഷിക്കുന്നു. കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം വളർത്താനും ഗവൺമെന്റിന്റെ നിരവധിയായ കാർഷികപദ്ധതികൾ കർഷകരെ പരിചയപ്പെടു ത്തുവാനും, അവ ഏറ്റെടുത്തു നടത്തുവാനും, പുതിയ കൃഷി രീതികൾ കർഷകരെ പരിശീലിപ്പിക്കുവാനും ഇൻഫാമിനു സാധിക്കും. ജൈവകൃഷിയുടെ മേന്മയും അനന്തമായ സാധ്യതയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കർഷകരെ പ്രാപ്തരാക്കേണ്ടതുണ്ട്.

കാർഷിക വൃത്തിയുടെ മഹത്വവും മാനവസമൂഹത്തിന് മുഴുവൻ ഭക്ഷണം നൽകുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി ആചരിക്കുന്നത്. വിളവെടുപ്പിന്റെയും പുതിയ കൃഷി ഇറക്കാൻ ഒരുങ്ങുന്നതിന്റെയും അവസരമാണല്ലോ ഈ നാളുകൾ. അതിനാലാണ് കർഷക ദിനമായി എല്ലാ വർഷവും ജനുവരി 15 ആചരിക്കാൻ കെ. സി. ബി. സി. തീരുമാനിച്ചത്.

താഴെ പറയുന്ന പരിപാടികളോടെ ഈ ദിനം ഫലപ്രദമായി ആചരിക്കാവുന്നതാണ്.

1. കെ.സി.ബി.സി. യുടെ നേതൃത്വത്തിലുള്ള കർഷക പ്രസ്ഥാനമായ ഇൻഫാമിന്റെ പതാക എല്ലാ ഇടവകകളിലും ഈ ദിവസം ഉയർത്തുക.
2. പൊതു സമ്മേളനങ്ങളും, കാർഷിക സെമിനാറും ഇടവക, പഞ്ചായത്ത്, ഫൊറോന, ജില്ല, രൂപതാതലത്തിൽ നടത്തുക.
3. നല്ല കർഷകനെ ആദരിക്കുക
4. ഇൻഫാം ഇല്ലാത്ത ഇടവകകളിൽ ഇൻഫാമിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുക.
5. ഫലപ്രദർശനം, കാർഷിക മേള എന്നിവ നടത്തുക.

നമ്മുടെ എല്ലാവരുടെയും സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമായി കൃഷിയും കർഷകരും അനുഭവിക്കുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഈ കർഷക ദിനം നമ്മെ സഹായിക്കട്ടെ. കൃഷിയും കർഷകരും ഇന്നനുഭവിക്കുന്ന അവഗണനയ്ക്ക് അന്ത്യം കുറിച്ച് പുതിയ കാർഷിക സംസ്ക്കാരത്തിന് നമുക്ക് രൂപം കൊടുക്കാം.

എന്ന്

**ആർച്ചുബിഷപ് മാർ ജോർജ്ജ് വലിയമറ്റം**
**ഇൻഫാം ദേശീയ രക്ഷാധികാരി**

NB: ഈ സർക്കുലർ ജനുവരി 10-ാം തീയതി ഞായറാഴ്ച ദിവ്യ ബലിമദ്ധ്യേ വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുമല്ലോ.

# 2010 ജനുവരി 24
# മദ്യവിരുദ്ധ ഞായർ

**കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

സ്നേഹമുള്ള സഹോദരി സഹോദരൻമാരെ,

ഈ വർഷം ജനുവരി 24-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവിമുക്ത ജീവിതത്തിലേയ്ക്ക് ആളുകളെ ആകർഷിക്കും വിധം പോസ്റ്ററുകൾ, ബാനറുകൾ, സെമിനാർ, റാലി, പ്രതിരോധധർണ്ണകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് ഈ ദിവസം ഫലപ്രദമാക്കണമെന്ന് രൂപതാ സമിതികളോട് അഭ്യർത്ഥിക്കുന്നു.

മദ്യോപയോഗം ദിനം പ്രതി വർദ്ധിക്കുന്നതായി വാർത്താമാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ഓണം, ക്രിസ്തുമസ് മുതലായ ആഘോഷാവസരങ്ങളിൽ ഈ വർദ്ധന പ്രത്യേകം ശ്രദ്ധേയമാകുന്നു. കൗമാര പ്രായക്കാരിലും യുവജനങ്ങളിലും മദ്യോപയോഗം ഏറിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപിക്കുന്നവരുടെ ശരാശരി വയസ്സ് 18-ൽ നിന്ന് 13 ആയി താണിരിക്കുന്നു. മദ്യപാനം ആരംഭിക്കാൻ പല കാരണങ്ങൾ പറയാനുണ്ടെങ്കിലും ഇന്നു കാണുന്ന അമിത വർദ്ധനയ്ക്ക് പ്രധാന കാരണം, മദ്യം എവിടെയും എപ്പോഴും ആർക്കും സുലഭമാണെന്നതു തന്നെ. എളുപ്പത്തിൽ കിട്ടുന്നത്, ഏറെ കുടിക്കാൻ പ്രേരണയാകുന്നു. ഏറെ ആളുകൾ കുടിക്കുന്നുവെന്നത് കൂടുതൽ കൂടുതൽ മദ്യം ലഭ്യമാക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നുവെന്നും വാദിക്കുന്നവരുണ്ട്. കക്ഷിപരിഗണനക്കതീതമായി എല്ലാ രാഷ്ട്രീയക്കാരും മദ്യത്തിന്റെ ഉത്പാദന വിതരണ മേഖലകളിൽ അതീവ തല്പരരാണ്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിൽ അവർ വലിയ പങ്കു വഹിക്കുന്നു.

എന്നാൽ, പവിത്രമായ ഇന്ത്യൻ ഭരണഘടനയിൽ വിശ്വസിക്കുന്നവർക്കു ഈ മദ്യവർദ്ധനയ്ക്ക് അനുകൂലമായി ചിന്തിക്കാൻ കഴിയുകയില്ല. കാരണം, രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നതും എല്ലാറ്റിനെയും നിയന്ത്രിക്കുന്നതുമായ ഭരണഘടന ഇതു വിലക്കിയിരിക്കുന്നു. ആർട്ടിക്കിൾ 47-ൽ ഔഷധാവ

ശ്യങ്ങൾക്കല്ലാതെ മദ്യം ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ വിതരണം ചെയ്യുകയോ പാടില്ല എന്നു പറഞ്ഞിരിക്കുന്നു. കാരണം, ഇതു ആരോഗ്യത്തിനു ഹാനികരമായ വസ്തുവാണ്. മദ്യത്തിലെ മുഖ്യാംശം ഈഥൈൽ ആൽക്കഹോളാണ്. മനുഷ്യനെ കൊല്ലാൻ പറ്റുന്ന വിഷമാണിത്. ഉപയോഗിക്കുന്നവൻ സാവകാശം മരിക്കുന്നു. മദ്യപിച്ചു മരിക്കുന്നവരുടെ ശരാശരി വയസ്സ് 30 ആയി താണിരിക്കുന്നു. ഒരു ജനതയുടെ ആരോഗ്യഹാനിക്കു നേരിട്ടു പങ്കു വഹിക്കാവുന്ന മദ്യമെന്ന ഈ വിഷത്തിന്റെ ഉത്പാദനവും വിതരണവും ജനക്ഷേമമാഗ്രഹിക്കുന്ന സർക്കാർ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇങ്ങനെ ചെയ്യുന്ന സർക്കാർ ഭരണഘടനാലംഘനം നടത്തുന്നു.

രാജ്യത്തെ പൗരന്റെ ആരോഗ്യം സംരക്ഷിക്കേണ്ട ചുമതലയുള്ള സർക്കാർ തന്നെ വിപരീതമായി ആരോഗ്യം നശിപ്പിക്കുന്ന വിഷ വസ്തു ഉണ്ടാക്കാനും വിതരണം ചെയ്യാനും തുനിയുന്നത് അതിഗൗരവമായ തെറ്റാണ്. മദ്യപാനത്തിന്റെ അതിദാരുണമായ ദുഷ്ഫലങ്ങൾ അനുഭവിക്കുന്ന ആളുകൾ ഒരുമിച്ചിതിനെ എതിർക്കണം. ഇതു തടയാൻ കോടതിക്കു കഴിയും. മദിപ്പിക്കുന്ന വസ്തുവാണ് മദ്യം. ഇത് ഞരമ്പുകളെ തളർത്തി, ബുദ്ധി മന്ദിപ്പിച്ച്, മനുഷ്യനെ മൃഗമാക്കുന്നു. മദ്യമുണ്ടാക്കാൻ ഇന്ത്യയിലെ ഒരു വ്യക്തിക്കും അധികാരമോ അവകാശമോ ഇല്ല. ഒരു സർക്കാരിനും ഇതു അനുവദിക്കാനാവില്ല എന്ന് 1975-ൽ സുപ്രീം കോടതി വ്യക്തമായി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതേ വർഷം തന്നെ ഭരണഘടനാബഞ്ച്, മദ്യമുണ്ടാക്കുകയോ വച്ചു സൂക്ഷിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നത് ആരുടെയും സർക്കാരിന്റെ പോലും മൗലികാവകാശമല്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ട് (1975 (1) Sec. 19). ഒപ്പം മദ്യത്തിന്റെ ഉത്പാദന - വിതരണ - ഉപയോഗങ്ങൾ തടയുവാൻ, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും, അവകാശവും ബാധ്യതയുമുണ്ടെന്നും വിശദീകരിച്ചുകൊണ്ടാണ് ഈ വിധി നൽകിയത്. വീണ്ടും അതേ വർഷം, മദ്യപാനം (Liquor Trafficing is a source of Crime & Pan perison) ദാരിദ്ര്യവും കുറ്റങ്ങളും വർദ്ധിപ്പിക്കുന്നു (1975(7) Sec. 735 P. 758). ഭരണഘടനയിലെ ആർട്ടിക്കിൾ 141, 142 പ്രകാരം മേൽപ്പറഞ്ഞ വിധി രാജ്യത്തിന്റെ നിയമമാണ്. വകുപ്പ് 51A പ്രകാരം, എല്ലാ പൗരന്മാരും ദാരിദ്ര്യത്തിനും കുറ്റങ്ങൾക്കും കാരണമാകുന്ന വസ്തു ഉന്മൂലനം

ചെയ്യാൻ ബാധ്യസ്ഥനാണ്. ഭരണഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനും, അതു സർക്കാരാകട്ടെ, പ്രാദേശിക ഭരണകൂടമാകട്ടെ, ദാരിദ്ര്യത്തിനും, കുറ്റങ്ങൾക്കും നിദാനമായ വസ്തുവിനെ നിയമപര(Legalise)മാക്കാനവകാശമില്ല. കേരള ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് 1984-ൽ മദ്യവ്യാപാരം ഉപദ്രവകരവും അപകടകരവുമായ വസ്തുവിന്റെ വിനിമയമാണെന്നു പ്രഖ്യാപിച്ചു.

1986 (KCT 1265) വിധിയിൽ മദ്യപിക്കാനോ മദ്യം വാങ്ങാനോ ഒരുമ്പെട്ടു പോകുന്ന ഒരാളെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയോ തടയുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്ന് 1986 -ൽ ജസ്റ്റിസ് K.T. തോമസ് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യം വിൽക്കാനോ വാങ്ങാനോ അതിനു പറ്റിയ കട നടത്താനോ ഒരു പൗരനും മൗലികാവകാശമില്ല. ഇത്തരം പ്രവൃത്തികൾക്ക് നിയമപരമോ ധാർമ്മികമോ ആയ അടിസ്ഥാനമില്ല. കാരണം ഒന്നേയുള്ളൂ. മദ്യം ആരോഗ്യത്തിന് ഹാനികരമായ വസ്തുവാണ്. ആരോഗ്യത്തിനു ഹാനികരമെന്നതിലുപരി മദ്യം കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിക്കുന്ന ഒരു വസ്തുവും കൂടിയാണ്. മദ്യം ഉള്ളിൽ ചെന്ന് അധികം വൈകാതെ തന്നെ ലഹരി തലയ്ക്കു പിടിച്ച് മനുഷ്യന്റെ മനഃസ്വാതന്ത്ര്യം നഷ്ടപ്പെട്ട്, കാട്ടികൂട്ടുന്ന വിക്രിയകൾ ആർക്കാണറിയാത്തത്? ഡ്രൈവറില്ലാതെ ഓടുന്ന വാഹനം പോലെയാണ് മദ്യപിച്ചവൻ. അവനും മറ്റുള്ളവർക്കും വരുത്തുന്ന നാശവും കുറ്റകൃത്യങ്ങളും അതിഗുരുതരവും ഊഹാതീതവുമാണ്. മദ്യലഹരിയിൽ നരഹത്യമുതൽ ആത്മഹത്യവരെയുള്ള അനേകം കുറ്റങ്ങൾ ചെയ്യുന്നത്, ഇന്ത്യൻ നിയമത്തിൽ കടുത്ത ശിക്ഷക്കർഹമാണ്.

ലഹരി ഉപയോഗവും നിയമലംഘനവും തമ്മിലുംവലിയ ബന്ധമുണ്ട്. നിയമം ലംഘിച്ചു ചെയ്യുന്ന പല സംഭവങ്ങളിലും മദ്യത്തിന്റെ വിളയാട്ടമുണ്ട്. കൂലിത്തല്ല്, ഭവനഭേദനം, കൊലപാതകം എന്നു വേണ്ട, കൂട്ട ബലാൽസംഗം വരെ നടക്കുന്നതു മദ്യ ലഹരിയിലാണ് എന്ന് അനവധി പത്രവാർത്തകൾ ഇത് തെളിയിക്കുന്നു. ഒരു കുപ്രസിദ്ധ സ്ത്രീപീഡന കേസിൽ ശിക്ഷിക്കപ്പെട്ട 35 പേരും മദ്യലഹരിയിലായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ തിരഞ്ഞെടുപ്പു ദിവസങ്ങളിൽ സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇലക്ഷന്റെ അന്നും തലേദിവസവും സംസ്ഥാനത്തെ അല്ലെങ്കിൽ മണ്ഡ

ലത്തിലെ എല്ലാ ഷാപ്പുകളും അടച്ചു പൂട്ടിയിരിക്കണമെന്നത് നിർബ ന്ധമുള്ള കാര്യമാണ്. മഹാത്മഗാന്ധിയുടെയും ശ്രീനാരായണഗുരു വിന്റെയും ജന്മ, സമാധി ദിവസങ്ങളുടെ പാവനമായ ആചരണത്തിനും ഷാപ്പുകളടച്ച് മദ്യലഭ്യത നിരോധിക്കുന്നില്ലേ, സർക്കാർ?

1947-ൽ തിരുക്കൊച്ചിയിൽ മദ്യനിരോധന നിയമം (Act of 1947 & 1948) നിലവിലിരുന്നു. മലബാർ, മദ്രാസ് പ്രവിശ്യയിലുൾപ്പെട്ടിരുന്നതിനാൽ 1937 മുതൽ അവിടെയും മദ്യനിരോധന നിയമമുണ്ടായിരുന്നു (Malabar Prohibition Act of 1937). തിരുക്കൊച്ചി സംസ്ഥാനത്ത് എല്ലാ വിധ ലഹരി വസ്തുക്കളും (Liquor) നിരോധിച്ചുകൊണ്ട് TC Prohibitions Act of 1950 തിരുക്കൊച്ചി പ്രജാസഭ പാസ്സാക്കിയിരുന്നു. ഈ നിയമം 1960-ൽ Act 25 ആയി കേരള സംസ്ഥാനത്ത് പരിഷ്കരിച്ചിരുന്നു. 1967 വരെ ഈ നിയമം തുടർന്നിരുന്നു. നിയമവിരുദ്ധമായ ഒരു നടപടി ക്രമത്തിലൂടെ SRO No. 104/67 ആയി 1967 ഏപ്രിൽ 28-ന് സർക്കുലറുപയോഗിച്ച് 30 വർഷം നിലവിലിരുന്ന മദ്യനിരോധനം ഇ.എം.എസ്. സർക്കാർ പിൻവ ലിച്ചു. 1967 മുതലുള്ള കാലഘട്ടത്തിൽ കുറ്റകൃത്യങ്ങളും വാഹനാപക ടങ്ങളും അതിനു മുമ്പുണ്ടായിരുന്ന 30 വർഷത്തേക്കാൾ അനേകം മടങ്ങു വർദ്ധിച്ചതായി പോലീസിന്റെയും ക്രിമിനൽ കോടതിയുടേയും രേഖകൾ പരിശോധിച്ചാലറിയാം.

1970, 80, 90, 2000 എന്നീ നാലു ദശകങ്ങളിലെ കണക്കുകൾ പരിശോ ധിച്ചാൽ, ഉണ്ടാക്കിയ മദ്യത്തിലും ഉപയോഗിച്ച ആളുകളുടെ എണ്ണ ത്തിലും ഉണ്ടായ വർദ്ധന അതിഭീമവും ഭീകരവുമാണ്. വർദ്ധിച്ച മദ്യ ദുരന്തങ്ങൾ, വാഹനാപകടങ്ങൾ, പെരുകിയ കുടുംബ കലഹങ്ങൾ, തത്ഫലമായുണ്ടായ ആത്മഹത്യകൾ, കർഷക ആത്മഹത്യകൾ ഇവ യുടെയെല്ലാം പിന്നിൽ മദ്യപാനമായിരുന്നു വില്ലൻ.

മദ്യം ആരോഗ്യത്തിന് ഹാനികരമാണെന്ന് സർക്കാരും സമ്മതിക്കുന്നു. ഈ വസ്തു മാരകമാണെന്നും വിഷകരമാണെന്നും അർത്ഥം വരുന്ന "noxious & deleterious" എന്നീ രണ്ടു വാക്കുകളിലൂടെയാണ് ഇക്കാര്യം ഭരണഘടനയിൽ വിവക്ഷി ച്ചിരിക്കുന്നത്. മദ്യമുപയോഗിക്കുന്നവൻ തന്റെ ആരോഗ്യത്തിനു മാത്രമല്ല, താനുൾപ്പെടുന്ന വിശാലസമൂഹത്തിന്റെയും ആരോഗ്യത്തിന്

ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യഹാനി വരുത്തുന്നു. രാഷ്ട്രത്തിലെ പൗരന്മാരുടെ മനസ്സാക്ഷിക്കു രൂപം നല്കുന്ന ഭരണഘടന ഒരു സുപ്രധാന നിർദ്ദേശം വഴി, ലഹരി പിടിപ്പിക്കുന്ന മദ്യത്തിന്റെ ഉത്പാദനം, മിശ്രണം, കൈവശം സൂക്ഷിക്കൽ, കൊണ്ടുപോകൽ, വാങ്ങൽ, വിൽക്കൽ തുടങ്ങിയ വ്യാപാരങ്ങൾ ഔഷധപരമായ കാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തി യിരിക്കുന്നു. ഭരണഘടനാപരമായ ഈ സത്യത്തിലൂന്നി നിന്നു കൊണ്ടാവണം, സംസ്ഥാനങ്ങൾ നിയമങ്ങളുണ്ടാക്കാൻ എന്ന്, ആർട്ടിക്കിൾ 246-ൽ രണ്ടും മൂന്നും വിഭാഗങ്ങൾ നിഷ്കർഷിക്കുന്നു. ഭരണഘടനയോടനുബന്ധമായ ഏഴാം ഷെഡ്യൂളിൽ സംസ്ഥാനം നിയമമുണ്ടാക്കേണ്ട വിഷയങ്ങളുടെ രണ്ട് ലിസ്റ്റ് ചേർത്തിട്ടുണ്ട്. അതിൽ രണ്ടാമത്തേതിലാണ്, ലഹരിപ്പിച്ച് മദിപ്പിക്കുന്ന മദ്യം (intoxicating liquor) ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ 113 കാര്യങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും, എട്ടാമത്തെ കാര്യത്തെക്കുറിച്ച് മാത്രമേ, സംസ്ഥാനം വ്യക്തമായ നിയമം ഉണ്ടാക്കണമെന്ന് കണിശമായ നിബന്ധന പറഞ്ഞിട്ടുള്ളൂ. ഇതാണ് ആർട്ടിക്കിൾ 47. അതായത് ഔഷധാവശ്യത്തിനു മാത്രമേ ലഹരിപ്പിക്കുന്ന മദ്യം, ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ കടത്തികൊണ്ടു പോവുകയോ ചെയ്യാവൂ എന്ന്.

ഒന്നുകൂടി വ്യക്തമാക്കിയാൽ, ഔഷധാവശ്യത്തിനല്ലാതെ മദ്യത്തിന്റെ വ്യാപകമായ ഉത്പാദനം ഒരു പൗരനും അനുവദിച്ചിട്ടില്ല. ഇതിൽ നിന്നു വ്യത്യസ്തമായോ ഇതിനു വിപരീതമായോ ഏതു സർക്കാർ നിയമം ഉണ്ടാക്കിയാലും, ഭരണഘടന ഭാരതപൗരനും നല്കുന്ന അവ കാശങ്ങൾക്ക് വിരുദ്ധമാകയാൽ, അതനുസരിക്കാൻ നാം ബാധ്യസ്ഥരല്ല. പകരം, അതിനെ സമൂഹനന്മയ്ക്കുവേണ്ടി എതിർക്കാൻ നമുക്കവകാശമുണ്ട്; എതിർക്കാൻ നാം ബാധ്യസ്ഥരുമാണ്. ഭക്ഷ്യവസ്തു നിയമമനുസരിച്ച്, മദ്യം ഒരു ഭക്ഷണമോ, പാനീയമോ ഭക്ഷണത്തിൽ ചേർക്കാവുന്ന ഒരു മായവസ്തുവോ അല്ല. അതു വെറും വിഷമായ ഒരു ഹാനിവസ്തു മാത്രമാണ്. മദ്യം മരുന്നിനു മാത്രമേ ഉപയോഗിക്കാവൂ.

സർക്കാർ അനുമതിയോടെ നടക്കുന്ന മദ്യത്തിന്റെ ഉത്പാദന വിതരണങ്ങൾക്കെതിരെ മദ്യവിരുദ്ധപ്രവർത്തകർ ചെയ്തുകൊണ്ടിരിക്കുന്ന ധർണ്ണ, സത്യാഗ്രഹം തുടങ്ങിയ പ്രതിരോധപ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. ഭരണഘടന അനുവദിക്കുന്ന അവകാശങ്ങൾക്കായി നടത്തുന്ന പോരാട്ടങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എല്ലാ പിന്തുണയും നല്കുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട് നിറുത്തുന്നു.

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
**ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി**

**പി.ഒ.സി., കൊച്ചി,**
**18.12.2009**

---

ഈ സർക്കുലറിന്റെ പ്രസക്തഭാഗങ്ങൾ ദൈവാലയത്തിൽ വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

---

## *സീറോ-മലബാർ മിഷൻ ഞായർ*

***2010 ജനുവരി 10***

സീറോ മലബാർ മിഷൻ ഞായറിനോടനുബന്ധിച്ചുള്ള പിരിവ് മുൻകൂട്ടി അറിയിച്ച് നടത്തി പിരിഞ്ഞുകിട്ടുന്ന തുക ബഹു. പ്രൊക്യുറേറ്ററച്ചനെ ഫെബ്രുവരി 6-നു മുമ്പായി ഏല്പിക്കേണ്ടതാണ്.

## അറിയിപ്പ്

പുതിയ മാർക്കു രജിസ്റ്റർ തയ്യാറായിട്ടുണ്ട്. വില : 130 രൂപാ. പുതിയ മാർക്കുരജിസ്റ്ററിൽ എഴുതുന്നത് കൂടുതൽ അഭികാമ്യമാണ്.

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ : മിശിഹായുടെ മനോഭാവമുള്ളവൻ

(തിരുവചനഭാഗം: ഫിലിപ്പി. 2:1-30)

മിശിഹായുടെ പിറവിത്തിരുനാളിനൊരുക്കമായുള്ള മംഗലവാർത്താക്കാലത്തിൽ മിശിഹായുടെ മനുഷ്യാവതാരത്തെപ്പറ്റിയും മനുഷ്യാവതാരത്തിൽ പ്രകടമാകുന്ന മിശിഹായുടെ മനോഭാവത്തെപ്പറ്റിയും ധ്യാനിക്കുക തികച്ചും ഉചിതമാണ്. ഇതേപ്പറ്റി വി. പൗലോസ്ശ്ലീഹാ ഫിലിപ്പിയിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ പറയുന്ന ഭാഗമാണ് ഇപ്രാവശ്യം നാം വിചിന്തനത്തിന് വിഷയമാക്കുക. വിശുദ്ധ കുർബാനയിൽ സ്ഥാപനവാക്യങ്ങൾക്ക് തൊട്ടുമുമ്പുള്ള മൂന്നാം ഗ്ഹാന്താ പ്രാർത്ഥന ഈ വചനഭാഗം ഉദ്ധരിക്കുന്നുണ്ടെന്നുള്ളത് ഈ വചനഭാഗത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### 1. ഹൃദയൈക്യം അഥവാ കൂട്ടായ്മ

*"നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ദൈവസ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവുമുള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ"* (വാ. 2).

ഫിലിപ്പിയിലെ സഭയിൽ വിഭജനം സൃഷ്ടിച്ച ഏതോ സാഹചര്യം മനസ്സിലാക്കിയാവണം തടവിലായിരുന്നപ്പോൾ ശ്ലീഹാ ഈ ലേഖനം എഴുതിയത്. ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേയ്ക്ക് പ്രവേശിച്ചവരുടെ സമൂഹമെന്ന നിലയിൽ ത്രിത്വകൂട്ടായ്മയിലെ മൂന്നാളുകളുടെ പരസ്പര കൂട്ടായ്മാസ്വഭാവം സഭയിൽ പ്രതിഫലിക്കണം. ചിന്തയിലും സ്നേഹത്തിലും അരൂപിയിലും അഭിപ്രായത്തിലും ഐക്യം പുലർത്തുന്ന ഒരു ജീവിതം സഭയിൽ ദൃശ്യമാകണം. സ്വന്തം ചിന്തകളും ഇഷ്ടങ്ങളും അഭിപ്രായങ്ങളും വിഭജനത്തിനു കാരണമാകാൻ സാദ്ധ്യതയുണ്ട്. സ്നേഹത്തിനും കൂട്ടായ്മയ്ക്കും പരമപ്രാധാന്യം നല്കി അവയെ നിയന്ത്രിക്കുവാൻ എല്ലാവരും ശ്രദ്ധിച്ചെങ്കിൽ മാത്രമേ ഐക്യം പുലരുകയുള്ളൂ. മിശിഹാ തന്റെ താല്പര്യങ്ങളും ഇഷ്ടങ്ങളും പിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായി വിധേയപ്പെടുത്തിയത് എല്ലാവർക്കും മാതൃകയാകണം. ഇങ്ങനെ ഐക്യം നിലനിർത്തുവാൻ തടസ്സങ്ങളായി മൂന്നു കാര്യങ്ങളാണ് ശ്ലീഹാ ഇവിടെ എടുത്തു പറയുന്നത്: "മാത്സര്യം, വ്യർത്ഥാഭിമാനം, സ്വകാര്യ തല്പരത: മാത്സര്യമോ, വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്.... സ്വന്തം താല്പര്യംമാത്രം നോക്കിയാൽ പോരാ" (വാ. 3-4).

പുരോഹിതജീവിതത്തിലും ശുശ്രൂഷയിലും പരമപ്രാധാന്യമർഹിക്കുന്ന ഒന്നാണ് കൂട്ടായ്മ അഥവാ ഹൃദയൈക്യം. സഭയിൽ ഒരു പുരോഹിതനേയുള്ളൂ. അത് മിശിഹാ മാത്രമാണ്. സഭയിൽ പുരോഹിത ശുശ്രൂഷ നിർവ്വഹിക്കുന്ന മെത്രാന്മാരും വൈദീകരും ഡീക്കന്മാരും മിശിഹായുടെ ഏകപൗരോഹിത്യത്തിൽ പങ്കുചേരുന്നവർ മാത്രമാണ്. എല്ലാ സഭാ ശുശ്രൂഷകരും ഏകപുരോഹിതനായ മിശിഹായെ സഭാമദ്ധ്യേ സന്നിഹിതരാക്കേണ്ടവരാണ്. ഇത് സാദ്ധ്യമാകണമെങ്കിൽ അവർ പരസ്പരം ഹൃദയൈക്യത്തിൽ വർത്തിക്കണം. സ്വന്തം അഭിപ്രായങ്ങളും ചിന്തകളും താല്പര്യങ്ങളും പൊതുനന്മയ്ക്കുവേണ്ടി ത്യജിക്കുവാൻ അവർ തയ്യാറാകണം. മാത്സര്യത്തിനും വ്യർത്ഥാഭിമാനത്തിനും സ്വകാര്യതല്പരതയ്ക്കും അവരുടെ ഇടയിൽ സ്ഥാനമുണ്ടാകരുത്. അജപാലനശുശ്രൂഷയുടെ എല്ലാതലങ്ങളിലും ഈ ഹൃദയൈക്യം കാത്തുസൂക്ഷിക്കുവാൻ പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

## 2. സ്വയം ശൂന്യമാക്കൽ

*"ഈശോമിശിഹായ്ക്കുണ്ടായിരുന്ന മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്, ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയി തീർന്നു... മരണംവരെ, അതെ കുരിശുമരണം വരെ, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി"* (വാ. 5-8).

സ്വയം ശൂന്യമാക്കലിലൂടെ മാത്രമേ സ്നേഹവും ഐക്യവും നിലനിർത്താനാവൂ എന്ന് ഇവിടെ പ്രത്യേകം എടുത്തു പറയുകയാണ്. ഇതിനു നമുക്ക് മാതൃകയും ഉറവിടവുമാകേണ്ട ഈശോമിശിഹായുടെ സ്വയം ശൂന്യമാക്കലാണ് ഇവിടെ വിവരിക്കുക. ദൈവത്തിന്റെ രൂപംവിട്ട് മനുഷ്യന്റെ രൂപം സ്വീകരിച്ചു എന്നത് ഈ ശൂന്യമാക്കലിന്റെ അസാധാരണത്വം വ്യക്തമാക്കുന്നുണ്ട്. 'രൂപം' എന്ന വാക്കിന് (ഗ്രീക്കുഭാഷയിൽ 'മോർഫേ') 'മാറ്റംവരാത്ത ഒരവസ്ഥ' എന്നർത്ഥമുണ്ട്. ദൈവത്വവും മനുഷ്യത്വവും മാറ്റംവരാത്ത രണ്ട് അവസ്ഥകളാണ്. ശിശുത്വത്തിലും, ബാല്യത്തിലും, യൗവനത്തിലും, വാർദ്ധക്യത്തിലും മനുഷ്യത്വത്തിന് മാറ്റമില്ല. മാറ്റംവരാത്ത ദൈവത്തിന്റെ അവസ്ഥവിട്ട് മാറ്റം വരുന്ന മനുഷ്യന്റെ അവസ്ഥ സ്വീകരിക്കുവാൻ ഈശോ സന്നദ്ധനായി. ഇത് ഒരു അസാധാരണ ശൂന്യമാക്കലാണ്. അത് മനുഷ്യനോടുള്ള സ്നേഹത്തെ പ്രതിയാണ്.

ഈ സ്വയം ശൂന്യമാക്കലിന്റെ തനിമ നാം മനസ്സിലാക്കുന്നത് അതിന്റെ അനുസരണാമൂല്യത്തിലാണ്. ഈശോ ദൈവത്തിന്റെ രൂപം മുറുകെപിടിക്കാതെ ദാസന്റെ രൂപം സ്വീകരിച്ചു. ഈശോയുടെ ജീവിതംമുഴുവനും ഒരു അനുസരണജീവിതമായിരുന്നു. നിത്യപുരോഹിതനെന്ന നിലയിൽ ഈശോയുടെ ബലിയർപ്പണമായിരുന്നു തന്റെ അനുസരണാജീവിതം (ഹെബ്രാ

10:5-10). മരണം ബലിയർപ്പണത്തിന്റെ മൂർദ്ധന്യാവസ്ഥയാണെങ്കിൽ ഉത്ഥാനം ബലി സ്വീകരണമാണ്. മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതർ അവിടുത്തെ ബലിയർപ്പണത്തിലും പങ്കുചേരണം. അനുസരണാജീവിതത്തിലൂടെ ഈശോമിശിഹായെപ്പോലെ ജീവിക്കുമ്പോൾ മാത്രമേ ഈ വിധത്തിൽ ബലിയർപ്പിക്കാൻ പുരോഹിതന് കഴിയുകയുള്ളൂ. ഹയരാർക്കിയോടും സഹോദരവൈദികരോടും വിശ്വാസികളോടുമുള്ള പുരോഹിതന്റെ ബന്ധത്തിൽ ഈ അനുസരണം പ്രാവർത്തികമാക്കണം. അപ്പോൾ തന്റെ ജീവിതബലി ദൈവത്തിന് സ്വീകാര്യമാക്കിത്തീർത്ത ഈശോയുടെ ഉത്ഥാനാനുഭവത്തിലും പുരോഹിതന് പങ്കുചേരാം.

## 3. ലോകത്തിന്റെ വെളിച്ചം

*"അങ്ങനെ നിങ്ങൾ നിർദ്ദോഷകരും നിഷ്കളങ്കരുമായിത്തീർന്ന് വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെയിടയിൽ കുറ്റമറ്റ ദൈവമക്കളാവട്ടെ; അവരുടെ മദ്ധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ"* (വാ. 15).

ലോകത്തിന്റെ വെളിച്ചമായിട്ടാണ് ഈശോ ലോകത്തിലേക്കു വന്നത് (യോഹ 8:12). വെളിച്ചം എല്ലാം ആയിരിക്കുന്നതുപോലെ കാണാനും ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുവാനും നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ പദ്ധതി അഥവാ ഹിതം വെളിപ്പെടുത്തുന്നവനെന്ന നിലയിലാണ് ഈശോ ലോകത്തിന്റെ പ്രകാശമായത്. ദൈവത്തെ വെളിപ്പെടുത്തുന്നവനെന്ന നിലയിൽ (യോഹ 1:18) ദൈവത്തിന്റെ ഹിതത്തിനനുസൃതമായി ജീവിതത്തെ ക്രമീകരിക്കുവാൻ ഈശോയിലുള്ള വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. ലോകത്തിന്റെ വെളിച്ചമായി വന്ന ഈശോയെ ഇന്നു ലോകത്തിനു നല്കേണ്ടത് സഭയാണ്. ഇത് സാദ്ധ്യമാകണമെങ്കിൽ സഭാംഗങ്ങൾ ഈശോയെപ്പോലെ ദൈവഹിതമനുസരിച്ച് ജീവിക്കുന്നവരാകണം; കുറ്റമറ്റ ദൈവമക്കളാകണം. അതുകൊണ്ടാണ് വി. പൗലോസ് പറയുന്നത്: "നിങ്ങൾ ജീവന്റെ വചനത്തെ മുറുകെപ്പിടിക്കുവിൻ" (വാ. 16). ദൈവവചനം ദൈവഹിതമാണ്. വചനാധിഷ്ഠിതജീവിതം നയിച്ചാൽ നമുക്ക് ലോകത്തിന്റെ വെളിച്ചമാകാൻ കഴിയും.

സഭയെ ലോകത്തിന്റെ വെളിച്ചമാകത്തക്കവിധം കെട്ടിപ്പടുക്കുന്ന ശുശ്രൂഷയാണ് ശുശ്രൂഷാപൗരോഹിത്യത്തിന്റേത്. അതുകൊണ്ട് പുരോഹിതർതന്നെ സഭാമദ്ധ്യേ വെളിച്ചമായി പ്രകാശിക്കണം. വചനശുശ്രൂഷ പൗരോഹിത്യത്തിന്റെ പ്രഥമ ശുശ്രൂഷയാണ് (അപ്പ. പ്രവ 6:4). വചനശുശ്രൂഷ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മാത്രമല്ല ജീവിതത്തിലൂടെയും നിർവ്വഹിക്കുവാൻ പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നു. ജീവിതമാണ് പ്രഘോഷണം. ജീവിതമില്ലെങ്കിൽ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും വിശ്വാസ്യതയില്ല. വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രാവർത്തികമാക്കുന്ന വചനശുശ്രൂഷയ്ക്ക് വിശ്വാസ്യത നൽകുന്നത് ജീവിതമാണ്. അതുകൊണ്ട് ഓരോ പുരോഹിതനും വചനത്തെ മുറുകെ പിടിക്കുന്നവനും വച

നത്തിന്റെ വെളിച്ചം ജീവിതത്തിലൂടെ പ്രകാശിപ്പിക്കുന്നവനുമാകണം. തന്റെ വചനശുശ്രൂഷയിലൂടെ സഭയെ വചനപ്രഘോഷണശേഷിയുള്ള ഒരു സമൂഹമായി കെട്ടിപ്പടുക്കണം. അങ്ങനെ സഭാമക്കൾ കുറ്റമറ്റ ദൈവമക്കളായി തീർന്ന് ലോകത്തിന്റെ മദ്ധ്യേ വെളിച്ചമായി പ്രകാശിക്കുവാൻ തക്കവിധം വചനശുശ്രൂഷ നിർവ്വഹിക്കുവാൻ പുരോഹിതർക്ക് കഴിയണം.

### 4. മറ്റുള്ളവരുടെ കാര്യത്തിൽ ആത്മാർത്ഥമായ താല്പര്യം

*"അവനെപ്പോലെ നിങ്ങളുടെ കാര്യത്തിൽ ആത്മാർത്ഥമായി താല്പര്യമുള്ള വേറൊരാൾ എനിക്കില്ല"* (വാ. 20)

പൗലോസുമായി ഏറ്റവുമടുത്ത് സഹകരിച്ച ഒരു വ്യക്തിയാണ് തിമോത്തിയോസ്. 'കർത്താവിൽ തന്റെ മകൻ' എന്ന് വിശേഷിപ്പിക്കുവാൻ തക്കവിധം അത്രവലിയ ബന്ധമാണ് അവർ തമ്മിലുണ്ടായിരുന്നത് (1 കോറി 4:17). തന്റെ ലേഖനങ്ങളിൽ പലതും തിമോത്തിയോസിന്റെ സഹകരണത്തോടുകൂടിയാണ് പൗലോസ്ശ്ലീഹാ എഴുതിയത്. റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ അവർക്ക് ആശംസകൾ അർപ്പിക്കുവാൻ തിമോത്തിയോസും ശ്ലീഹായോട് ചേരുന്നുണ്ട് (റോമ 16:21). ഏതെങ്കിലും സഭയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനും, ഏതെങ്കിലും സഭയിലേക്ക് തനിക്കുപകരം പോകുന്നതിനും തിമോത്തിയോസിനെയാണ് ശ്ലീഹാ നിയോഗിച്ചിരുന്നത്. എവിടെയും വിശ്വസിച്ച് അയയ്ക്കാമായിരുന്ന, എവിടെയും പോകാൻ സന്നദ്ധനായിരുന്ന ഒരാളായിട്ടാണ് ശ്ലീഹാ തിമോത്തിയോസിനെ കരുതിയിരുന്നത്.

തിമോത്തിയോസിന്റെ ഏറ്റവും വലിയ സവിശേഷതയായി പൗലോസ് ശ്ലീഹാ കരുതിയിരുന്നത് മറ്റുള്ളവരുടെ കാര്യത്തിലുള്ള ആത്മാർത്ഥമായ താല്പര്യമാണ്. സാധാരണഗതിയിൽ മനുഷ്യരെല്ലാം സ്വന്തം കാര്യങ്ങളിൽ തല്പരരാണ്. എന്നാൽ തിമോത്തിയോസ് അങ്ങനെയായിരുന്നില്ല. മിശിഹായുടെ സഭയിൽ മിശിഹായെയും മിശിഹായുടെ ശുശ്രൂഷകരെയും ശുശ്രൂഷിക്കുന്നതിലായിരുന്നു തിമോത്തിയോസിന്റെ ഏറ്റവും വലിയ സന്തോഷം. രണ്ടാംസ്ഥാനംകൊണ്ട് തൃപ്തിപ്പെടുന്നവരുടെ മദ്ധ്യസ്ഥനായിരുന്നു തിമോത്തിയോസ് എന്നു പറയാം. ശുശ്രൂഷിക്കുക എന്നതുമാത്രമായിരുന്നു അദ്ദേഹത്തിന്റെ ഏക ലക്ഷ്യം. "പുത്രൻ പിതാവിനോടൊത്ത് എന്നതുപോലെ അവൻ എന്നോടൊത്ത് സുവിശേഷത്തിനു ശുശ്രൂഷ ചെയ്തു" (വാ. 23). സ്ഥാനമാനങ്ങളോ, അംഗീകാരമോ നോക്കാതെ മറ്റുള്ളവരുടെ നന്മമാത്രം ലക്ഷ്യമാക്കിക്കൊണ്ട് സുവിശേഷ ശുശ്രൂഷ ചെയ്ത ഒരു വ്യക്തി എന്ന നിലയിൽ തിമോത്തിയോസ് എല്ലാ പുരോഹിതർക്കും പ്രചോദനവും മാതൃകയുമാണ്.

### 5. ശുശ്രൂഷയിൽ വിശ്വസ്തത

*"അവനെപ്പോലെയുള്ളവരെ നിങ്ങൾ ബഹുമാനിക്കണം. കാരണം, മിശിഹായ്ക്കുവേണ്ടിയുള്ള ശുശ്രൂഷയിൽ അവൻ മരണത്തിന്റെ വക്കുവരെ എത്തി"* (വാ. 29-30).

പൗലോസ്ശ്ലീഹാ തടവിലായെന്നു കേട്ടപ്പോൾ ഫിലിപ്പിയാക്കാർ എപ്പ ഫ്രോദിത്തോസിനെ തങ്ങളുടെ ഒരു സമ്മാനമായി ശ്ലീഹായുടെ അടുക്കൽ വിട്ടു. മാത്രമല്ല, ശ്ലീഹായോടുകൂടി താമസിച്ച് അദ്ദേഹത്തെ ശുശ്രൂഷിക്കണമെന്നും അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ടാവും. എപ്പഫ്രോദിത്തോസ് വലിയ ധൈര്യശാലിയായിരുന്നിരിക്കണം. കാരണം തടവുകാർക്ക് ശുശ്രൂഷ ചെയ്യുന്നവൻ അവരുടെ തെറ്റുകളിൽ പങ്കുകാരാണെന്ന് തെറ്റിദ്ധരിക്കപ്പെടാനുള്ള സാഹചര്യമുണ്ടായിരുന്നു. അതുകൊണ്ട് കുറ്റംവിധിക്കപ്പെട്ട് വധിക്കപ്പെടാനുമുള്ള സാദ്ധ്യതയുമുണ്ടായിരുന്നു. അതുകൊണ്ടാണ് "മിശിഹായ്ക്കുവേണ്ടിയുള്ള ശുശ്രൂഷയിൽ അവൻ മരണത്തിന്റെ വക്കുവരെയെത്തി" എന്ന് ശ്ലീഹാ പറയുന്നത്.

സഹനത്തെ അതിജീവിക്കുന്ന ഒരു വിശ്വസ്തതയാണ് എപ്പഫ്രോദിത്തോസിനുണ്ടായിരുന്നത്. പുരോഹിതവർഷത്തിലെ വിഷയമായി പരിശുദ്ധപിതാവ് നല്കിയിരിക്കുന്നത് "മിശിഹായുടെ വിശ്വസ്തത, പുരോഹിതന്റെ വിശ്വസ്തത" എന്നാണല്ലോ. ദൈവീകരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന വ്യക്തി എന്ന നിലയിൽ പുരോഹിതന്റെ ഏറ്റവും വലിയ സവിശേഷത 'വിശ്വസ്തത' ആയിരിക്കണം. ദൈവീകരഹസ്യങ്ങളുടെ ഉടമസ്ഥൻ ദൈവമാണ്. പുരോഹിതർ കാര്യസ്ഥരാണ്. കാര്യസ്ഥരുടെ അടിസ്ഥാനസവിശേഷത വിശ്വസ്തതതന്നെയാണ്. നിത്യപുരോഹിതനായ ഈശോയുടെ ജീവിതത്തിൽ നാം കാണുന്നത് തന്നെ അയച്ച പിതാവിനോടുള്ള പൂർണ്ണമായ വിശ്വസ്തതയാണ്. അതുകൊണ്ട് ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരിലും ഉണ്ടായിരിക്കേണ്ട ഏറ്റവും വലിയ സവിശേഷതയാണ് വിശ്വസ്തത.

**ജീവിതസൂചിക**

1. മാത്സര്യവും വ്യർത്ഥാഭിമാനവും സ്വകാര്യവ്യഗ്രതയും പൗരോഹിത്യകൂട്ടായ്മ ജീവിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും എനിക്ക് തടസ്സമാകുന്നുണ്ടോ?
2. മനുഷ്യാവതാരം മുതൽ മരണംവരെ ഈശോ ജീവിച്ച സ്വയംശൂന്യമാക്കലിന്റെയും അനുസരണയുടെയും ചൈതന്യം ജീവിക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
3. വചനാധിഷ്ഠിത ജീവിതത്തിലൂടെയും വചനശുശ്രൂഷയിലൂടെയും ലോകത്തിനു വെളിച്ചമായിത്തീരുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നുണ്ട്?
4. സ്ഥാനമാനങ്ങൾ ആഗ്രഹിക്കാതെ മറ്റുള്ളവരുടെ കാര്യത്തിൽ ആത്മാർത്ഥമായ താല്പര്യം പുലർത്തുന്ന ഒരു ശുശ്രൂഷയാണോ ഞാൻ നിർവ്വഹിക്കുന്നത്?
5. മിശിഹായ്ക്കും സഭയ്ക്കുംവേണ്ടിയുള്ള ശുശ്രൂഷയിൽ സഹനത്തെ അതിജീവിക്കുന്ന ഒരു വിശ്വസ്തത എനിക്കുണ്ടോ?

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**1. ബഹു. വൈദികരുടെ ഫോട്ടോ ഡയറക്ടറി**

2009 ഡിസംബർ 15-ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തിയ പ്രിസ്ബിത്തേരിയത്തിൽ പ്രകാശനം ചെയ്ത 'സഹൃദയ' എന്ന ഫോട്ടോ ഡയറക്ടറിയുടെ കോപ്പി ലഭിക്കാത്ത ബഹു. അച്ചന്മാർ ചാൻസിലറച്ചനുമായി ബന്ധപ്പെടുക.

**2. SMS Messaging System**

രൂപതാകേന്ദ്രത്തിൽ നിന്നുള്ള ഔദ്യോഗികവാർത്തകൾ SMS വഴി അറിയിക്കാനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്. Palai Bishop's House ന്റെ abbreviated form ആയ 'TM-PLIBP HSE' എന്ന Source ൽ നിന്നും ലഭിക്കുന്ന സന്ദേശങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നുള്ളതായിരിക്കും.

**3. ഇന്റർനെറ്റ് റേഡിയോ & വീഡിയോ**

പാലാ കമ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ ഇന്റർനെറ്റ് വഴി റേഡിയോ, വീഡിയോ സൗകര്യങ്ങൾ സജ്ജമായിരിക്കുന്നു. വിശദാംശങ്ങൾക്ക് www.palaicom.com എന്ന സൈറ്റ് സന്ദർശിക്കുക.

**4. വികാരി കുർബാനകൾ**

ആണ്ടുവട്ടത്തിൽ ബഹു. വികാരിയച്ചന്മാർ ഇടവകയ്ക്കുവേണ്ടി അർപ്പിക്കേണ്ട പത്തു കുർബാനകൾ താഴെപ്പറയുന്നവയാണ്.

1. ദനഹാ 2. യൗസേപ്പുപിതാവിന്റെ തിരുനാൾ 3. ഈസ്റ്റർ 4. ഈശോയുടെ സ്വർഗ്ഗാരോഹണം 5. പന്തക്കുസ്താതിരുനാൾ 6. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ 7. ദുക്റാന 8. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ 9. ക്രിസ്തുവിന്റെ രാജത്വതിരുനാൾ 10. ക്രിസ്മസ്.

# എഞ്ചിനീയറിംഗ് പഠനത്തിന് സ്കോളർഷിപ്പുകൾ

പാലാ രൂപതയുടെ കീഴിലുള്ള സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ട് എട്ടുവർഷത്തോളമായി. ഇതിനോടകം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ മുൻനിരയിൽ നില്ക്കുന്ന ഒരു കോളേജായി ഇത് വളർന്നിരിക്കുന്നു. ഈ വർഷം ഇവിടെ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സിന് 408 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുകയുണ്ടായി. അതിൽ 180 പേർ (44 ശതമാനം) പാലാ രൂപതയിൽ നിന്നുള്ള വിദ്യാർത്ഥികളാണ്.

കോളേജിന്റെ ആരംഭം മുതൽ തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നു. ഈ വർഷം മുതൽ മെരിറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ ഏതാനും വിദ്യാർത്ഥികൾക്ക് സൗജന്യ പഠനത്തിന് സൗകര്യം ഒരുക്കിയിരിക്കുകയാണ്.

ഇക്കൊല്ലം ഇവിടെ ഒന്നാംവർഷ ബി-ടെക്കിന് പ്രവേശനം ലഭിച്ച 26 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുകയുണ്ടായി. ഇതിൽ ഏറ്റവും ഉയർന്ന റാങ്കു നേടിയ നാലു വിദ്യാർത്ഥിനികൾക്ക് പൂർണ്ണസ്കോളർഷിപ്പുകൾ (ഫ്രീഷിപ്പ്സ്) അനുവദിച്ചു. അതോടൊപ്പം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 18 വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കത്തക്കവിധം പൂർണ്ണമായ സ്കോളർഷിപ്പുകൾ നൽകിയിരിക്കുകയാണ്. പൂർണ്ണ സ്കോളർഷിപ്പിന്റെ തുക 49000 രൂപയാണ്. ഇതോടൊപ്പം ഫീസിന്റെ ഭാഗമായ ഒരു ലക്ഷം രൂപയുടെ പലിശരഹിത ഡെപ്പോസിറ്റിൽ നിന്നുള്ള ഒഴിവും നൽകിയിരിക്കുന്നു. മറ്റുള്ള നാലു വിദ്യാർത്ഥികൾക്ക് 20000 രൂപാ മുതൽ 30000 രൂപാ വരെയുള്ള സ്കോളർഷിപ്പുകളും നൽകുകയുണ്ടായി. ഒന്നാംവർഷ എം.ബി.എ., എം.സി.എ. കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തികപിന്നോക്കമുള്ള കുട്ടികൾക്കും ഗണ്യമായ തുക സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. ബി-ടെക് ഒന്നാം വർഷം സ്കോളർഷിപ്പു നേടിയ വിദ്യാർത്ഥികളുടെ പേരും മറ്റ് വിശദാംശങ്ങളും അടുത്ത പേജിൽ കൊടുത്തിരിക്കുന്നു. ആദ്യത്തെ നാലു പേർ മെരിറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ലഭിച്ചവരാണ്.

ബി-ടെക് പഠനത്തിന്റെ നാലുവർഷവും ഈ സ്കോളർഷിപ്പുകൾ തുടരുന്നതാണ്. ബി-ടെക് രണ്ടും മൂന്നും നാലും വർഷങ്ങളിലെ വിദ്യാർത്ഥികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ ഈ വർഷവും വിതരണം ചെയ്യുകയുണ്ടായി.

**റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട്,**
**വികാരി ജനറാൾ, പാലാ രൂപത**

# ST. JOSEPH'S COLLEGE OF ENGINEERING & TECHNOLOGY, PALAI

## Details of Scholarships - Admission Year 2009 (B.Tech)

| Sl.No. | Name | Parish | Address | Amount |
|---|---|---|---|---|
| 1 | Doyeal K Paul | Athirampuzha | Koottarappally, Athirampuzha P.O. | Full Fee (Rs. 49,000/-+ exemption from deposit of Rs. 1 lakh) |
| 2 | Mahitha Mary Mathew | (Christian Orthodox) | Naralivila Puthen Veedu, S.R.P. Market P.O., Kollam | Full Fee |
| 3 | Joyeal K Paul | Athirampuzha | Koottarappally, Athirampuzha P.O. | Full Fee |
| 4 | Aleesha Reez | (Christian Jacobite) | Puthenveettil, Chottanikkara P.O., Ernakulam | Full Fee |
| 5 | Mejo Kurian | Alphonsapuram | Tharayil, Ayamkudi P.O., Muttuchira | Full Fee |
| 6 | Joseph Mathew | Ayamkudi | Puthenpurackal, Ezhumanthuruthu P.O., Nettithara, Kottayam | Full Fee |
| 7 | Jitty P Tom | Cherpunkal | Poothottal, Mutholy P.O. Neyyoor | Full Fee |
| 8 | Neenu A Muttathu | Sibigiri | Muttathu, Mrala P.O., Thodupuzha | Full Fee |
| 9 | Geena Joseph | Bharananganam | Nellickal, Melampara P.O., Chittanappara | Full Fee |
| 10 | Josna Jose | Neeloor | Vadakkan, Neeloor P.O. | Full Fee |
| 11 | Remya Mathew | Arakulam New | Nellamkuzhiyil, Arakulam P.O. | Full Fee |
| 12 | Geethumol T.S | (Hindu, Ezhava) | Thundathinkalayil, Ettumanoor P.O. | Full Fee |
| 13 | Ditto Joseph | Ramapuram | Melettukunnel, Chakkampuzha P.O., Vellilappilly | Full Fee |
| 14 | Anjumol Antony | Thudanganad | Pathickal, Muttom P.O., Challavayal | Full Fee |
| 15 | Dany George | Pravithanam | Kallampallil, Ullanadu P.O. | Full Fee |
| 16 | Jogi John | Cherpunkal | Koickal, Padinjattinkara P.O. | Full Fee |
| 17 | Tibin Joseph | Kurumannu | Kudilil, Kurumannu P.O. | Full Fee |
| 18 | Georgy George | Mutholapuram | Plathottathil, Mutholapuram P.O., Elanji | Full Fee |
| 19 | Neenu Baby | Thalayolaparambu | Polachirayil, Thalayolaparambu P.O., Thalappara | Full Fee |
| 20 | Jibinraj Antony | Chengalam | Valiaparampil, Chengalam P.O. | Full Fee |
| 21 | Charles Chacko | Pravithanam | Karimamthadathil, Pravithanam P.O. | Full Fee |
| 22 | Sonu P Sabu | Punnathura | Puthenpurackal, Punnathura East P.O. | Full Fee |
| 23 | Balaji V Mallan | (Hindu, Brahmin) | Balaji Nivas, C.M.C. - 30, Cherthala P.O. | Rs. 30,000/- |
| 24 | Jijo Joseph | Aruvithura | Thylammanal, Thidanadu P.O. | Rs. 30,000/- |
| 25 | Deepak Joseph | Urulikunnam | Kallampally, Njandupara P.O., Poovarani (via) | Rs. 30,000/- |
| 26 | Anue Mary Mathew | (Christian Jacobite) | Puthenpurakkal, Pattimattom P.O., Kummanode, Ernakulam | Rs. 20,000/- |

# Collection List - Churches - 2009

| | Total Collection | | Mission Sunday | |
|---|---|---|---|---|
| | Amount | Per Capita | Amount | Per Capita |
| ADIVARAM | 14500 | 13.24 | 1500 | 1.37 |
| ADUKAM | 3750 | 4.73 | 750 | 0.95 |
| AIMCOMBU | 13728 | 17.44 | 4100 | 5.21 |
| ALPHONSAGIRI | 4814 | 9.82 | 500 | 1.02 |
| ALPHONSAPURAM | 6110 | 6.64 | 800 | 0.87 |
| AMPARANIRAPPEL | 11900 | 6.47 | 3000 | 1.63 |
| ANTHIALAM | 17651 | 16.05 | 3000 | 2.73 |
| ANTHINADU | 19050 | 15.48 | 5000 | 4.06 |
| ARAKULAM NEW | 36485 | 18.24 | 7780 | 3.89 |
| ARAKULAM OLD | 14500 | 11.15 | 3000 | 2.31 |
| ARUNAPURAM | 10200 | 6.79 | 3500 | 2.33 |
| ARUNOOTTIMANGALAM | 29589 | 13.92 | 6864 | 3.23 |
| ARUVITHURA | 189470 | 21.26 | 51155 | 5.74 |
| AYYAMPARA | 12620 | 11.91 | 1840 | 1.74 |
| BHARANANGANAM | 87090 | 16.67 | 30000 | 5.74 |
| CHAKKAMPUZHA | 18324 | 11.57 | 6621 | 4.18 |
| CHEMMALAMATTAM | 59775 | 17.03 | 7510 | 2.14 |
| CHEMPILAVU | 12932 | 12.56 | 4197 | 4.07 |
| CHENNAD | 3500 | 1.87 | — | — |
| CHERPUMKAL | 101261 | 19.30 | 25580 | 4.87 |
| CHETTUTHODU | 22908 | 27.57 | 8876 | 10.68 |
| CHITTAR | 16246 | 14.84 | 3010 | 2.75 |
| CHOLATHADAM | 4250 | 9.06 | 500 | 1.07 |
| CHOONDACHERY | 4000 | 9.09 | — | — |
| EDADU | 5755 | 15.14 | 750 | 1.97 |
| EDAMARUKU | 25205 | 18.81 | 8015 | 5.98 |
| EDAPPADY | 10601 | 6.84 | 2500 | 1.61 |
| ELAMTHOTTAM | 19806 | 16.76 | 4050 | 3.43 |
| ELANJI | 50431 | 10.46 | 11680 | 2.42 |
| ELAPPALLY | 1500 | 3.16 | 1500 | 3.16 |
| EZHACHERRY | 12347 | 16.66 | 3250 | 4.39 |
| FATHIMAPURAM | 23720 | 18.80 | 6000 | 4.75 |
| GAGULTHA | 8601 | 8.49 | 2000 | 1.97 |
| GEOVALLY | 19913 | 16.88 | 5600 | 4.75 |
| IDAMATTAM | 19602 | 9.56 | 5000 | 2.44 |
| JAIGIRI | 12326 | 9.75 | 3001 | 2.37 |

| | | | | |
|---|---|---|---|---|
| JOSE MOUNT (ILLIARY) | 4627 | 14.55 | 1500 | 4.72 |
| JOSEGIRI | 10300 | 9.95 | 2000 | 1.93 |
| KADANAD | 54693 | 19.39 | 18380 | 6.52 |
| KADAPLAMATTAM | 27265 | 8.08 | 6500 | 1.93 |
| KADUTHURUTHY THAZHATHUPALLY | 71525 | 11.40 | 26346 | 4.20 |
| KAIPPALLY | 9053 | 8.70 | 2750 | 2.64 |
| KAKKOOR | 16767 | 9.17 | 2150 | 1.18 |
| KAKOMBU | 10600 | 14.13 | 2500 | 3.33 |
| KALATHOOKADAVU | 14120 | 11.46 | 7100 | 5.76 |
| KALATHOOR | 13978 | 4.87 | 5475 | 1.91 |
| KALIKAVU | 15520 | 7.18 | 3000 | 1.39 |
| KANJIRAMATTAM | 46971 | 16.84 | 13000 | 4.66 |
| KANJIRATHANAM | 41182 | 12.33 | — | — |
| KARIMPANY | 8250 | 8.59 | 2000 | 2.08 |
| KAROOR | 25126 | 19.75 | 3167 | 2.49 |
| KATTAMPAK | 3400 | 5.06 | — | — |
| KAVALY | 8352 | 24.21 | 1001 | 2.90 |
| KAVEEKUNNU | 20057 | 10.03 | 4050 | 2.03 |
| KAVUMKANDAM | 19475 | 20.94 | 3600 | 3.87 |
| KAYYOOR | 3300 | 3.30 | 2300 | 2.30 |
| KEEZHOOR | 9208 | 8.87 | 1675 | 1.61 |
| KIZHAPARAYAR | 12185 | 9.27 | 2150 | 1.63 |
| KIZHATHADIYOOR | 41321 | 54.01 | 21530 | 28.14 |
| KONDAD | 13611 | 8.73 | 2715 | 1.74 |
| KOODALLOOR | 35060 | 10.16 | 10500 | 3.04 |
| KOOTHATTUKULAM | 11250 | 6.13 | 2500 | 1.36 |
| KOOTTIKAL | 21835 | 14.41 | 4587 | 3.03 |
| KOTHANALLOOR | 32711 | 9.40 | 8000 | 2.30 |
| KOZHUVANAL | 32650 | 9.58 | 14250 | 4.18 |
| KUDAKKACHIRA | 28005 | 16.72 | 4700 | 2.81 |
| KUDAYATHOOR | 20370 | 8.34 | 7200 | 2.95 |
| KULAMAVU | 9612 | 10.66 | 4220 | 4.68 |
| KUNNONNI | 26317 | 18.69 | 4500 | 3.20 |
| KURAVILANGAD | 116953 | 8.04 | 18777 | 1.29 |
| KURICHITHANAM | 13291 | 7.47 | 2001 | 1.12 |
| KURINJI | 23229 | 18.15 | 3766 | 2.94 |
| KURUMANNU | 23650 | 17.52 | 8850 | 6.56 |
| KURUVINAL | 8260 | 6.26 | 3200 | 2.42 |
| LALAM NEW | 47375 | 29.52 | 6000 | 3.74 |
| LALAM OLD | 38000 | 8.84 | 6000 | 1.40 |
| LOURDES MOUNT | 2329 | 10.40 | 1205 | 5.38 |
| MALAPURAM | 10236 | 7.86 | 1110 | 0.85 |

| | | | | |
|---|---|---|---|---|
| MALAYINCHIPARA | 9830 | 6.07 | 3230 | 1.99 |
| MALLIKASSERY | 16750 | 14.57 | 4000 | 3.48 |
| MANALUMKAL | 10600 | 6.86 | 4000 | 2.59 |
| MANATHOOR | 20470 | 10.57 | 5000 | 2.58 |
| MANGALAGIRI | 6105 | 9.98 | 2100 | 3.43 |
| MANGALARAM | 2250 | 4.02 | — | — |
| MANIAMKULAM | 12750 | 14.36 | 2000 | 2.25 |
| MANIAMKUNNU | 11570 | 9.55 | 3500 | 2.89 |
| MANJAMATTAM | 18603 | 20.95 | 3200 | 3.60 |
| MANNACKANAD | 21876 | 10.62 | 5000 | 2.43 |
| MANNAR | 38170 | 23.56 | 7140 | 4.41 |
| MANNARAPPARA | 47480 | 10.18 | 13055 | 2.80 |
| MANVETTAM | 12768 | 3.46 | 3462 | 0.94 |
| MARANGATTUPALLY | 30542 | 7.65 | 10500 | 2.63 |
| MARANGOLY | 20882 | 12.21 | 6020 | 3.52 |
| MARYLAND | 28410 | 21.52 | 8000 | 6.06 |
| MATTAKKARA | 15290 | 13.53 | — | — |
| MAVADY | 7572 | 10.10 | 3000 | 4.00 |
| MEENACHIL | 11784 | 6.27 | — | — |
| MELUKAVUMATTAM | 11637 | 4.74 | 3328 | 1.36 |
| MEVIDA | 3830 | 3.74 | 400 | 0.39 |
| MONIPPALLY | 17869 | 6.50 | 3808 | 1.38 |
| MOOLAMATTAM | 48790 | 10.84 | 17200 | 3.82 |
| MOONNANI | 14052 | 22.96 | 5282 | 8.63 |
| MOONNILAVU | 11063 | 6.04 | — | — |
| MOOZHOOR | 28561 | 11.42 | — | — |
| MULAKULAM | 10460 | 7.55 | 2000 | 1.44 |
| MUNDANKAL | 21915 | 18.39 | 4510 | 3.78 |
| MUTHOLAPURAM | 33257 | 10.22 | 10415 | 3.20 |
| MUTHOLY | 19230 | 12.09 | 5580 | 3.51 |
| MUTTUCHIRA | 98866 | 15.15 | 25491 | 3.91 |
| NAMBIAKULAM | 7382 | 4.33 | 1250 | 0.73 |
| NARIANGANAM | 10250 | 9.07 | 1850 | 1.64 |
| NEELOOR | 27834 | 10.48 | 10001 | 3.77 |
| NEERANTHANAM | 17482 | 10.93 | 3305 | 2.07 |
| NELLAPPARA | 4000 | 11.43 | 1000 | 2.86 |
| NELLIANI | 4502 | 4.09 | 1402 | 1.27 |
| PADUVA | 26551 | 18.58 | 4006 | 2.80 |
| PAIKA | 47105 | 20.48 | 11500 | 5.00 |
| PAINGULAM | 21750 | 16.14 | 2700 | 2.00 |
| PALAI CATHEDRAL | 89223 | 14.92 | 27000 | 4.52 |
| PALAKAD | 7500 | 6.47 | 1500 | 1.29 |

| | | | | |
|---|---|---|---|---|
| PALAKATTUMALA | 7320 | 6.97 | 1000 | 0.95 |
| PALAYAM | 8284 | 6.37 | 3550 | 2.73 |
| PARATHANAM | 9889 | 6.22 | 3060 | 1.92 |
| PAYYANITHOTTAM | 8811 | 11.75 | 3380 | 4.51 |
| PERIAPURAM | 10450 | 7.74 | 2600 | 1.93 |
| PERINGULAM | 24975 | 11.02 | 6250 | 2.76 |
| PERUMTHURUTH | 6660 | 10.74 | 1500 | 2.42 |
| PIRAVOM | 23466 | 13.07 | 4250 | 2.37 |
| PIUSMOUNT | 13250 | 14.72 | 4000 | 4.44 |
| PLASSANAL | 36843 | 14.12 | 20255 | 7.76 |
| POONJAR | 50375 | 10.49 | 18500 | 3.85 |
| POOVAKULAM | 2150 | 2.59 | — | --- |
| POOVARANY | 51850 | 14.40 | 18250 | 5.07 |
| POOVATHODU | 22280 | 13.11 | 7000 | 4.12 |
| PRAVITHANAM | 79590 | 21.96 | 25900 | 7.14 |
| RAMAPURAM | 90267 | 10.16 | 21000 | 2.36 |
| RATNAGIRI | 27075 | 6.27 | 5880 | 1.36 |
| SANTHIGIRI | 2918 | 5.55 | — | — |
| SANTHIPURAM | 7889 | 6.53 | 3257 | 2.70 |
| SIBIGIRI (MUTTAM) | 23870 | 13.00 | 5500 | 3.00 |
| SLEEVAPURAM | 9200 | 6.05 | 1500 | 0.99 |
| TEEKOY | 35223 | 11.73 | 11300 | 3.76 |
| THAKADI | 1280 | 7.27 | 500 | 2.84 |
| THIDANAD | 18130 | 4.66 | 4700 | 1.21 |
| THIRUMARADY | 5750 | 11.73 | 1250 | 2.55 |
| THODANAL | 18257 | 15.55 | 3186 | 2.71 |
| THUDANGANAD | 37898 | 15.47 | 16666 | 6.80 |
| THURUTHIPALLY | 7200 | 3.33 | 5500 | 2.54 |
| UDAYAGIRI | 13936 | 14.65 | 2491 | 2.62 |
| ULLANAD | 35555 | 18.94 | 7020 | 3.74 |
| URULIKUNNAM | 12310 | 11.14 | 3500 | 3.17 |
| URUMPUKAVU (PIZHAKU) | 13874 | 12.71 | 2115 | 1.94 |
| VADAKARA | 27866 | 10.68 | 8000 | 3.07 |
| VAGAMON | 2925 | 5.18 | — | — |
| VAKAKKAD | 23886 | 14.88 | 4315 | 2.69 |
| VAKKAD | 4510 | 3.76 | 900 | 0.75 |
| VALACHIRA | 4050 | 4.07 | 1000 | 1.00 |
| VALAVOOR | 10150 | 6.95 | 2500 | 1.71 |
| VARIANIKKAD | 9317 | 14.65 | 2540 | 3.99 |
| VAYALA | 41091 | 23.70 | 10271 | 5.92 |
| VEDAGIRI | 11750 | 11.90 | 5000 | 5.07 |
| VELANILAM | 5300 | 3.42 | — | — |

| | | | | |
|---|---|---|---|---|
| VELLIAMATTAM | 4900 | 2.12 | — | — |
| VELLIKULAM | 11870 | 6.80 | 3500 | 2.00 |
| VEZHAGANAM | 10792 | 13.16 | 4400 | 5.37 |
| VILAKUMADAM | 22915 | 12.19 | 18100 | 9.63 |
| VIMALAGIRI (CHAKKIKAVU) | 6969 | 14.73 | 850 | 1.80 |
| XAVIERPURAM | 12005 | 8.89 | 5000 | 3.70 |
| YENTHAYAR | 11500 | 4.53 | 6500 | 2.56 |

# Institutions

| | Mission Sunday |
|---|---|
| **Seminary** | |
| GOOD SHEPHERD MINOR SEMINARY | 6,740.00 |
| MAR APREM FORMATION CENTRE | 6,200.00 |
| **College** | |
| ALPHONSA COLLEGE PALA | 10,000.00 |
| **Hospitals** | |
| DEVA MATHA HOSPITAL KOOTHATTUKULAM | 18,000.00 |
| H.G. M. HOSPITAL MUTTUCHIRA | 17,686.00 |
| MARIAN CENTRE ARUNAPURAM | 15,001.00 |
| CARMEL MEDICAL CENTRE PALA | 14,500.00 |
| MAR KAVUKATTU HOSPITAL PRAVITHANAM | 10,000.00 |
| B.V.M.C. MOOLAMATTAM | 5,000.00 |
| **Hostels** | |
| SANTHI HOSTEL KOTTARAMATTAM | 6,100.00 |
| ADORATION HOSTEL PALA | 4,200.00 |
| S. H. HOSTEL ARUNAPURAM | 3,050.00 |
| ALPHONSA HOSTEL ARUNAPURAM | 2,600.00 |
| CARMALARAM HOSTEL ARUNAPURAM | 2,010.00 |
| ST.PAUL’S HOSTEL RAMAPURAM | 1,300.00 |
| **Higher Secondary Schools** | |
| HOLY CROSS H.S.S. CHERPUMKAL | 11,310.00 |
| ST.SEBASTIAN’S H.S.S. KADANAD | 11,080.00 |
| ST.MARY’S H.S.S. KURAVILANGAD | 6,637.00 |
| ST.JOHN’S H.S.S.KOZHUVANAL | 2,700.00 |
| ST.THOMAS H.S.S. PALA | 2,000.00 |
| FATHIMA MATHA H.S.S. PIRAVAM | 2,000.00 |
| ST. AUGUSTINE'S H.S.S. RAMAPURAM | 1,600.00 |
| ST.ANTONY’S H.S.S. PLASSANAL | 1,501.00 |
| ST.XAVIER’S V.H.S.S. KURUPANTHARA | 250.00 |
| **High Schools** | |
| HOLY CROSS HIGH SCHOOL CHERPUMKAL | 11,525.00 |
| ST.SEBASTIAN’S H.S. KADANAD | 8,510.00 |

| | |
|---|---|
| ST.THOMAS HIGH SCHOOL PALA | 5,500.00 |
| L.F. HIGH SCHOOL VADAKARA | 5,001.00 |
| ST.AGNES GIRL'S H.S. MUTTUCHIRA | 5,000.00 |
| ST. ALPHONSA G. H. S. VAKAKKAD | 3,500.00 |
| ST.JOHN NEPUMSIAN'S H.S. KOZHUVANAL | 3,000.00 |
| LITTLE FLOWER H.S. KANJIRAMATTAM | 3,000.00 |
| ST.AUGUSTINE'S H.S. RAMAPURAM | 2,050.00 |
| ST. THOMAS H.S. THUDANGANAD | 1,500.00 |
| SACRED HEART G.H.S RAMAPURAM | 1,200.00 |
| ST. ANTONY'S HIGH SCHOOL PLASSANAL | 1,100.00 |
| ST.XAVIER'S V.H.S. KURUPANTHARA | 750.00 |
| **U.P. Schools** | |
| ST.MARY'S U.P.S. LALAM PALA | 12,510.00 |
| ST.JOSEPH'S U.P.S. MANIAMKUNNU | 3,110.00 |
| ST.PIOUS' U.P.S. PIOUSMOUNT | 1,250.00 |
| ST.JOSPH'S U.P.S. POONJAR | 1,200.00 |
| ST.JOSEPH'S U.P.S. NEELOOR | 1,100.00 |
| ST.JOSEPH'S U.P.S. MALAYINCHIPPARA | 1,001.00 |
| ST.TERESA'S U.P.S. VILAKKUMADAM | 805.00 |
| ST.GEORGE'S U.P.S. URULIKUNNAM | 600.00 |
| ST.MARY'S U.P.S. KALATHOOR | 501.00 |
| **L.P. Schools** | |
| ST.MARY'S L.P.S. LALAM PALA | 8,261.00 |
| L.F. L.P.S. VADAKARA | 1,550.00 |
| ST. LITTLE THERESA'S L.P.S. BHARANAMGANAM | 1,000.00 |
| ST.MARY'S L.P.S. KALATHOOR | 501.00 |
| ST.ANTONY'S L.P.S. MULAKULAM | 250.00 |

## English Medium Schools

| | |
|---|---|
| ALPHONSA RESIDENTIAL SCHOOL BHARANANGANAM | 15,000.00 |
| FATHIMA MATHA CENTRAL SCHOOL PIRAVAM | 3,000.00 |

**Other Institutions**

| | |
|---|---|
| C.M.L. BHARANANGANAM | 10,001.00 |
| S.A.B.S. NAZARETH HILL | 5,000.00 |
| C.M.I. MONASTERY KURIANAD | 4,150.00 |
| ST.JOSEPH'S SUNDAY SCHOOL NEELOOR | 4,000.00 |
| MARY KATHERINE SCHOOL OF NURSING PRAVITHANAM | 3,000.00 |
| C.M.I. ASHRAM POONJAR | 2,150.00 |
| PRIEST HOME MUTTUCHIRA | 1,850.00 |
| CONVENT CHAPEL KALLOORKULAM | 1,250.00 |
| CHILDREN'S HOME KUMMANNOOR | 1,250.00 |
| BOY'S TOWN KAROOR | 1,000.00 |
| C.H. VALAKKATTUKUNNU | 700.00 |
| F.C. CONVENT CLARA NAGAR THIDANAD | 570.00 |

# PRIZE LIST

**Parishes**

**Highest Yearly Collection**

ARUVITHURA
KURAVILANGAD

**Highest Yearly Per Capita**

KIZHATHADIYOOR
LALAM NEW

**Mission Sunday**

**Highest Collection - Mission Sunday**

ARUVITHURA
BHARANANGANAM

**Highest Per Capita - Mission Sunday**

KIZHATHADIYOOR
CHETTUTHODU

**Seminary**

GOOD SHEPHERED MINOR SEMINARY
MAR APREM FORMATION CENTRE

**College**

ALPHONSA COLLEGE PALA

**Hospitals**

DEVA MATHA HOSPITAL KOOTHATTUKULAM
H. G. M. HOSPITAL MUTTUCHIRA

**Hostels**

SANTHI HOSTEL KOTTARAMATTAM
ADORATION HOSTEL PALA

**Higher Secondary Schools**

HOLY CROSS HIGHER SECONDARY SCHOOL CHERPUMKAL
ST.SEBASTIAN'S HIGHER SECONDARY SCHOOL KADANAD

**High Schools**

HOLY CROSS HIGH SCHOOL CHERPUMKAL
ST. SEBASTIAN'S H.S KADANAD

**U.P. Schools**

ST. MARY'S U.P.S. LALAM PALA
ST. JOSEPH'S U.P.S. MANIAMKUNNU

**L.P. Schools**

ST.MARY'S L.P.S. LALAM PALA
L.F.L.P.S. VADAKARA

**English Medium Schools**

ALPHONSA RESIDENTIAL SCHOOL BHARANANGANAM
FATHIMA MATHA CENTRAL SCHOOL PIRAVAM

**Other Institutions**

C.M.L. BHARANANGANAM
S.A.B.S. NAZARETH HILL

N.B. സമ്മാനദാനനിർവ്വഹണം 2010 ജനുവരി 26 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നതാണ്.

# ബൈബിൾ ക്വിസ് മത്സരം

ജയ്ഗിരി ക്രിസ്തുരാജ് സൺഡേ സ്കൂൾ സ്ഥാപിതമായിട്ട് അമ്പതുവർഷം തികയുകയാണ്. സൺഡേ സ്കൂൾ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2010 ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സൺഡേ സ്കൂൾ ഹാളിൽവച്ച് ഒരു രൂപതാതല ബൈബിൾ ക്വിസ് മത്സരം നടത്തപ്പെടുകയാണ്. വിജയികൾക്ക് ക്യാഷ് അവാർഡുകളും പ്രോത്സാഹനസമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്. പ്രസ്തുത മത്സരത്തിൽ അങ്ങയുടെ ഇടവകയിൽ നിന്നും പരമാവധി കുട്ടികളെ തെരഞ്ഞെടുത്ത് അയയ്ക്കുമല്ലോ.

**വിഷയം:** പുറപ്പാട് 1 - 15, വി. യാക്കോബ് എഴുതിയ ലേഖനം, മത്തായി 1 - 14 (80 ശതമാനം) ജനറൽ (20 ശതമാനം).

**1-ാം സമ്മാനം** 3001 രൂപാ, **2-ാം സമ്മാനം** 2001 രൂപാ, **3-ാം സമ്മാനം** 1001 രൂപാ. എൽ.പി. (1-4), യു.പി. (5-8) സെക്കണ്ടറി (9-12) വിഭാഗങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് 251 രൂപാ വീതം ക്യാഷ് അവാർഡുകൾ.

**നിബന്ധനകൾ:**

1. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപാ. 2010 ഫെബ്രുവരി 12-ാം തീയതി 5 പി.എം. വരെ. ഫോണിലൂടെയോ, 13-ാം തീയതി 1 മണി വരെ നേരിട്ടോ രജിസ്ട്രേഷൻ നടത്താവുന്നതാണ്.
2. മത്സരം സൺഡേ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രം (സൺഡേ സ്കൂൾ ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കണം.)
3. അവലംബം പി.ഒ.സി. ബൈബിൾ.
4. മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
5. മത്സരങ്ങൾ എഴുതുന്ന രീതിയായിരിക്കും അവലംബിക്കുക.
6. ഒരു സമ്മാനത്തിനർഹരായവരെ രണ്ടാമതൊരു സമ്മാനത്തിന് പരിഗണിക്കുന്നതല്ല.

**അന്വേഷണങ്ങൾക്കും രജിസ്ട്രേഷനും:**

ഫോൺ: 9744706999, 9961649971, 9605446008

# ഫോർമേറ്റേഴ്സ് കോഴ്സ്

ആലപ്പുഴ (പുന്നപ്ര) ദനഹാലയ - An Year 2000 Great Jubilee Memorial Centre for Psycho Spiritual Growth എന്ന ആരാധനാലയയുടെ പഠനകേന്ദ്രത്തിൽ ഫോർമേറ്റേഴ്സിനുവേണ്ടി 2010 ജൂൺ 15-ാം തീയതി മുതൽ 2011 ഏപ്രിൽ 15-ാം തീയതി വരെ പത്തു മാസങ്ങൾ നീണ്ടുനിൽക്കുന്ന പതിനെട്ടാമത്തെ ദീർഘകാല കോഴ്സും 2010 മെയ് 3-ാം തീയതി മുതൽ 28-ാം തീയതി വരെ നാല് ആഴ്ചകൾ നീണ്ടുനിൽക്കുന്ന രണ്ടാമത്തെ ഹ്രസ്വകാല കോഴ്സും നടത്തപ്പെടുന്നു. ഫോർമേഷൻ അതിനോടു ബന്ധപ്പെടുന്ന ദൈവശാസ്ത്രം, ആദ്ധ്യാത്മികശാസ്ത്രം, മനഃശാസ്ത്രം, പ്രത്യേകിച്ച് ഡെപ്ത് സൈക്കോളജി, മോട്ടിവേഷണൽ ആന്റ് പേഴ്സണാലിറ്റി അസെസ്മെന്റ് തുടങ്ങിയ വിഷയങ്ങളിലും കൗൺസിലിംഗ്, സ്പിരിച്വൽ ഡയറക്ഷൻ, വൊക്കേഷണൽ ഗ്രോത്ത് സെഷൻസ് തുടങ്ങിയ പ്രായോഗികമാർഗ്ഗങ്ങളിൽ പരിശീലനം നല്കുന്നതിലും ആഴമായ അറിവും അനുഭവങ്ങളും ഉള്ള വ്യക്തികൾ ഈ കോഴ്സുകൾ നയിക്കുന്നു. ഫോർമേഷൻ ശുശ്രൂഷയിലും സമൂഹങ്ങളുടെ ആനിമേഷൻ (സുപ്പീരിയേഴ്സ്) ശുശ്രൂഷകളിലും കൂടുതൽ പരിശീലനം ആഗ്രഹിക്കുന്നവർക്ക് ഈ കോഴ്സുകൾ നല്ല അവസരങ്ങളാണ്. ആഴ്ചയിൽ തിങ്കൾ മുതൽ വെള്ളി വരെയായിരിക്കും ഹ്രസ്വകാലകോഴ്സ് നടക്കുക. ഓരോ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും കോഴ്സ് സമയം.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:** Director, Danahalaya, Punnapra, Alappuzha-688 004, Kerala, India. Ph: 0477-2287808, Mob. 9497636538, 9809772722, E-mail: tdaya@rediffmail.com

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### 1. പ്രഥമാദ്ധ്യാപകസമ്മേളനവും, വാർഷികവും

രൂപതയിലെ സൺഡേസ്കൂൾ പ്രഥമാദ്ധ്യാപകരുടെ സമ്മേളനവും, വാർഷികവും 2010 ജനുവരി 26-ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുകയാണല്ലോ. പ്രഥമാദ്ധ്യാപകസമ്മേളനം 26-നു രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടു കൂടി ആരംഭിച്ച് ഉച്ചയോടെ സമാപിക്കും. എല്ലാ പ്രഥമാദ്ധ്യാപകരും സമ്മേളനത്തിനെത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ.

വാർഷികസമ്മേളനം ഉച്ചകഴിഞ്ഞ് 2.15 ന് ആരംഭിക്കും. മാർ ജോസഫ് കല്ലറങ്ങാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകുന്നതാണ്. വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവർ അന്നേദിവസം തന്നെ എത്തി സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്. പിന്നീട് സമ്മാനം ലഭിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### 2. സി.റ്റി.പി.

സി.റ്റി.പി. കോഴ്സ് ആരംഭിച്ചു. പട്രോളജി ക്ലാസ്സുകൾ കഴിഞ്ഞു. ജനുവരി 9-ന് കാറ്റക്കെസിസ് - ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ. ഫെബ്രുവരി 12, 13, 27, മാർച്ച് 13 തീയതികളിൽ ലിറ്റർജി - റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ.

### 3. X, XII ക്ലാസ്സുകളുടെ രജിസ്ട്രേഷൻ

10, 12 ക്ലാസ്സുകളിൽ വാർഷികപരീക്ഷ എഴുതുന്നവരുടെ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി ഡിസംബർ 31 ആയിരുന്നു. ഇനിയും രജിസ്റ്റർ ചെയ്യാത്ത സൺഡേസ്കൂളുകൾ എത്രയും വേഗം ചെയ്യേണ്ടതാണ്.

### 4. X, XI, XII ക്ലാസ്സുകളിലെ രണ്ടാംടേം പരീക്ഷ

10, 11, 12 ക്ലാസ്സുകളിലെ രണ്ടാംടേം പരീക്ഷ ഫെബ്രുവരി 7 ഞായറാഴ്ച 1.45 മുതൽ 4.00 മണി വരെയാണ്.

6 - 10 തീയതി ചോദ്യക്കടലാസ് വിതരണം ചെയ്യുന്നതാണ്.

### 5. വരിസംഖ്യ

മതദർശനം, കുഞ്ഞുമിഷനറി മാസികകളുടെ വരിസംഖ്യ അടയ്ക്കാത്തവർ എത്രയുംവേഗം അടക്കുമല്ലോ.

### 6. ട്രോഫി തിരിച്ചേൽപ്പിക്കുക

കഴിഞ്ഞവർഷം ട്രോഫി കൊണ്ടുപോയവർ, എത്രയുംവേഗം ഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

## സ്കൂൾ വിശ്വാസപരിശീലനം

ജീവിതദർശൻക്യാമ്പ് ജനുവരി - 8 ന് അറക്കുളം സെന്റ് മേരീസ് എച്ച്.എസ്.എ സിൽ.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# കെ.സി.എസ്.എൽ

*വിശ്വാസം, പഠനം, സേവനം*

### 1. രൂപതാ കലോത്സവം

കെ.സി.എസ്.എൽ. രൂപതാകലോത്സവം നവംബർ 27, 28 തീയതികളിൽ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടത്തി. 1500 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർസെക്കണ്ടറി സ്കൂളും ഹൈസ്കൂൾ വിഭാഗത്തിൽ പാലാ സെന്റ് മേരീസും, യു.പി. വിഭാഗത്തിൽ കുന്നോന്നി സെന്റ് ജോസഫ്സ് യു.പി. സ്കൂളും കരസ്ഥമാക്കി.

### 2. യാത്രയയപ്പ് നൽകി

ആറുമാസമായി കെ.സി.എസ്.എൽ. ഓഫീസിൽ റീജന്റായി സേവനമനുഷ്ഠിച്ച ബ്രദർ നിഖിൽ ഇല്ലത്തുപറമ്പിലിന് നവംബർ 27 നു കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിൽ യാത്രയയപ്പു നൽകി.

കെ.സി.എസ്.എൽ. ഓഫീസിൽ പുതിയ റീജന്റായി ബ്രദർ ജോംസ് താന്നിക്കപ്പാറ ചാർജെടുത്തു.

### 3. കളരി മൂന്നാം ലക്കം വിതരണം

കളരി മൂന്നാം ലക്കം വിതരണം ഡിസംബർ 9, 10, 11 തീയതികളിൽ സ്കൂളുകളിൽ നടത്തി.

### 4. ആനിമേറ്റേഴ്സ് മീറ്റിംഗ്

ഡിസംബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ആനിമേറ്റേഴ്സ് മീറ്റിംഗ് നടന്നു. എച്ച്.എസ്.എസ്., എച്ച്.എസ്., യു.പി. വിഭാഗങ്ങളിലെ ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. യോഗത്തിൽ ഡയറക്ടർ ഫാ. തോമസ് പനയ്ക്കക്കുഴി അദ്ധ്യക്ഷത വഹിച്ചു.

പ്രവർത്തനഫണ്ട് സമാഹരണപദ്ധതിയിൽ വിജയികളായവർക്കുള്ള സമ്മാനവും രൂപതാ കലോത്സവത്തിൽ വിജയികളായവർക്കുള്ള ട്രോഫിയും വിതരണം ചെയ്തു. 4 മണിയോടുകൂടി മീറ്റിംഗ് സമാപിച്ചു.

### 5. സംസ്ഥാനകലോത്സവം

കെ.സി.എസ്.എൽ. സംസ്ഥാനകലോത്സവം ജനുവരി 9-ാം തീയതി കോതമംഗലത്ത് വച്ച് നടത്തപ്പെടുന്നു. വിവിധ ഇനങ്ങളായി നൂറോളം കുട്ടികൾ രൂപതയെ പ്രതിനിധീകരിച്ച് മത്സരത്തിൽ പങ്കെടുക്കുന്നതാണ്.

**ഫാ. തോമസ് പനയ്ക്കക്കുഴി (ഡയറക്ടർ)**

# കെ.സി.വൈ.എം.

## ➤ അഖിലകേരള കരോൾഗാനമത്സരം - ഗ്ലോറിയാ '09

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിന്റെ ദിവ്യസുദിനത്തിന്റെ ഓർമ്മയ്ക്കായി കെ.സി.വൈ.എം. പാലാ രൂപതയുടെയും എസ്.ജി.സി. ടെലിവിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 20-ാം തീയതി അരുവിത്തുറ എസ്.ജി.സി. സ്റ്റുഡിയോയിൽ വച്ച് ക്രിസ്മസ് കരോൾഗാനമത്സരം സംഘടിപ്പിക്കുന്നു. ഒരു ടീമിൽ 8 മുതൽ 12 വരെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. മത്സരാർത്ഥികൾക്ക് വാദ്യോപകരണമായി കരോക്കേ സിഡിയോ ഓർഗണോ മാത്രമായിരിക്കും ഉപയോഗിക്കാവുന്നത്. മത്സരവിജയികൾക്ക് യഥാക്രമം 3333, 2222, 1111 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകൾ നൽകുന്ന കരോൾഗാനമത്സരം കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിൽ ഉദ്ഘാടനവും സെന്റ് ജോർജ് കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ സമ്മാനദാനവും നിർവ്വഹിക്കും. മത്സരങ്ങൾ ക്രിസ്മസ് ദിനത്തിൽ എസ്.ജി.സി. ചാനലിൽ സംപ്രേഷണം ചെയ്യുന്നതാണ്. കരോൾഗാനമത്സരത്തിന് രൂപതാപ്രസിഡന്റ് എഡ്വിൻ പാമ്പാറ, ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ, പ്രൊഫസർ ലോപ്പസ് മാത്യു, സുദീപ് പാറടി, സി. ലിനി എസ്.എം.എസ്. എന്നിവർ നേതൃത്വം നൽകുന്നു.

## ➤ കെ.സി.വൈ.എം. രൂപതാവാർഷികം

'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പഠനവിഷയത്തെ ആസ്പദമാക്കി കഴിഞ്ഞ ഒരു വർഷക്കാലം രൂപതയിലെ കെ.സി.വൈ.എം. പ്രവർത്തകർ കർമ്മനിരതരായി പ്രവർത്തിച്ചതിൽ ഏറെ സന്തോഷമുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലത്തെ രൂപതാ എക്സിക്യൂട്ടിവിനോട് ചേർന്ന് വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കുചേർന്നവർക്ക് ഈ അവസരത്തിൽ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ അവലോകനവും വാർഷികവും 27-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇടവകയിൽ നിന്നും പരമാവധി അംഗങ്ങൾ വാർഷികത്തിൽ പങ്കെടുക്കണം.

## ➤ രൂപതാ ഇലക്ഷൻ ക്യാമ്പ്

കെ.സി.വൈ.എം. 2010 പ്രവർത്തനവർഷത്തിലെ നവനേതൃനിരയെ കണ്ടെത്തുന്നതിനുള്ള രൂപതയുടെ ഇലക്ഷൻക്യാമ്പ് 27-ാം തീയതി വൈകുന്നേരം 6 മുതൽ ശാലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. മേഖലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ രൂപതാകൗൺസിൽ അംഗങ്ങളുടെ ഇലക്ഷൻക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇലക്ഷൻക്യാമ്പ് രജിസ്ട്രേഷൻ ഫീസ് 100 രൂപാ.

## ➤ യൂണിറ്റ് രജിസ്ട്രേഷൻ

കെ.സി.വൈ.എം. പാലാ രൂപതയുടെ ഇടവകയൂണിറ്റുകളിൽ ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്തവർ ജനുവരി മാസത്തിനു മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

## ➤ രൂപതാ കലാമത്സരം

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കലാരചനാമത്സരങ്ങൾ നവംബർ 29, ഡിസംബർ 6-ാം തീയതികളിലായി പാലായിൽ വച്ച് നടത്തപ്പെട്ടു. കലാ

മത്സരത്തിൽ അരുവിത്തുറ മേഖല 1-ാം സ്ഥാനവും കുറവിലങ്ങാട് മേഖല 2-ാം സ്ഥാനവും കരസ്ഥമാക്കി.

### ➤ ഉത്സവ് 2009 - സംസ്ഥാന കലാമത്സരം

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ഫാത്തിമാ മാതാ കോളജിൽ വച്ച് നടത്തപ്പെട്ട ഉത്സവ് - 2009 ൽ പാലാ രൂപതയിൽ നിന്നും മത്സരത്തിൽ വിജയികളായവർ പങ്കെടുക്കുകയുണ്ടായി.

### ➤ മേഖലാ ഇലക്ഷൻക്യാമ്പ്

കെ.സി.വൈ.എം. പാലാ രൂപതയുടെ വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിച്ച് ഒരു വർഷക്കാലം പൂർത്തിയാക്കിയ 2009-ലെ മേഖലാസമിതിക്ക് കെ.സി.വൈ.എം. രൂപതയുടെ അഭിനന്ദനങ്ങൾ. സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ ഡയറക്ടർമാർക്കും മേഖലാഭാരവാഹികൾക്കും യൂണിറ്റ് ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി അറിയിക്കട്ടെ.

### ➤ വൈ.എ.റ്റി.പി.

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഡിസംബർ 11, 12 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു.

### ➤ മികച്ച യുവജനപ്രവർത്തകനെ/പ്രവർത്തകയെ ആദരിക്കൽ

കെ.സി.വൈ.എം. പാലാ രൂപതയിലെ 2009 പ്രവർത്തനവർഷത്തെ മികച്ച യുവജനപ്രവർത്തകരായി പ്രവർത്തിച്ചവരെ രൂപതാവാർഷികത്തിൽ വച്ച് ആദരിക്കും.

### ➤ മികച്ച മേഖലയെ / യൂണിറ്റിനെ ആദരിക്കുന്നു

'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പഠനവിഷയത്തെ ആസ്പദമാക്കി ഏറ്റവും മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവച്ച മേഖലകളെ, യൂണിറ്റുകളെ രൂപതാവാർഷികത്തിൽ വച്ച് അനുമോദിക്കുന്നതും എവർറോളിംഗ് ട്രോഫികൾ നൽകുന്നതുമാണ്.

**ഫാ. ജോസഫ് ആലഞ്ചേരി (ഡയറക്ടർ)**

## ഫാമിലി അപ്പോസ്തോലേറ്റ്

### വിവാഹ ഒരുക്ക സെമിനാർ

പാലാ രൂപത ഫാമിലിസെന്റർ വഴി നടത്തിവരുന്ന വിവാഹഒരുക്കസെമിനാർ ഡിസംബർ മാസത്തിൽ 7 -10 തീയതികളിലായി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുകയുണ്ടായി. 156 പേർ ഈ കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി. ഡിസംബർ മാസത്തിലെ രണ്ടാമത്തെ കോഴ്സ് 28-ാം തീയതി മുതൽ 31 തീയതി വരെ നടക്കുന്നതാണ്. രജിസ്ട്രേഷൻ തുടരുന്നു.

2010 ജനുവരി മാസത്തിലെ കോഴ്സ് 7 മുതൽ 10 വരെയും, 26 മുതൽ 28 വരെയുമുള്ള തീയതികളിലായി നടക്കുന്നതാണ്.

### സാന്ത്വന കൗൺസിലിംഗ്

പാലാ രൂപതാ സാന്ത്വന കൗൺസിലിംഗ് സെന്റർ വഴിയായി നവംബർ മാസത്തിൽ 78 പേർക്ക് കൗൺസലിംഗ് നൽകുകയുണ്ടായി.

## പ്രോ – ലൈഫ്

ടീം അംഗങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥന നടത്തി. ജപമാലയോടുകൂടി ആരംഭിച്ച് വചനധ്യാനത്തോടെ അവസാനിപ്പിച്ചു. പിന്നീട് മൂന്നിലവ് ഇടവകയിൽ നടത്താനിരിക്കുന്ന 'ജീവോത്സവ്' സെമിനാറിന്റെ കാര്യങ്ങൾ ചർച്ച ചെയ്തു. ഡിസംബർ 6-ന് സെമിനാർ നടത്തുന്ന കാര്യങ്ങൾ തീരുമാനിച്ചു.

**മൂന്നിലവിൽ സെമിനാർ**

മൂന്നിലവ് ഇടവകയിൽ പ്രോ-ലൈഫ് സെമിനാർ നടത്തി. റവ. സി. മേരി മാഴ്സലസ് (ചീഫ് ഗൈനക്കോളജിസ്റ്റ്, കിടങ്ങൂർ കൊച്ചുലൂർദ്ദ് ആശുപത്രി) ക്ലാസ്സുകൾ ഉച്ചവരെ നടത്തി. ഉച്ചഭക്ഷണത്തിന് ശേഷം കെ.സി.ബി.സി. പ്രോലൈഫ് സമിതി സെക്രട്ടറി അബ്രാഹം പുത്തൻകുളം ക്ലാസ്സുകൾ നയിച്ചു. ജീവന്റെ മൂല്യവും ജീവൻ എല്ലാ തലത്തിലും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഉത്തരവാദിത്വവും മക്കൾ കൂടുതൽ ഉണ്ടായാലുള്ള അനുഗ്രഹവും അണുകുടുംബത്തിലെ പ്രശ്നങ്ങളും എല്ലാം വിശദീകരിച്ചുകൊടുത്തു. 4 മണിക്ക് ക്ലാസ് സമാപിച്ചു.

## ഹോം മിഷൻ

**ഹോംമിഷൻ-കാഞ്ഞിരമറ്റം**

നവംബർ 8 മുതൽ 25 വരെ തീയതികളിൽ കാഞ്ഞിരമറ്റം ഇടവകയിൽ ഹോംമിഷൻ നടക്കുകയുണ്ടായി. നവംബർ 30 മുതൽ ഡിസംബർ 5 വരെ കാരീസ് ഭവനിൽ വച്ചു നടത്തിയ കൗൺസിലിംഗ് ധ്യാനത്തിൽ ഹോംമിഷൻ അംഗങ്ങൾ പങ്കെടുത്തു. ഡിസംബർ 17-ാം തീയതി ഷാലോമിൽ വച്ച് ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി. പ്രാർത്ഥനാശുശ്രൂഷയ്ക്കും ചർച്ചയ്ക്കുംശേഷം പരസ്പരം ക്രിസ്മസ് ആശംസകളർപ്പിച്ച് സമ്മേളനം സമാപിച്ചു.

## *മഡോണ ഇൻസ്റ്റിറ്റ്യൂട്ട്*

അടുത്ത ബാച്ചിലേക്കുള്ള ക്ലാസ്സുകൾ ജനുവരി നാലിന് ആരംഭിക്കും.

# amXrtPymXn

## പുതിയ യൂണിറ്റുകൾ

**1. മഞ്ഞാമറ്റം:** നവംബർ 21-ാം തീയതി രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം, പ്രസിഡന്റ് എം.സി. ഏലിക്കുട്ടി പുല്ലാട്ട്, ട്രഷറർ സിസിലി സെബാസ്റ്റ്യൻ ചക്കാനിക്കുന്നേൽ എന്നിവർ മഞ്ഞാമറ്റം ഇടവകയിൽ പോവുകയും മാതൃജ്യോതിയുടെ യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. ബഹു. മാത്യു കട്ടിക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. മാതൃജ്യോതിയുടെ ആവശ്യകതയെക്കുറിച്ച് ബഹു. രൂപതാ ഡയറക്ടർ ക്ലാസ്സെടുത്തു. കുടുംബബഡ്ജറ്റിനെക്കുറിച്ച് സിസിലിയും മാതൃജ്യോതിയുടെ പ്രവർത്തനമേഖലകളെക്കുറിച്ച് ഏലിക്കുട്ടി പുല്ലാട്ടും സംസാരിച്ചു.

**2. അമ്പാറനിരപ്പേൽ:** മാതൃജ്യോതി സംഘടനയുടെ മധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന്റെ അമലോത്ഭവതിരുനാൾ ദിവസമായ ഡിസംബർ 8-ന് മാതൃജ്യോതി യൂണിറ്റ് അമ്പാറനിരപ്പേലിൽ തുടങ്ങുന്നതിന് സാധിച്ചു. ബഹു. സെബാസ്റ്റ്യൻ പുത്തൂരച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂണിറ്റുഭാരവാഹികളെ തെരഞ്ഞെടുത്തു. 'മാതാക്കൾ കുടുംബത്തിൽ' എന്ന വിഷയത്തെ അധികരിച്ച് രൂപതാ ജോ. ഡയറക്ടർ റവ. സി. ജോസി മരിയയും മാതൃജ്യോതി സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് രൂപതാ പ്രസിഡന്റ് ഏലിക്കുട്ടി പുല്ലാട്ടും ക്ലാസ്സെടുത്തു. ഭരണങ്ങാനം മേഖലാപ്രസിഡന്റ് ജെസി ടോമി ആശംസകൾ അർപ്പിച്ചു.

**3. അറക്കുളം ഓൾഡ്:** ഡിസംബർ 13-ാം തീയതി രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം, രൂപതാ ജോ. ഡയറക്ടർ സിസ്റ്റർ ജോസി മരിയാ, രൂപതാപ്രസിഡന്റ് എം.സി. ഏലിക്കുട്ടി, വൈസ് പ്രസിഡന്റ് മേരി പോൾ എന്നിവർ അറക്കുളത്തു പോവുകയും പുതിയ യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. ജോസഫ് വടക്കേനെല്ലിക്കാട്ടിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. രൂപതാ ഡയറക്ടറും മറ്റു ഭാരവാഹികളും മാതൃജ്യോതിയുടെ പ്രസക്തിയെക്കുറിച്ച് ക്ലാസ്സെടുത്തു.

### രൂപതാ എക്സിക്യൂട്ടീവ്

നവംബർ 23-ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്ന് നവംബർ 27-ലെ ക്ലാസ്സിനെക്കുറിച്ചും വൈദികവർഷാചരണത്തെക്കുറിച്ചും ചർച്ച ചെയ്തു.

### രൂപതാ യൂണിറ്റ്, മേഖലാ ഭാരവാഹികൾക്ക് സെമിനാർ

നവംബർ 27-ാം തീയതി 9.30-ന് രൂപതയിലെ എല്ലാ യൂണിറ്റുകളിലെയും മേഖലയിലെയും ഭാരവാഹികൾക്കായി ഏകദിനസെമിനാർ നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് സമ്മേളനാവസരത്തിൽ മാതാക്കൾക്കായി സന്ദേശം നല്കി. അതോടൊപ്പം എല്ലാ മാതാക്കൾക്കും സമ്മാനവും നല്കി.

റവ. ഫാ. കുര്യൻ കോട്ടയിൽ, റവ. ഫാ. സിറിയക് കോട്ടയിൽ എന്നിവർ സെമിനാർ നയിച്ചു. രൂപതയുടെ ഏതാണ്ട് എല്ലാ ഇടവകകളിൽ നിന്നും ഭാരവാഹികൾ സെമിനാറിൽ സംബന്ധിച്ച് സെമിനാർ ഫലദായകമാക്കി.

### മേഖലാ ഡയറക്ടറന്മാരെ ആദരിച്ചു

ഡിസംബർ 5-ാം തീയതി രൂപതയിലെ എല്ലാ മേഖലാ ഡയറക്ടർന്മാരെയും വൈദികവർഷാചരണത്തിന്റെ ഭാഗമായി ഷലോമിൽ നടന്ന സമ്മേളനത്തിൽ മാതൃജ്യോതി പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടത്തിന്റെ അദ്ധ്യക്ഷതയിലാണ് യോഗം ചേർന്നത്. രൂപതാ ജോ. ഡയറക്ടർ സിസ്റ്റർ ജോസി മരിയാ, ജോ. സെക്രട്ടറി മോനിക്കാ സ്കറിയാ പോൾ എന്നിവർ ആശംസകൾ നേർന്നു. രൂപതാ പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി മോളി മണിയങ്ങാട്ട് ആശംസകൾ അർപ്പിച്ചു.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# ഡി. സി. എം. എസ്.

### 1. ലീഡേഴ്സ് ക്യാമ്പ്

ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി നടത്തിവരുന്ന ലീഡേഴ്സ്ക്യാമ്പ് പാലാ, രാമപുരം, അരുവിത്തുറ, ചേർപ്പുങ്കൽ, ഭരണങ്ങാനം എന്നീ മേഖലകൾക്ക് 2009 ഡിസംബർ 19, 20 തീയതികളിലും ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് എന്നീ മേഖലകൾക്ക് ഡിസംബർ 26, 27 തീയതികളിലും ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു.

### 2. റിസോഴ്സ് ടീം ക്യാമ്പ്

യുവജനങ്ങൾക്കായി ഡി.സി.എം.എസ്. സംഘടന നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് 2009 ഡിസംബർ 11, 12, 13 തീയതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. ഈ ക്യാമ്പിൽ 28 യുവജനങ്ങൾ പങ്കെടുത്തു.

### 3. അടുത്ത ക്യാമ്പുകൾ

| | |
|---|---|
| റിസോഴ്സ് ടീം ക്യാമ്പ് | : 2010 ജനുവരി 8, 9, 10 |
| ലീഡേഴ്സ് ക്യാമ്പ് | : 2010 ജനുവരി 16, 17 |
| ലീഡേഴ്സ് ക്യാമ്പ് | : 2010 ജനുവരി 23, 24 |

### 4. എസ്.എച്ച്.ജി. ഗ്രൂപ്പ്

ഡി.സി.എം.എസ്. സംഘടനയുടെ കീഴിൽ സജീവമായി പ്രവർത്തിക്കുന്ന 98 എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഉണ്ട്. എല്ലാ മാസവും എസ്.എച്ച്.ജി. കൺവീനിയേഴ്സിന്റെ മീറ്റിംഗ് കൂടുകയും എസ്.എച്ച്.ജി. യുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു.

### 5. രൂപതാ കമ്മറ്റി

ഡി.സി.എം.എസ്. പാലാ രൂപതാ ഭാരവാഹികളുടെയും കമ്മറ്റിയംഗങ്ങളുടെയും മീറ്റിംഗ് 2009 ഡിസംബർ 20-ാം തീയതി 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

### 6. രൂപതാ കൗൺസിൽ

ഡി.സി.എം.എസ്. പാലാ രൂപതാ കൗൺസിൽ 2009 ഡിസംബർ 20-ാം തീയതി 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

### 7. സമ്മാനദാനം

2009 സെപ്റ്റംബർ മാസം 12-ാം തീയതി ഡി.സി.എം.എസ്. നടത്തിയ കലാമത്സരങ്ങളിലെ വിജയികൾക്ക് 2009 ഡിസംബർ 20-ാം തീയതി 3.30 ന് സമ്മാനവിതരണം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**

## സോഷ്യൽ വെൽഫെയർ സൊസൈറ്റി

### വികലാംഗദിനാചരണം

അന്താരാഷ്ട്രവികലാംഗദിനാചരണത്തിന്റെ ഭാഗമായി വികലാംഗകുടുംബസംഗമം സംഘടിപ്പിച്ചു. എസ്.എൽ.എഫ്. പദ്ധതി പ്രകാരം വിദ്യാഭ്യാസ, ചികിത്സാസഹായം നൽകിവരുന്ന വിദ്യാർത്ഥികൾ തങ്ങളുടെ കുടുംബാംഗങ്ങളോടൊപ്പം പരിപാടിയിൽ പങ്കെടുത്തു. അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ട് നിർവ്വഹിച്ചു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ അദ്ധ്യക്ഷനായിരുന്നു.

### എയ്ഡ്സ് ദിനാചരണം

എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ ഒന്നിന് പാലായിൽ "റെഡ് റിബ്ബൺ" ക്യാംപയിൻ സംഘടിപ്പിച്ചു. ഷലോമിൽ വെച്ചു നടന്ന പരിപാടിയുടെ ഉദ്ഘാടനം ഷലോം ഡയറക്ടർ റവ. ഫാ. ദേവസ്യാച്ചൻ കൊല്ലംപറമ്പിൽ നിർവ്വഹിച്ചു.

### ദത്തുകുടുംബപദ്ധതി വാർഷികം

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ സഹകരണത്തോടെ പി.എസ്.ഡബ്യു.എസ്. നടപ്പിലാക്കിവരുന്ന കുടുംബസഹായപദ്ധതിയായ ദത്തുകുടുംബപദ്ധതി അഥവാ റഗുലർ ബനിഫിഷറി സ്കീമിന്റെ ഇരുപതാംവാർഷികം നടന്നു. ളാലം സെന്റ് മേരീസ് പള്ളി പാരീഷ് ഹാളിൽ വികാരി ജനറാൾ വെരി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കലിന്റെ അദ്ധ്യക്ഷതയിൽ എസ്.എ.എഫ്.പി. യുടെ ദേശീയ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ഭരണികുളങ്ങര വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. 264 ഗുണഭോക്തൃകുടുംബങ്ങളിൽ നിന്നായി അഞ്ഞൂറിൽപ്പരം അംഗങ്ങൾ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

### രക്തദായകസെമിനാർ

രക്തദാനത്തിന്റെ പ്രാധാന്യവും ആവശ്യകതയും ബോദ്ധ്യപ്പെടുത്തുവാൻ പി.എസ്.ഡബ്യു.എസ്. പാലാ റീജിയന്റെ ആഭിമുഖ്യത്തിൽ രക്തദായകസെമിനാർ സംഘടിപ്പിച്ചു. രക്തദാന സമിതിയുടെ ജില്ലാ കോ-ഓർഡിനേറ്റർ വിനോദ്കുമാർ ക്ലാസ്സിന് നേതൃത്വം കൊടുത്തു.

### 'ആകാശവാതിൽ തുറന്നു'

പി.എസ്.ഡബ്യു.എസ്. സഫൈർ ജൂബിലി വർഷം പ്രമാണിച്ച് സംഘടിപ്പിക്കുന്ന വിമാനയാത്ര ഉൾപ്പെടുത്തിയുള്ള ഏകദിന ഉല്ലാസയാത്ര 'ആകാശവാതിൽ തുറക്കുന്നു' എന്ന പരിപാടി സംഘടിപ്പിച്ചു. ഭരണങ്ങാനം, ഉള്ളനാട്, പാലാ എന്നിവിടങ്ങളിൽനിന്നായി ഇതിനോടകം മൂന്ന് യാത്രകൾ സംഘടിപ്പിച്ചു.

### മഹിളാസുരക്ഷാപദ്ധതി

ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ പി.എസ്.ഡബ്യു.എസ്. ആവിഷ്കരിച്ചിരിക്കുന്ന ഗ്രാമീണമഹിളാക്ഷേമപദ്ധതിയിൽ പുതിയ അംഗങ്ങളെ

ചേർത്തുവരുന്നു. 10 മുതൽ 75 വയസ്സുവരെ പ്രായമുള്ളവർക്ക് അഞ്ചുവർഷത്തേയ്ക്ക് ഒറ്റത്തവണയായി 115 രൂപ അടച്ചാൽ മതിയാകും. പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 23-ന് മുമ്പായി നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷ സമർപ്പിക്കണം.

### നിയമബോധന സെമിനാർ

കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടെ നിയമബോധന സെമിനാർ സംഘടിപ്പിച്ചു. മുട്ടുചിറ സീയോൻ ഭവനിൽ നടന്ന സെമിനാറിന് അഡ്വ. പ്രിൻസോ കല്ലങ്കാവുങ്കൽ നേതൃത്വം കൊടുത്തു.

### ആരോഗ്യശില്പശാല

ചായ് ഇന്ത്യയുടെ സഹായത്തോടെ ആരോഗ്യശില്പശാല സംഘടിപ്പിച്ചു. പാലാ ഷലോമിൽ നടന്ന ശില്പശാലക്ക് ഡോ. ബിന്നി സണ്ണി, പി.എസ്. ജോൺസൺ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

### ❖ ലോഗോസ് ക്വിസ് - 2009

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലോഗോസ് ക്വിസ് 2009 ന്റെ രൂപതാ ഇടവകതല വിജയികൾക്കുള്ള സമ്മാനങ്ങൾ 2009 ജനുവരി 17-ന് ഉച്ചകഴിഞ്ഞ് 2.00 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് വിതരണം ചെയ്യുന്നതാണ്. മാർക്ക്ലിസ്റ്റിൽ 'P' എന്ന് രേഖപ്പെടുത്തിയിരിക്കുന്നവരെ അന്നേദിവസം പറഞ്ഞുവിടുമല്ലോ. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾക്കും സെന്ററുകൾക്കും ഏറ്റവും കൂടുതൽ സർട്ടിഫിക്കറ്റിനർഹരായ ഇടവകകൾക്കുള്ള സമ്മാനങ്ങളും പ്രോത്സാഹനസമ്മാനങ്ങളും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

### ❖ ലോഗോസ് ക്വിസ് - 2010

കെ.സി.ബി.സി. നടത്തുന്ന ലോഗോസ് ക്വിസ് 2010 ന്റെ പഠനഭാഗങ്ങൾ:
പുറപ്പാട് 1 - 15, മത്തായി 1 - 14, വി. യാക്കോബ് എഴുതിയ ലേഖനം.
പരീക്ഷാതീയതി: 2010 സെപ്റ്റംബർ 26, ഉച്ചകഴിഞ്ഞ് 2.00 - 3.30 വരെ
രജിസ്ട്രേഷൻ: 2010 ജൂൺ 1 മുതൽ ജൂലൈ 31 വരെ.

### ❖ ദ്വിവത്സര ബൈബിൾ കോഴ്സ്

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദ്വിവത്സര ബൈബിൾ കോഴ്സിന്റെ ഡിസംബർ മാസത്തെ ക്ലാസ്സ്, ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ നയിച്ചു. അടുത്ത ക്ലാസ് 2010 ജനുവരി 9-ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. ക്ലാസ് നയിക്കുന്നത് ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ.

**ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ (ഡയറക്ടർ)**

## പാലാ കമ്മ്യൂണിക്കേഷൻസ്

**കൈ**രളിക്ക് നിരവധി നാടകങ്ങളും അതോടൊപ്പം കലാകാരന്മാരെയും സംഭാവന ചെയ്ത പാലാ കമ്മ്യൂണിക്കേഷൻസ് 43-ാം ലോകസമ്പർക്കമാധ്യമദിനസന്ദേശത്തിൽ പരിശുദ്ധ പിതാവ് നൽകിയ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് ആധുനികസാങ്കേതിക വിദ്യകളിലേക്ക് ഒരു കാൽവയ്പ് നടത്തുകയാണ്. പുതിയ സാങ്കേതികവിദ്യകളിലൂടെ കരഗതമാകുന്ന അനന്തസാധ്യതകളെക്കുറിച്ചും അവ ക്രിസ്തുവിന്റെ സന്ദേശം ഈ ലോകത്തിൽ എത്തിക്കുവാൻ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാൻ പാലാ കമ്യൂണിക്കേഷൻസ് ശ്രമിക്കുകയാണ് ഈ പുതിയ സംരംഭത്തിലൂടെ. www.palaicom.com എന്നതാണ് പാലാ കമ്യൂണിക്കേഷൻസ് ആരംഭിക്കുന്ന പുതിയ സംരംഭത്തിന്റെ അഡ്രസ്.

**ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ**

**1. ഡെഡിക്കേറ്റഡ് വെബ്സെർവർ:** ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് ഒരു ഡെഡിക്കേറ്റഡ് വെബ് സെർവർ ഏറ്റെടുത്തിട്ടുണ്ട്. ഇതിലൂടെ ക്രൈസ്തവമൂല്യങ്ങൾ ജനങ്ങളിലെത്തിക്കാൻ സാധിക്കും. ഏതു സന്ദേശവും നിമിഷങ്ങൾക്കുള്ളിൽ എത്തിക്കുവാൻ ഇതിലൂടെ സാധ്യമാവുന്നു. നമ്മുടെ വിവിധ സ്ഥാപനങ്ങൾക്കും പള്ളികൾക്കും ചുരുങ്ങിയ ചിലവിൽ വെബ്സൈറ്റ് നിർമ്മിക്കുവാൻ സാധിക്കുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

**2. SMS & Mailing package service:**

സുവിശേഷവത്കരണത്തിന്റെ ആധുനികമാർഗ്ഗമായി അനുദിനചിന്തകൾ, ബൈബിൾ സന്ദേശങ്ങൾ, രൂപതാ അറിയിപ്പുകൾ മുതലായവ എസ്.എം.എസിലൂടെയും ഇ-മെയിലിലൂടെയും നിമിഷനേരങ്ങൾക്കുള്ളിൽ ജനങ്ങളിലെത്തിക്കുവാൻ സാധിക്കും.

**3. സോഷ്യൽ കമ്യൂണിക്കേഷൻ വെബ്സൈറ്റ്:**

ലോകത്തിന്റെ ഏതു ഭാഗത്തുള്ളവരുമായും സൗഹൃദവലയം സൃഷ്ടിച്ചെടുക്കുവാൻ ഇതിലൂടെ നമുക്ക് സാധിക്കും. വ്യക്തികൾക്കും സമുദായങ്ങൾക്കുമിടയിൽ ബന്ധം വളർത്താനും ആശയവിനിമയങ്ങൾ നടത്താനും ഈ സംരംഭത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

**4. ലൈവ് സ്ട്രീമിംഗ്**

ഇന്റർനെറ്റിന്റെ മറ്റൊരു സാധ്യതയാണിത്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഏതൊരു പരിപാടിയും ലോകത്തെവിടെയും തത്സമയം കാണുവാൻ സാധിക്കുന്നു.

**5. ഓൺലൈൻ ട്രെയിനിംഗ് പ്രോഗ്രാം:**

ബൈബിൾ, തിയോളജി, ഫിലോസഫി, സൈക്കോളജി മുതലായ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ, വ്യക്തിത്വവികസനം, നേതൃത്വപരിശീലനം മുതലായവ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുവാൻ സാധിക്കും.

**6. www.palaicom.com ഇന്റർനെറ്റ് റേഡിയോ**

ഇനി പാലായുടെ ശബ്ദം ലോകം മുഴുവനിലും ഇന്റർനെറ്റ് റേഡിയോ സംവിധാ

നത്തിലൂടെ. അത്യന്താധുനികസാങ്കേതികമികവിന്റെ ഈ കാലത്ത് ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പാലാ കമ്യൂണിക്കേഷൻസിന്റെ പുതിയ സംരംഭമാണിത്. 2010 ജനുവരി 14-ന് പ്രക്ഷേപണം ആരംഭിക്കുന്നു. ഇന്റർനെറ്റിലും gprs സംവിധാനമുള്ള മൊബൈൽ ഫോണിലും ഈ പ്രക്ഷേപണം ലഭ്യമാവും.

= അനുദിന ചിന്തകൾ, ബൈബിൾ സന്ദേശങ്ങൾ, വാർത്തകൾ, വിവരങ്ങൾ, സാംസ്കാരികപരിപാടികൾ മുതലായവ ഉൾക്കൊള്ളുന്ന ദിവസം മുഴുവനും നീളുന്ന ശ്രാവ്യവിരുന്ന് ഒരുക്കുന്നു.

= എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് പ്രാദേശികവാർത്തകൾ സംപ്രേഷണം ചെയ്യുന്നു. ദിവസവും വൈകുന്നേരം 5 മണിക്ക് മുമ്പായി ഇടവക സംബന്ധമായ വാർത്തകൾ, വിശേഷങ്ങൾ മുതലായവ ന്യൂസ് ബ്യൂറോയിൽ എത്തിക്കുമല്ലോ. ന്യൂസ്ബ്യൂറോയുടെ നമ്പർ: 9048306071, 9048306074.

= നമുക്ക് ഇഷ്ടമുള്ള പരിപാടികൾ ഇഷ്ടമുള്ള സമയത്ത് കേൾക്കുവാൻ റേഡിയോ ഓൺ ഡിമാന്റിലൂടെ സാധ്യമാകുന്നു.

= വിവിധ കലാരൂപങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്കും മുതിർന്നവർക്കും പരിപാടികൾ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

= വ്യത്യസ്തമായ വിദ്യാഭ്യാസപരിപാടികളും മൂല്യാധിഷ്ഠിത മറ്റു പരിപാടികളും അവതരിപ്പിക്കാൻ താൽപര്യമുള്ളവർക്ക് അവസരം നൽകുന്നതാണ്.

പാലായുടെ സ്വന്തം റേഡിയോ പ്രക്ഷേപണം ലഭ്യമാകുവാൻ log in to www.palaicom.com

കൂടുതൽ വിവരങ്ങൾക്ക് :

Programme Director, palaicom.com, Shalom Pastoral Centre, Pala 686 575, 9846094182, 9048306071, 9048306074, email: programmes@palaicom.com

**7. ശലഭക്കാഴ്ചകൾ റിഹേഴ്സൽ പുരോഗമിക്കുന്നു**

കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടി പാലാ കമ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന 13-ാമത് നാടകം ശലഭക്കാഴ്ചകൾ അരങ്ങിലെത്തുന്നു. ഇടവകകളിൽ പ്രത്യേകിച്ച് സൺഡേസ്കൂളുകളിൽ അവതരിപ്പിക്കുവാൻ പാകത്തിൽ തയ്യാറാക്കുന്ന ഈ ഒരു മണിക്കൂർ നാടകത്തിന്റെ വെളിച്ചത്തിൽ പ്രഗൽഭ ബോധവത്കരണ ക്ലാസ്സും അറേഞ്ച് ചെയ്യുന്നു. ജനുവരി 15-ാം തീയതിയോടുകൂടി ഈ പ്രോഗ്രാം അരങ്ങിലെത്തുന്നു. ശനി, ഞായർ അവധിദിനങ്ങൾ എന്ന ദിവസങ്ങളിൽ അവതരിപ്പിക്കാൻ ശലഭക്കാഴ്ചകൾ സജ്ജമാണ്.

**8. ബൈബിൾ കൺവൻഷൻ ഇന്റർനെറ്റിൽ എത്തി**

ഭരണങ്ങാനത്തുനടന്ന 27-ാമത് ബൈബിൾ കൺവെൻഷനിൽ ആഗോള മലയാളികൾ ഇന്റർനെറ്റിൽക്കൂടി തത്സമയം പങ്കെടുത്തു. പാലാ കമ്യൂണിക്കേഷൻസിന്റെ പുതിയ സംരംഭമായ palaicom.com ഇന്റർനെറ്റ് വീഡിയോ ചാനലിൽക്കൂടി 42381 പേർ കൺവെൻഷനിൽ പങ്കെടുത്തു. ബൈബിൾ കൺവെൻഷൻ പ്രസംഗങ്ങൾ 2010 ജനുവരി 1 മുതൽ palaicom.com ൽ വീഡിയോ ഓൺ ഡിമാന്റിൽ ലഭ്യമാണ്.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

# ഏ.കെ.സി.സി.

## ദളിത് സംവരണം സ്വാഗതം ചെയ്തു

ദളിത് ക്രൈസ്തവർക്ക് സംവരണം നൽകാനുള്ള ന്യൂനപക്ഷകമ്മീഷൻ ശുപാർശയെ എ.കെ.സി.സി. നേതൃസമ്മേളനം സ്വാഗതം ചെയ്തു. ശുപാർശ എത്രയും വേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രമന്ത്രിമാർക്ക് ഫാക്സ് സന്ദേശം അയച്ചു. രൂക്ഷമാകുന്ന വിലക്കയറ്റം തടയുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിപണിയിൽ ഇടപെട്ട് സത്വരനടപടികൾ സ്വീകരിക്കണമെന്നും എ.കെ.സി.സി. നേതൃസമ്മേളനം ആവശ്യപ്പെട്ടു.

## മോനിപ്പള്ളിയിൽ സെമിനാർ

എ.കെ.സി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ 'സമുദായശാക്തീകരണം എ.കെ.സി.സി.യിലൂടെ' എന്ന വിഷയത്തിൽ സെമിനാർ നടന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുര, ബെന്നി പാലയ്ക്കത്തടം, സണ്ണി ആച്ചാലിൽ എന്നിവർ സംസാരിച്ചു.

## കൂത്താട്ടുകുളത്ത് സെമിനാർ

ഇലഞ്ഞി മേഖലാസമിതിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത അംഗങ്ങൾക്കായി 'സമുദായ ശാക്തീകരണം ഏ.കെ.സി.സി. യിലൂടെ' എന്ന വിഷയത്തിൽ പഠനക്ലാസ് നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് എടുത്തു. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

## മാൻവെട്ടം യൂണിറ്റ് രൂപീകരണം

മാൻവെട്ടം ഇടവകയിൽ യൂണിറ്റ് രൂപീകരണവും സെമിനാറും നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. ഫാ. മാത്യു മൂത്തേടം, ഫാ. എബ്രാഹം പാലക്കത്തടത്തിൽ എന്നിവർ സംസാരിച്ചു.

**സാജു അലക്സ് (ജനറൽ സെക്രട്ടറി)**

# ഫ്രാൻസിസ്കൻ അത്മായസഭ

## ◈ യൂണിറ്റുസന്ദർശനം

രൂപതാ-റീജിയണൽ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സന്ദർശനപരിപാടികൾ തുടരുന്നു.

## ◈ മേഖലാ സമ്മേളനം

**1. കുറവിലങ്ങാട് മേഖലാസമ്മേളനം:**

ഫ്രാൻസിസ്കൻ അൽമായസഭ കുറവിലങ്ങാട് മേഖലാസമ്മേളനം 2009 ഡിസം

ബർ 5-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് കൂടല്ലൂർ സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടത്തപ്പെട്ടു. 1.30 ന് മദ്ധ്യാഹ്ന പ്രാർത്ഥന നടത്തി. രണ്ടിന് ചേർന്ന സമ്മേളനത്തിൽ മേഖലാപ്രസിഡന്റ് ബ്രദർ കെ.വി. തങ്കച്ചൻ കൊച്ചുപുഞ്ചയിൽ അദ്ധ്യക്ഷം വഹിച്ചു. വികാരി വെരി. റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, റവ. ഫാ. സിറിയക് പൂത്തേട്ട്, മാത്യു ലൂക്കോസ് തെക്കേതളികപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് റവ. ഫാ. ഇസിദോർ കപ്പൂച്ചിൻ ക്ലാസ് നയിച്ചു. ഗ്രൂപ്പ് ചർച്ച കൾക്കുശേഷം സമ്മേളനം അവസാനിച്ചു.

**2. പാലാ മേഖലാസമ്മേളനം**

പാലാ മേഖലാസമ്മേളനം 2009 ഡിസംബർ 6-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് പൂവരണി എസ്.എച്ച്. പാരീഷ് ഹാളിൽ നടത്തപ്പെട്ടു. 1.30 ന് മധ്യാഹ്നപ്രാർത്ഥന നടത്തി. രണ്ടിന് ചേർന്ന സമ്മേളനത്തിൽ പ്രസിഡന്റ് ബ്രദർ അഡ്വ. മാത്യു മാന്തറ അദ്ധ്യക്ഷം വഹിച്ചു. വികാരി റവ. ഫാ. തോമസ് ചെല്ലന്തറ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സ്പിരിചൽ അസി. റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, റവ. ഫാ. ജോസഫ് കൊച്ചുമുറിയിൽ, എം.വി. തോമസ് മൊളോപ്പറമ്പിൽ തുടങ്ങിയ വർ പ്രസംഗിച്ചു. റവ. ഫാ. പാട്രിക് സാവിയോ കപ്പൂച്ചിൻ ക്ലാസ് നയിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സമ്മേളനം അവസാനിച്ചു.

**3. അരുവിത്തുറ മേഖലാസമ്മേളനം**

അരുവിത്തുറ മേഖലാസമ്മേളനം 2009 ഡിസംബർ 13-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് അരുവിത്തുറ സെന്റ് ജോർജ് പാരീഷ്ഹാളിൽ നടത്തപ്പെട്ടു. 1.30 ന് മധ്യാഹ്ന പ്രാർത്ഥന നടത്തി. രണ്ടിന് ചേർന്ന സമ്മേളനത്തിൽ മേഖലാപ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷം വഹിച്ചു. വികാരി വെരി. റവ. ഫാ. ജോസഫ് പാമ്പാറ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാചാപറമ്പിൽ കപ്പൂച്ചിൻ, സി.ജെ. തോമസ് ചാലിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് റവ. ഫാ. വർഗീസ് കൊട്ടുകാപ്പള്ളി കപ്പൂച്ചിൻ ക്ലാസ് നയിച്ചു. ഗ്രൂപ്പ് ചർച്ചകൾക്കുശേഷം സമ്മേളനം അവസാനിച്ചു.

## ◈ രൂപതാ ഏകദിനസെമിനാർ

ഫ്രാൻസിസ്കൻ അൽമായ സഭ രൂപതാ ഏകദിന സെമിനാറും സമ്മേളനവും 2010 ജനുവരി 16 ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9.30 ന് പ്രഭാതപ്രാർത്ഥന. 10-ന് ക്ലാസ്. 12-ന് ദിവ്യബലി. തുടർന്ന് സ്നേഹ വിരുന്ന്. ഉച്ചകഴിഞ്ഞ് രണ്ടിന് ചേരുന്ന സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ജോമോൻ മണിക്കൊമ്പേൽ അദ്ധ്യക്ഷം വഹിക്കും. രൂപതാസ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, അഡ്വ. മാത്യു മാന്തറ, കെ.വി. തങ്കച്ചൻ കൊച്ചു പുഞ്ചയിൽ, ടോമി കെ. മാത്യു കളപ്പുരയ്ക്കൽ തുടങ്ങിയവർ പ്രസംഗിക്കുന്നതാണ്.

## ◈ വിവാഹസഹായകമ്മറ്റി

വിവാഹസഹായനിധിയുടെ അടുത്തകമ്മറ്റിയോഗം 2010 ജനുവരി 12 ന് രാവിലെ 10.30 ന് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ ചേരുന്നതാണ്.

## ◈ മികച്ച പ്രവർത്തനം നടത്തുന്ന യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നു

2010 ജനുവരി 12 രാവിലെ 11 ന് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ ചേരുന്ന യോഗത്തിൽ രൂപതയിലെ മികച്ച പ്രവർത്തനം നടത്തുന്ന യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നതാണ്.

## ◈ പ്രോത്സാഹന സമ്മാനം

രൂപതയിലെ മികച്ച പ്രവർത്തനം നടത്തുന്ന യൂണിറ്റുകൾക്കുള്ള പ്രോത്സാഹന സമ്മാനം 2010 ജനുവരി 16-ന് നടത്തുന്ന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

## ◈ ഭരണങ്ങാനം മേഖലാസമ്മേളനം

ഫ്രാൻസിസ്കൻ അല്മായസഭ ഭരണങ്ങാനം മേഖലാസമ്മേളനം 2010 ജനുവരി 9-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് പൈക സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. 1.30 ന് മധ്യാഹ്നപ്രാർത്ഥന. രണ്ടിന് ചേരുന്ന സമ്മേളനത്തിൽ മേഖലാപ്രസിഡന്റ് ടോമി കെ. മാത്യു കളപ്പുരയ്ക്കൽ അദ്ധ്യക്ഷം വഹിക്കും. വികാരി റവ. ഫാ. ജോർജ് മണ്ഡപത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. രൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ, ആൻഡ്രൂസ് ജയിംസ് ആക്കക്കുന്നേൽ തുടങ്ങിയവർ പ്രസംഗിക്കും. റവ. ഫാ. ജേക്കബ് മുരിക്കൻ ക്ലാസ് നയിക്കുന്നതാണ്. തുടർന്ന് ഗ്രൂപ്പുചർച്ചകൾക്കുശേഷം സമ്മേളനം അവസാനിക്കും.

**റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ (ഡയറക്ടർ)**

## പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ

### റവ. ഫാ. അഗസ്റ്റിൻ വടകരക്കാലായിൽ



അറുന്നൂറ്റിമംഗലം ഇടവകയിൽ വടകരക്കാലായിൽ കുടുംബത്തിൽ ഫ്രാൻസീസ് -ഏലി ദമ്പതികളുടെ മകനായ ബഹു. അഗസ്റ്റിനച്ചൻ 1930 ജൂൺ 17-ാം തീയതി ജനിച്ചു. മൂന്നു സഹോദരന്മാരും രണ്ട് സഹോദരിമാരും അച്ചനുണ്ട്. അറുന്നൂറ്റിമംഗലം എൽ.പി.എസിലും, മുട്ടുചിറ മലയാളം മിഡിൽ സ്കൂളിലും, കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഇ.എച്ച്.എസിലുമായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിലും, പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിലും, ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1959 മാർച്ച് 17-ാം തീയതി മംഗലപ്പുഴ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

രൂപതയിലെ കൊഴുവനാൽ പള്ളിയിൽ അസി. വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ കൈപ്പള്ളി, വിളക്കുമാടം എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. 1967 മുതൽ 1982 വരെ കൊഴുവനാൽ ഫാത്തിമ മിഷൻ ഹോസ്പിറ്റലിന്റെ ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചു. ഇതിനിടയ്ക്ക് രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടർ ആയും സേവനമനുഷ്ഠിച്ചു. 1986 മുതൽ 2002 വരെ കുമ്മണ്ണൂർ പ്രീസ്റ്റ് ഹോമിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. മുട്ടുചിറ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരവെ, 2009 ഡിസംബർ 30-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

മൃതസംസ്കാരശുശ്രൂഷകൾ 2009 ഡിസംബർ 31-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഉജ്ജൈൻ രൂപതാ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ നേതൃത്വത്തിൽ വീട്ടിൽ ആരംഭിച്ചു. 2.30 ന് അറുന്നൂറ്റിമംഗലം പള്ളിയിൽ അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും മൃതസംസ്കാരശുശ്രൂഷകളും നടന്നു. അച്ചൻ പാലാ രൂപതയ്ക്ക് ചെയ്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം അച്ചന്റെ പ്രിയപ്പെട്ടവരോട് രൂപതയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. നമുക്ക് ബഹുമാനപ്പെട്ട അഗസ്റ്റിനച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

---

പരേതനായ ബഹു. അഗസ്റ്റിൻ അച്ചനുവേണ്ടി എല്ലാ എ.ഡി.സി.പി. അംഗങ്ങളും ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

**എ.ഡി.സി.പി. സെക്രട്ടറി**



## പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ

**റവ. ഫാ. ജോസഫ് തെള്ളി**



തിടനാട് ഇടവകയിൽ തെള്ളി കുടുംബത്തിൽ മാത്യു അന്നമ്മ ദമ്പതികളുടെ മകനായ ബഹു. ജോസ ഫച്ചൻ 1930 നവംബർ 11-ാം തീയതി ജനിച്ചു. നാലു സഹോദരന്മാരും മൂന്ന് സഹോദരിമാരും അച്ചനുണ്ട്. സെന്റ് സെബാസ്റ്റ്യൻസ് പ്രൈമറി സ്കൂൾ തിടനാട്, സി.എൽ.എം.എൽ. ബ്രിഡ്ജ് സ്കൂൾ പൂഞ്ഞാർ, എസ്. എം.വി.എച്ച്.എസ്. പൂഞ്ഞാർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാ ക്കി. തുടർന്ന് ചങ്ങനാശേരി പാറേൽ പെറ്റി സെമിനാരിയിൽ ചേരുകയും ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കു കയും ചെയ്തു. 1958 ഏപ്രിൽ 3-ന് മംഗലാപുരത്തുവച്ച് മംഗലാപുരം രൂപതാ മെത്രാൻ ബിഷപ് പെരെസിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

1959 മുതൽ 1964 വരെ ബോംബേയിലെ സെന്റ് തോമസ് പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ 1964 മുതൽ 1973 വരെ നീലൂരിലെ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അധ്യാപക നായി സേവനമനുഷ്ഠിച്ചു. തുടർന്ന് 2000 വരെ കെനിയയിൽ അധ്യാപക നായും പ്രഥമാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു. ഒരു അധ്യാപക നെന്നനിലയിൽ കുട്ടികൾക്ക് എന്നും ഒരു മാതൃകയായി ശോഭിക്കുവാൻ അദ്ദേ ഹത്തിനു സാധിച്ചു. തുടർന്ന് തിടനാടുള്ള തന്റെ ഭവനത്തിൽ വിശ്രമജീ വിതം നയിച്ചുവരവെ 2009 ഡിസംബർ 25-ന് പുലർച്ചെ അദ്ദേഹം നിത്യസ മ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ 2009 ഡിസംബർ 27-ാം തീയതി ഉച്ചകഴി ഞ്ഞ് മൂന്നുമണിയോടുകൂടി പെരിയ ബഹു. ഈനാസ് ഒറ്റത്തെങ്ങുങ്കലച്ചന്റെ നേതൃത്വത്തിൽ വീട്ടിൽ ആരംഭിച്ചു. തുടർന്ന് നാലുമണിക്ക് തിടനാട് പള്ളി യിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ മുഖ്യകാർമ്മികത്വ ത്തിൽ വിശുദ്ധ കുർബാനയും സംസ്കാരശുശ്രൂഷകളും നടന്നു. അച്ചന്റെ ബന്ധുമിത്രാദികൾക്കും പ്രിയപ്പെട്ടവർക്കും പാലാ രൂപതയുടെ അനുശോ ചനം അറിയിക്കുന്നു. നമുക്ക് ബഹുമാനപ്പെട്ട ജോസഫച്ചന്റെ ആത്മശാന്തി ക്കായി പ്രാർത്ഥിക്കാം.

---

പരേതനായ ബഹു. ജോസഫ് അച്ചനുവേണ്ടി എല്ലാ എ.ഡി.സി.പി. അംഗ ങ്ങളും ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

**എ.ഡി.സി.പി. സെക്രട്ടറി**





# നിര്യാതയായി

*സി. ബർണ്ണർദെ (എഫ്.സി.സി.)*

മഞ്ഞാമറ്റം ക്ലാരമഠാംഗമായിരുന്ന സി. ബർണ്ണർദെ എഫ്.സി.സി. (76 വയസ്സ്) 4-12-2009 വെള്ളിയാഴ്ച രാവിലെ 11.30 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 6-12-2009 ഞായറാഴ്ച രാവിലെ 10.30 ന് മഞ്ഞാമറ്റം മഠം ചാപ്പലിൽ റവ. ഫാ. ജോസ് കീരഞ്ചിറയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയെത്തുടർന്ന് മൃതദേഹം മഞ്ഞാമറ്റം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോർജ് ചൂരക്കാട്ടിന്റെ ചരമപ്രസംഗത്തെ തുടർന്ന് മഞ്ഞാമറ്റം പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. ദിവ്യനാഥനോടുള്ള സ്നേഹത്താൽ ധന്യമാക്കപ്പെട്ട ജീവിതത്തിന്റെ ഉടമയായിരുന്നു അമ്മ. മഞ്ഞാമറ്റം സ്കൂളിൽ 25 വർഷക്കാലം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച്, ഒട്ടേറെ കുരുന്നുകളെ പ്രഥദിവ്യകാരുണ്യസ്വീകരണത്തിനൊരുക്കി, ദൈവത്തിനും ദൈവജനത്തിനുംവേണ്ടി സ്നേഹശുശ്രൂഷ ചെയ്ത ബഹു. ബർണ്ണർദെയമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

*സി. ബനീഞ്ഞാ സി.എം.സി.*

ചേർപ്പുങ്കൽ മഠാംഗമായിരുന്ന സി. ബനീഞ്ഞാ സി.എം.സി. (106) 2009 ഒക്ടോബർ 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ഒക്ടോബർ 31-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ പ്രധാനകാർമ്മികത്വത്തിലും, ശിഷ്യഗണങ്ങളും സ്നേഹിതരുമായ അനേകവൈദികരുടെ സാന്നിദ്ധ്യത്തിലും മൃതദേഹം ചേർപ്പുങ്കൽ ഫൊറോനാപ്പള്ളി സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

ഒരു നല്ല അദ്ധ്യാപികയായി പ്രേഷിതപ്രവർത്തനം നിർവ്വഹിച്ച അമ്മ, കുട്ടികളുടെ നാനാമുഖമായ വളർച്ചയിൽ, ഏറെ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ബനീഞ്ഞാമ്മ കുഞ്ഞുങ്ങൾക്ക് സ്നേഹമയിയായ അമ്മയും, രക്ഷാകർത്താക്കൾക്ക് സ്നേഹം നിറഞ്ഞ ഒരു സുഹൃത്തുമായിരുന്നു. കുഞ്ഞുമനസ്സുകളിൽ ദൈവവിളിയുടെ വിത്തുകൾ പാകാൻ അമ്മ അതീവ ജാഗ്രത പ്രകടിപ്പിച്ചിരുന്നു. പ്രഗത്ഭരായ അനേകം വൈദികരും സിസ്റ്റേഴ്സും അടങ്ങിയ വലിയ ഒരു ശിഷ്യഗണം അമ്മയ്ക്കുണ്ട്.

ദൈവസ്നേഹം കൊണ്ട് ജ്വലിക്കുന്ന ഹൃദയവും പ്രാർത്ഥനാമന്ത്രങ്ങളാൽ ചലിക്കുന്ന അധരങ്ങളും പ്രസന്നതയാർന്ന മുഖഭാവവുമായി ഒരു നൂറ്റാണ്ട് കാലത്തിലേറെ കർമ്മലാരാമത്തിൽ വിടർന്ന്, വികസിച്ച് ആദ്ധ്യാത്മികപരിമളം പരത്തിയ ബഹു. ബനീഞ്ഞാമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

*സിസ്റ്റർ ഏഴ്സല സി.എം.സി.*

ചങ്ങനാശേരി തുരുത്തി നേര്യംപറമ്പിൽ കുടുംബാംഗമായ സിസ്റ്റർ ഏഴ്സല (സി. ഉർസുല-96) അഡ്വ. ജോബ് - മാമ്മി ദമ്പതികളുടെ നാലാമത്തെ സന്താനമായി 7-7-1914 ൽ ജനിച്ചു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം 20-5-1936 ൽ സന്യാസവ്രതാനുഷ്ഠാനത്തിലൂടെ കർമ്മലീത്താ സഭാംഗമായി. കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസിൽ അദ്ധ്യാപികയായി പ്രേഷിതപ്രവർത്തനരംഗത്തേക്ക് കടന്നുവന്ന സിസ്റ്റർ പിന്നീട് മുത്തോലി മഠത്തിന്റെ സുപ്പീരിയർ, സി.എം.സി. പാലാ പ്രോവിൻസിന്റെ മദർ ജനറൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ, കുറവിലങ്ങാട് ബാലികാഭവൻ ഡയറക്ടർ എന്നീ നിലകളിലെല്ലാം വളരെ സ്തുത്യർഹമായ രീതിയിൽ സേവനമനുഷ്ഠിച്ചു. സഭയുടെയും സമൂഹത്തിന്റെയും പുരോഗതിക്കായി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നതിനിടയിൽ പാവങ്ങളെ ഉദ്ധരിക്കാൻ സിസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ബാലികാഭവനിൽ തന്റെ സൂക്ഷത്തിന് ഏല്പിക്കപ്പെട്ട കുട്ടികളുടെ പഠനത്തോടൊപ്പം അവരുടെ വ്യതിരിക്തമായ കലാവാസനകളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി സമഗ്രവ്യക്തിത്വവളർച്ചയിലേക്ക് അവരെ നയിച്ചിരുന്നു. അനാഥരായ കുട്ടികൾ സനാഥരാകത്തക്കവിധം ഏതെങ്കിലും തൊഴിൽ മേഖലയിലേക്ക് അവരെ കടത്തിവിടാനും അതിനുംപുറമെ ജീവിതാന്തസ്സിലേക്കു പ്രവേശിപ്പിക്കാനും സിസ്റ്ററിനു സാധിച്ചിട്ടുണ്ട്. അവരിൽനിന്ന് നല്ല സമർപ്പിതരും ഉത്തമകുടുംബിനികളും അദ്ധ്യാപകരും അനദ്ധ്യാപകരും ഡെപ്യൂട്ടി കളക്ടർപോലും രൂപപ്പെട്ടു എന്നത് സിസ്റ്ററിന്റെ കാര്യക്ഷമതയുടെ വ്യക്തമായ തെളിവാണ്.

മരണത്തിന് ഏതാനും വർഷം മുമ്പു മുതൽ അമ്മയെ ബാധിച്ചിരുന്ന കുടൽസംബന്ധമായ രോഗം അമ്മയെ ക്ഷീണിതയാക്കുകയും 06-12-2009 രാവിലെ 10.15 ന് കർത്താവിൽ നിദ്ര പ്രാപിക്കുകയും ചെയ്തു. പിറ്റേദിവസം 1.30 ന് സമൂഹബലിക്കുശേഷം പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം കുറവിലങ്ങാട് ഫൊറോനാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

**ഡിസംബർ 1**

സന്ദർശകരെ സ്വീകരിച്ചു.

3.00 pm

തീക്കോയി, വാഗമൺ, വെള്ളികുളം, മാവടി, മംഗളഗിരി, ശാന്തിഗിരി, അടുക്കം, അയ്യംപാറ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**ഡിസംബർ 2**

7.30 am അമ്പാറനിരപ്പേൽ ഇടവക കണിയാംപടിക്കൽ ഗ്രേയ്സമ്മയുടെ മൃതദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

9.00 am ഉദയഗിരി, ഇലഞ്ഞി, മുളക്കുളം, ജോസ്ഗിരി, കാക്കൂർ, കൂത്താട്ടുകുളം, മുത്തോലപുരം, പെരിയപ്പുറം, പിറവം, ശാന്തിപുരം, തിരുമാറാടി, വടകര, സേവ്യർപുരംപള്ളികളിൽ ബഹു.വികരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**ഡിസംബർ 3**

9.00 am അടിവാരം, ചോലത്തടം, കാവലി, കൈപ്പള്ളി, കൂട്ടിക്കൽ, കുന്നോന്നി, മലയിഞ്ചിപ്പാറ, മണിയൻകുന്ന്, പറത്താനം, പയ്യാനിത്തോട്ടം, പെരിങ്ങുളം, പൂഞ്ഞാർ, തകിടി, വേലനിലം, ഏന്തയാർ, പള്ളികളിൽ ബഹു. വികരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

10.00 am കൂട്ടിക്കൽ ഇടവക പ്ലാപ്പള്ളിൽ എലിസബത്തിന്റെ മൃതദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**ഡിസംബർ 4**

11.00 am സന്ദർശകരെ സ്വീകരിച്ചു.

11.45 am കുറവിലങ്ങാട് ദേവമാതാ കോളേജിൽ നടന്ന അവാർഡ് ദാനചടങ്ങിൽ പങ്കെടുക്കുകയും സന്ദേശം നല്കുകയും ചെയ്തു.

കുറവിലങ്ങാട് ദേവമാതാ കോളേജിൽ പുതിയതായി ആരംഭിക്കുന്ന ഹോസ്റ്റലിന് തറക്കല്ലിട്ടു.

**ഡിസംബർ 5**

10.00 am മുണ്ടാങ്കൽ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ദീപിക ദിനപത്രത്തിന്റെ പ്രവിശ്യാ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു പ്രഭാഷണം നടത്തി.

12.00 noon മേലുകാവുമറ്റം ഇടവകയിൽ നിര്യാതനായ പാലാ കോർപറേറ്റ് അംഗം ബാബുസാറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

2.00 pm ചങ്ങനാശ്ശേരി രൂപത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നല്കി.

**ഡിസംബർ 5-6**

മീനച്ചിൽ ഇടവകയിൽ ഇടയനടുത്ത സന്ദർനം നടത്തി.

**ഡിസംബർ 7**

9.00 am പൈക, വിളക്കുമാടം, ഇടമറ്റം, മല്ലികശ്ശേരി, പൂവത്തോട്, കിഴപറയാർ, അമ്പാറനിരപ്പേൽ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

3.00 pm ഫാത്തിമാപുരം, തുരുത്തിപ്പള്ളി, മാന്നാർ, വാലാച്ചിറ, അൽഫോൻസാപുരം, മലപ്പുറം, മുട്ടുചിറ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**ഡിസംബർ 8**

6.30 am അമലോത്ഭവ മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ടൗൺ ചാപ്പലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

4.00 pm ചക്കാംമ്പുഴപള്ളിയിൽ ബഹു. വികരിയച്ചനെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

5.00 pm ഐങ്കൊമ്പ് ഇടവകയിൽ നിർമ്മിക്കുന്ന വൈദികമന്ദിരത്തിന് തറക്കല്ലിട്ട് സന്ദേശം നല്കി.

9.30 pm ടൗൺ ചാപ്പലിൽ അമലോത്ഭവ മാതാവിന്റെ തിരുനാൾ സമാപന പ്രദക്ഷിണത്തിൽ വി. കുർബാനയുടെ ആശീർവാദം നല്കുകയും വിവിധ മത്സരങ്ങളുടെ സമ്മാനവിതരണം നടത്തുകയും ചെയ്തു.

**ഡിസംബർ 9**

9.00 am അരുണാപുരം, പാളയം, മംഗളാരാം, ചേർപ്പുങ്കൽ, ചെമ്പിളാവ്, കൊഴുവനാൽ, പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

6.30 pm അഭിവന്ദ്യ ക്ലീമീസ് പിതാവിനെ സ്വീകരിക്കുകയും വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും ചെയ്തു.

**ഡിസംബർ 10-12**

കാക്കനാട് നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

**ഡിസംബർ 12**

5.00 pm നെല്ലാപ്പാറ പള്ളിയിൽ പുതുക്കി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി സന്ദേശം നല്കി.

**ഡിസംബർ 12- 13**

കുറിഞ്ഞി ഇടവകയിൽ ഇടയനടുത്ത സന്ദർനം നടത്തി.

**ഡിസംബർ 13**

4.30 pm രത്നഗിരി ഇടവകയുടെ അതിർത്തിയിൽ പുതുക്കിനിർമ്മിച്ച സെ. ആന്റണിയുടെ ദേവാലയം കൂദാശ ചെയ്തു.

**ഡിസംബർ 14**

9.30 am ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ പുതിയതായി ആരംഭിച്ച എ.റ്റി.എം. ഉദ്ഘാടനം ചെയ്തു

10.30 am

ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ ക്രിസ്തുമസ് പരിപാടിയിൽ പങ്കെടുത്തു സന്ദേശം നല്കി.

4.00 pm മുളക്കുളം ഇടവകയിൽ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ പുതിയ മഠം വെഞ്ചിരിക്കുകയും ചാപ്പൽ കൂദാശ ചെയ്ത് സന്ദേശം നല്കുകയും ചെയ്തു.

5.30 pm അറുന്നൂറ്റിമംഗലം, കീഴൂർ, കടുത്തുരുത്തി, രത്നഗിരി, പാദുവ, നരിയങ്ങാനം പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**ഡിസംബർ 15**

10.30 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ രൂപതാസന്യാസ വൈദീകരുടെ സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു.

1.45 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എ.ഡി.സി.പി. ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

5.30 pm ഭരണങ്ങാനത്തു നടക്കുന്ന കൺവെൻഷൻ ഗ്രൗണ്ട് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കി.

6.30 pm അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

**ഡിസംബർ 16**

6.30 am ക്രൈസ്റ്റ് ഹാൾ കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

12.00 noon

ചേർപ്പുങ്കൽ ഹോസ്പിറ്റൽ സൈറ്റിൽ സന്ദർശനം നടത്തി.

2.30 pm അരമനയിൽ നടന്ന ഇൻഫാമിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

**ഡിസംബർ 17**

6.30 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെട്ട ഡീക്കൻമാരുടെ ധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

2.30 pm കോതനല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയതായി നിർമ്മിച്ച മൾട്ടി മീഡിയ ഓഫീസ് കെട്ടിടം വെഞ്ചിരിച്ചു.

3.00 pm കോതനല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിന്റെ നവതി ആഘോഷങ്ങളിൽ പങ്കെടുത്ത് പ്രസംഗിച്ചു.

5.30 pm മരിയൻ ആശുപത്രിയിൽ രോഗികളായി കിടന്ന വൈദീകരെ സന്ദർശിച്ചു.

**ഡിസംബർ 18**

സന്ദർശകരെ സ്വീകരിച്ചു.

5.00 pm ചേർപ്പുങ്കൽ പള്ളിയിൽ പുതിയതായി നിർമ്മിച്ച കൊടിമരം വെഞ്ചിരിച്ച് സന്ദേശം നല്കി.

6.00 pm ചേർപ്പുങ്കലിൽ ആശുപത്രി റൂം നിർമ്മാണ ഫണ്ടിലേയ്ക്ക് പത്ത് കുടുംബങ്ങൾ ചെക്ക് കൈമാറി.

**ഡിസംബർ 19**

11.00 pm ഭരണങ്ങാനത്ത് നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

3.00 pm നവീകരിച്ചു നിർമ്മിച്ച പാലാ സെന്റ് വിൻസെന്റ് ആശ്രമ ചാപ്പൽ കൂദാശ ചെയ്തു.

6.00 pm ഭരണങ്ങാനത്ത് നടന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**ഡിസംബർ 20**

9.0 am ഭരണങ്ങാനത്ത് നടന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**ഡിസംബർ 21**

ഭരണങ്ങാനത്ത് നടന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

11.30 pm മാർ എഫ്രേം പ്രീസ്റ്റ് ഹോമിൽ സന്ദർശനം നടത്തി.

6.00 pm ഭരണങ്ങാനത്ത് നടന്ന ബൈബിൾ കവെൻഷനിൽ പങ്കെടുത്തു.

**ഡിസംബർ 22**

9.00 am ഭരണങ്ങാനത്ത് നടന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

സന്ദർശകരെ സ്വീകരിച്ചു.

6.00 pm ഭരണങ്ങാനത്ത് നടന്ന ബൈബിൾ കവെൻഷനിൽ പങ്കെടുത്തു.

**ഡിസംബർ 23**

10.00 am ഭരണങ്ങാനത്ത് നടന്ന ബൈബിൾ കവെൻഷനിൽ പങ്കെടുത്ത് വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**ഡിസംബർ 24**

5.00 pm ജയഗിരി പള്ളിയിൽ കൽക്കുരിശ് വെഞ്ചിരിച്ച് സന്ദേശം നല്കി.

6.30 pm അരമനയിൽ എത്തിച്ചേർന്ന ക്രിസ്മസ് കരോളിനെ സ്വീകരിച്ച് കേക്ക് വിതരണം ചെയ്തു.

**ഡിസംബർ 25**

12.00 am കത്തീഡ്രൽ ഇടവകയിൽ തിരുപിറവി കർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് ക്രിസ്തുമസ് സന്ദേശം നല്കി.

**ഡിസംബർ 26**

9.30 am പറത്താനം ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ ഫിലിപ്പ് ഇരുപ്പക്കാട്ടിന് വൈദീകപട്ടം നല്കി.

12.00 noon സ്ലീവാപുരം ഇടവകയിപ്പെട്ട ബഹു. പര്യാത്ത് ജോസഫ് അച്ചന്റെ ജൂബിലി മീറ്റിംഗിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

2.15 pm പയസ്മൗണ്ട് ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ പോൾ പാറപ്ലാക്കലിന് വൈദീകപട്ടം നല്കി.

5.00 pm ഭരണങ്ങാനം പള്ളി ഇടവക ഡീക്കൻ അലക്സ് പൈകടയുടെ വല്യമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ച് ചരമസന്ദേശം നൽകി.

**ഡിസംബർ 27**

3.00 pm പാലാ അൽഫോൻസാ കണ്ണാശുപത്രിയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നല്കി.

4.00 pm തിടനാട് ഇടവകയിൽപെട്ട ബഹു. ജോസഫ് തെള്ളി (സീനിയർ) അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഡിസംബർ 28**

9.30 am വേദഗിരി ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ സെബാസ്റ്റ്യൻ കുമ്പുളുമൂട്ടിലിന് വൈദീകപട്ടം നല്കി.

2.30 pm പൈക ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ മാർട്ടിൻ പന്തിരുവേലിക്ക് വൈദീകപട്ടം നല്കി.

7.00 pm കൗണ്ടി ക്ലബ് ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

**ഡിസംബർ 29**

9.15 am തുരുത്തിപ്പള്ളി ഇടവകയിൽപ്പെട്ട ഈശോസഭയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ തോമസ് കോഴാംതടത്തിന് വൈദീകപട്ടം നല്കി.

2.30 pm കുറവിലങ്ങാട് ഇടവകയിൽപ്പെട്ട എം.എസ്.എഫ്.എസ്. സഭയ്ക്കുവേണ്ടിയുള്ള ബഹു. ജോസഫ് ഒഴുകാനാക്കുഴിയിൽ ഡീക്കന് വൈദീകപട്ടം നല്കി.

**ഡിസംബർ 30**

9.30 am നെടിയകാട് ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ പോൾ പാറയ്ക്കലിന് വൈദീകപട്ടം നല്കി.

**ഡിസംബർ 31**

9.30 am മാനത്തൂർ ഇടവകയിൽപ്പെട്ട പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ ആന്റണി ഇരുവേലിക്കുന്നേലിനും ഡീക്കൻ മാർട്ടിൻ ഇരുവേലിക്കുന്നേലിനും വൈദീകപട്ടം നല്കി.

# PRAYER DAY (REF. VOL. XXXV NO.1)

## (2010 January. 13 - 2010 February. 11)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Puthenpura Mathew | Janu.13 |
| 2. | Puthettu Cyriac | 14 |
| 3. | Puthiamattam John | 15 |
| 4. | Puthiaparampil Jacob | 16 |
| 5. | Puthiaparampil George | 17 |
| 6. | Puthiath Joseph | 18 |
| 7. | Puthiyidath Mathew | 19 |
| 8. | Puthoor Sebastian | 20 |
| 9. | Puthukulangara Thomas | 21 |
| 10 | Puthumana Joseph | 22 |
| 11. | Puzhakkara Joseph | 23 |
| 12. | Puzhakkara Sebastian | 24 |
| 13. | Sauriamkuzhy Mathew | 25 |
| 14. | Sauriamkuzhy George | 26 |
| 15. | Srampickal Joseph | 27 |
| 16. | Thadathil Cyriac | 28 |
| 17. | Thadathil Joseph (Sr) | 29 |
| 18. | Thadathil Joseph (Jr) | 30 |
| 19. | Thadathil Kurian | 31 |
| 20. | Thadathil Mathew | Febr. 1 |
| 21. | Thakadiyel Abraham | 2 |
| 22. | Thalavayalil Abraham | 3 |
| 23. | Thalodil Augustine | 4 |
| 24. | Thalodil Joseph | 5 |
| 25. | Thanninilkumthadathil Thomas | 6 |
| 26. | Thannippara Thomas | 7 |
| 27. | Tharappel Joseph (Sr) | 8 |
| 28. | Tharappel Joseph (Jr) | 9 |
| 29. | Thayyil Sebastian | 10 |
| 30. | Thazhathel Jacob | 11 |

# Bishop's Engagements

## Mar Joseph Kallarangatt

**January 2010**

| | | |
|---|---|---|
| January 1 | 4.00 pm | Pala: Higher Secondary Youth Festival |
| | 5.00 pm | Aruvithura : Blessing |
| January 2 | 11.00 am | Peringulam : Marriage Blessing |
| | 12.00 noon | Teekoy: Jubilee Meeting |
| | 05.00 pm | Arunnutimangalam: |
| January 3 | 05:00 pm | Koodalloor : Presbytery Blessing |
| January 4 | 11:30 am | Ramapuram: Marriage Blessing |
| January 5 | | Visitors Day |
| January 6 | 10:00 am | Cathedral Holy Qurbana |
| | 05:00 pm | Mattakara: Parish Hall Blessing |
| January 7 | 09:30 am | Poonjar : Ordination Dn. Thomas Mangattuthazhe |
| | 02:30 pm | Teekoy : Ordination Dn. Johnson Puthettu |
| January 8 | | Priest's Day |
| | 03:00 pm | Pala: St. Thomas College |
| January 9 | 09.30am | Marangattupally: Ordination Dn. Varhgese Kannamtharappel |
| | 11.30 am | Ramapuram: Marriage Blessing |
| | 02.30 pm | Thidanadu : Ordination Dn. Joseph Punnackal |
| January 10 | 02.30 pm | Mutholapuram: Consecration |
| January | 11-16 | Synod |
| January 17 | 04:00 pm | Pakalomattom: Blessing |
| January 18 | | Out of Station |
| January 19 | 11:00 am | Pala St. Thomas College |
| | 03: 00 pm | Neeloor: School Jubilee Celebrations |
| | 06: 00 pm | Bishop's House: Monthly Recollection |

| | | |
|---|---|---|
| January 21 | 10:30 am | Cathedral: TTI Jubilee Celebrations |
| | 2:30 pm | Vellikulam: Consecration |
| | 4:00 pm | Manganam: Spirituality Centre |
| January 22 | | Visitor's Day |
| | 04:00 pm | Pala: Town Hall: R.V. Thomas Commemoration |
| January 23 | 9:30 am | Bharananganam: Ordination: Dn. Alex Paikada |
| | 11:15 am | Bharananganam: Book Releasing |
| January 23-24 | | Karoor: Pastoral Visit & Blessing of the renovated Church |
| January 24 | 4:30 pm | Koothattukulam:Blessing of the Town Chapel& Cemetery Chapel |
| January 25 | 11 :00 am | Mundamkal: Jubilee Celebrations |
| January 26 | 10:00 am | Kuravilangadu: Holy Qurbana |
| | 02: 15 pm | Pastoral Institute: Catechism; Distribution of prizes |
| January 27 | | Out of station |
| January 28 | | Inter Diocesan Meeting: Pala Bishop's House |
| January 29 | | Visitor's Day |
| | 02: 30 pm | Choondacherry: |
| January 30 | 11: 45 am | Kanjirathanam : Jubilee Celebrations |
| | 02:30 pm | Nelliani: Meeting |
| January 30-31 | | Pastoral Visit Anthialam |

**February 2010**

| | | |
|---|---|---|
| February 2-3 | | Monthly Recollection : Mavelikkara |
| February 4 | 3.00 pm | Kuravilangad : Blessing |
| | 5.00 pm | Moozhoor : Parish Day |
| February 5 | | Visitor's Day |